# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

മാർച്ച് 2017 വാല്യം 43 ലക്കം 12 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്ക് അറുതിവരുത്തുക

**മലയാളത്തിലെ ഒരു പ്രമുഖ നടിക്ക്, കൊച്ചിയിൽ, ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിനുള്ളിൽവച്ച് നേരിടേണ്ടിവന്ന ദുരനുഭവം, സ്ത്രീകളുടെ സാമൂഹ്യ അരക്ഷിതാവസ്ഥ എന്ന വിഷയത്തെ ചർച്ചകളുടെ കേന്ദ്രസ്ഥാനത്ത് വീണ്ടും പ്രതിഷ്ഠിച്ചിരിക്കുകയാണ്. സ്ത്രീകളുടെ സുരക്ഷിതത്വം മാത്രമല്ല, ഗുണ്ടാ മാഫിയ സംഘങ്ങളുടെ സ്വാധീന ശേഷിയും കൂടുതൽ തെളിമയോടെ വെളിയിൽ വന്നിരിക്കുന്നു. സംഭവം ഞെട്ടലും ആശങ്കയും ഉളവാക്കുന്നതാണ്. നഗരത്തിൽ മൂന്ന് മണിക്കൂറോളമാണ് സംഘം പെൺകുട്ടിയെ കാറിൽ കൊണ്ടുനടന്ന് ഉപദ്രവിച്ചത്. ഒരു 'സെലിബ്രിറ്റി' യുടെ ഗതി ഇതാണെങ്കിൽ സാധാരണസ്ത്രീകളുടെ കാര്യം പിന്നെ പറയാനുണ്ടോ എന്ന ചോദ്യം പ്രസക്തമാകുകയാണ്.**

- **കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കുക**
- **ഗൂണ്ടാ-മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുക**
- **കുറ്റവാളികളെ സംരക്ഷിക്കുന്ന രാഷ്ട്രീയ ഇടപെടൽ അവസാനിപ്പിക്കുക**
- **സാംസ്കാരിക മുന്നേറ്റം വളർത്തിയെടുക്കുക**

**ക്വ**ട്ടേഷൻ ആണെന്നും, അത് സിനിമക്കാരുടേത് തന്നെയാണെന്നും, അല്ല പണം പിടുങ്ങലാണ് ഉദ്ദേശമെന്നും ഗൂഢാലോചന ഉണ്ടെന്നും ഇല്ലെന്നുമൊക്കെ കേൾക്കുന്നു. സത്യസന്ധമായ അന്വേഷണത്തിലൂടെയേ സത്യം പുറത്തുവരൂ. അന്വേഷണം സത്യസന്ധമായി നടക്കും എന്ന് ഉറപ്പൊന്നുമില്ല. കാരണം അങ്ങനെയൊന്ന് നടന്നതിന് പൂർവ്വമാതൃകകളില്ല.

ഈ സംഭവത്തിന്റെ നടുക്കം വിട്ടുമാറുന്നതിന് മുമ്പ്, ശേഷം രണ്ടാഴ്ചകൊണ്ട് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത് കുഞ്ഞുങ്ങൾക്കുനേരെയുണ്ടായ പൈശാചികമായ ആക്രമണങ്ങളടക്കം നിരവധി സംഭവങ്ങളാണ്. അടിയന്തരമായി ചികിത്സ വേണ്ടുംവിധം രോഗാതുരമാണ് സമൂഹമനസ്സ് എന്നതാണ് ഓരോ സംഭവവും തെളിയിക്കുന്നത്. കുഞ്ഞുങ്ങളോട് ചെയ്തുകൂട്ടുന്ന ക്രൂരതകൾക്ക് എന്ത് വിശദീകരണമാണുള്ളത്? ഇത്തരം ദുരനുഭവങ്ങളിലൂടെ സമൂഹം, മനുഷ്യൻ, മനുഷ്യബന്ധങ്ങൾ തുടങ്ങിയവയെക്കുറിച്ചൊക്കെ കുഞ്ഞുങ്ങൾക്കു ലഭിക്കുന്ന തികച്ചും തെറ്റായ ധാരണകൾ അവരുടെ ഇളംമനസ്സിന്റെ താളം തെറ്റിക്കുകയും മാനസികമായ അരക്ഷിതാവസ്ഥയിലേയ്ക്ക് അവരെ തള്ളിവിടുകയും ചെയ്യും. ഭാവി സമൂഹത്തെ കാത്തിരിക്കുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങളാണ്.

ഓരോ സംഭവവും എല്ലാവർക്കും ആഘോഷമാണ്. ആരോപണ പ്രത്യാരോപണങ്ങളുമായി രാഷ്ട്രീയക്കാരെല്ലാം പതിവുപോലെ രംഗം കൈയടക്കിയിട്ടുണ്ട്. ഏവരും ചാനലുകൾ നിറഞ്ഞാടുകയാണ്. തൊട്ടുമുമ്പു നടന്ന സംഭവത്തിലും കെട്ടുകാഴ്ചകൾ ഇതു തന്നെയായിരുന്നു. ഇപ്പോൾ എന്താണ് സ്ഥിതി എന്നു ചോദിച്ചാൽ കൈമലർത്തുന്നതിന് യാതൊരു ഉളുപ്പുമില്ല.

ക്രമസമാധാന നില തകർന്നു എന്ന് ഒരു കൂട്ടർ. എന്തായാലും മുൻസർക്കാരിന്റെ കാലത്തെ അത്രയുമായിട്ടില്ല എന്ന് ഭരണപക്ഷം. (അതിനുവേണ്ടിയുള്ള ശ്രമത്തിലാണ് ഭരണക്കാർ). ഉപവാസവും പ്രാർത്ഥനയും രാത്രി പിടിച്ചടക്കലുമൊക്കെയായി സാന്നിദ്ധ്യമുറപ്പിക്കാനും മുന്നേറാനും മത്സരാർത്ഥികൾ വേറെ. എല്ലാവരും രാഷ്ട്രീയം കളിക്കുകയാണ്. അതിനുമപ്പുറം വിഷയത്തിന്റെ ഗൗരവം ഭരണാധികാരികളെയും രാഷ്ട്രീയക്കാരെയും തെല്ലും അസ്വസ്ഥതപ്പെടുത്തുന്നില്ല. ക്രിമിനൽ ബന്ധമില്ലാത്തവരും ഗുണ്ടാ മാഫിയാ സംഘങ്ങളുടെ സഹായം സ്വീകരിക്കാത്തവരുമായ പ്രസ്ഥാനങ്ങളോ നേതാക്കളോ അപൂർവ്വങ്ങളിൽ അപൂർവ്വമായ മാതൃകമാത്രമായിരിക്കുന്നു.

**എന്തുകൊണ്ട് കുറ്റകൃത്യങ്ങൾ പെരുകുന്നു?**

ഇടതുപക്ഷ സർക്കാർ അധികാരത്തിൽ കയറിയതിനുശേഷം 8 മാസത്തിനകം സംസ്ഥാനത്ത് 1.75 ലക്ഷം ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു(?)വെന്ന് രഹസ്യാന്വേഷണ ഏജൻസി ആഭ്യന്ത

*(ശേഷം 2-ാം പേജിൽ)*



അതിക്രമങ്ങൾക്കെതിരെ സ്ത്രീ സുരക്ഷാ സമിതിയും എഐഎംഎസ്എസും സംയുക്തമായി എറണാകുളത്ത് സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മ പ്രൊഫ.കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു

## വിവേചനമില്ലാതെ റേഷൻ നൽകുക, അരിവില കുറയ്ക്കുക

# സപ്ലൈ ഓഫീസുകളിലേയ്ക്ക് മാർച്ചും ധർണ്ണയും

**വി**വേചനം ഇല്ലാതെ ഏവർക്കും റേഷൻ നൽകുക, അരിവില കുറയ്ക്കുക, പാചകവാതകവില വർദ്ധനവ് പിൻവലിക്കുക, വിലക്കയറ്റം തടയുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാനത്ത് വിവിധ സപ്ലൈ ഓഫീസുകളിലേയ്ക്ക് എസ്‌യുസിഐ(സി)യുടെ ആഭിമുഖ്യത്തിൽ മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു.

അമ്പലപ്പുഴ-ആലപ്പുഴ ലോക്കൽ കമ്മിറ്റികളുടെ സംയുക്താഭിമുഖ്യത്തിൽ ആമ്പലപ്പുഴ താലൂക്ക് സിവിൽ സപ്ലൈസ് ഓഫീസിലേയ്ക്ക് മാർച്ച് നടത്തി. പാർട്ടി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 1 മുതൽ 7 വരെ പ്രതിഷേധവാരം ആചരിച്ചുകൊണ്ട് ജില്ലയിലെമ്പാടും താലൂക്ക് അടിസ്ഥാനത്തിൽ നടത്തിയ സമരപരിപാടികളുടെ ഭാഗമായിട്ടാണ് ആലപ്പുഴയിൽ സ്ഥിതിചെയ്യുന്ന അമ്പലപ്പുഴ താലൂക്ക് സപ്ലൈ ഓഫീസിലേയ്ക്ക് മാർച്ച് നടത്തിയത്. പാർട്ടി ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പാർത്ഥസാരഥിവർമ്മ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ലോക്കൽ സെക്രട്ടറി സഖാവ് എം.എ.ബിന്ദുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിഷേധ സമരത്തിൽ ആമ്പലപ്പുഴ ലോക്കൽ സെക്രട്ടറി സഖാവ് കെ.ആർ.ശശി, ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് വർഗ്ഗീസ് എം.ജേക്കബ്, ജില്ലാകമ്മിറ്റിയംഗമായ സഖാവ് ടി.മുരളി,

*(ശേഷം 14-ാം പേജിൽ)*



അമ്പലപ്പുഴ താലൂക്ക് സപ്ലൈ ഓഫീസ് മാർച്ച് സഖാവ് ആർ.പാർത്ഥസാരഥിവർമ്മ ഉദ്ഘാടനം ചെയ്യുന്നു

**പേജ് ഉള്ളടക്കം**


| പേജ് | ഉള്ളടക്കം |
| --- | --- |
| 2 | അതിക്രമങ്ങൾക്കെതിരെ പ്രതിഷേധ കൂട്ടായ്മ |
| 3 | ആർഎസ്എസ്-ബിജെപി ഫാസിസ്റ്റ് കരുനീക്കങ്ങൾ |
| 5 | വിളപ്പിൽശാല സമരവാർഷികം |
| 6 | സോവിയറ്റ് ഭരണഘടന-സ്റ്റാലിൻ |
| 7 | പ്രീപ്രൈമറി ടീച്ചേഴ്സ് സമ്മേളനം |
| 8 | നെഹ്റു കോളേജ് സമരം |
| 10 | ടോംസ്കോളേജ് വിദ്യാർത്ഥികളുടെ സെക്രട്ടേറിയറ്റ് മാർച്ച് |
| 11 | ട്രംപിന്റെ നയങ്ങൾക്കെതിരെ പ്രതിഷേധം |
| 15 | വിദ്യാഭ്യാസവായ്പ: ഐഎൻപിഎ പ്രക്ഷോഭം |
| 16 | നവംബർ വിപ്ലവശതാബ്ദി ആചരണം |

# സാംസ്കാരിക തകർച്ച കുറ്റകൃത്യങ്ങൾ പെരുകുവാൻ കാരണമാകുന്നു

(1-ാം പേജിൽ നിന്ന്)

രവകുപ്പിന് സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറയുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ 3200. പീഡനകേസുകൾ 1100. ഇതിൽ 630 കേസുകളിലും ഇരകൾ പ്രായപൂർത്തിയാകാത്ത കുട്ടികളാണ്. സ്ത്രീപീഡനത്തിൽ മാത്രം 330 കേസുകൾ വർദ്ധിച്ചിരിക്കുന്നുവെന്നും ആഭ്യന്തര വകുപ്പിന് സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറയുന്നുവത്രേ. കുറ്റകൃത്യങ്ങളുടെ തോത് പെരുകുന്നതിനനുസരിച്ച് കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നില്ല എന്നും കണക്കുകൾ വ്യക്തമാക്കുന്നു.

കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിക്കുന്നുവെന്നതും കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നില്ല എന്നതും ഗൗരവത്തോടെ കണക്കിലെടുക്കേണ്ട വിഷയമാണ്. ഇത് സമൂഹം നേരിടുന്ന ഗുരുതരമായ ധാർമ്മിക തകർച്ചയുടെ അനന്തരഫലമാണ്. കുട്ടികളുടെ നേരെ നടക്കുന്ന അതിക്രമങ്ങളുടെ തോത് ഭയപ്പെടുത്തുന്നതാണ്. 'പോക്സോ' നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെങ്കിലും ശിക്ഷിക്കപ്പെടുന്ന കേസുകളുടെ എണ്ണം കേവലം 30 ശതമാനത്തിൽ താഴെ മാത്രമാണ്.

കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നില്ല എന്നത് കുറ്റകൃത്യങ്ങൾ പെരുകുന്നതിനുള്ള പ്രധാന കാരണമാണ്. നിയമത്തെയോ നീതിന്യായവ്യവസ്ഥയെയോ ഭയക്കേണ്ടതില്ല എന്ന് കുറ്റവാളികൾക്ക് നന്നായി അറിയാം. കാശുകൊടുത്ത് വിലയ്ക്കെടുക്കാൻ പറ്റാത്ത നിയമങ്ങളുണ്ട് എന്ന് എവിടെയും തെളിയിക്കപ്പെട്ടിട്ടില്ല. ഓരോ സംഭവങ്ങളുണ്ടാകുമ്പോഴും ഞാൻ മുമ്പേ ഞാൻ മുമ്പേ എന്ന് നടിക്കുന്ന രാഷ്ട്രീയ നേതാക്കൻമാർ സൂര്യനെല്ലി മുതലുള്ള സ്ത്രീപീഡന- പെൺവാണിഭ പരമ്പരകളുടെ ഇപ്പോഴത്തെ സ്ഥിതി ഒന്ന് പരിശോധിക്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. സൂര്യനെല്ലി, വിതുര, കോഴിക്കോട് ഐസ്ക്രീം പാർലർ, കിളിരൂർ, കവിയൂർ, പൂവരണി, പറവൂർ, സൗമ്യയും ജിഷയും ഉൾപ്പെടെയുള്ള കേസുകളിൽ യഥാർത്ഥ പ്രതികൾ അറസ്റ്റിലായോ, അറസ്റ്റിലായവരിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടു, ഓരോ പാർട്ടികളും മുന്നണികളും ഓരോരോ കേസുകളിൽ എപ്രകാരമാണ് ഇടപെട്ടിട്ടുള്ളത് എന്നതിനെക്കുറിച്ചൊക്കെ സത്യസന്ധമായ ഒരു പ്രസ്താവന കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ വയ്ക്കാമോ? കേരളത്തെയാകെ പിടിച്ചുലച്ച ഏതാനും സംഭവങ്ങൾ എടുത്തുപറഞ്ഞു എന്നേയുള്ളു. പത്രങ്ങളുടെ പ്രാദേശിക പേജുകളിൽ മാത്രമായി ഒതുങ്ങുന്ന എണ്ണമില്ലാത്തവ വേറെ.

**കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതിന്റെ കാരണം രാഷ്ട്രീയ ഇടപെടൽ**

കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്നത് ഇൻക്വസ്റ്റ് തയ്യാറാക്കുന്നതുമുതൽ അന്വേഷണ ഉദ്യോഗസ്ഥർ ആരംഭിക്കുന്ന ആസൂത്രിത നിലപാടുകളുടെ ഫലമായിട്ടാണ്. ജിഷയുടെ സംഭവത്തിൽ ഇത് വളരെ വ്യക്തമാണ്. കൊലപാതകവാർത്തയറിഞ്ഞ് സംഭവസ്ഥലത്തെത്തിയ പോലീസിന് ഛിന്നഭിന്നമാക്കപ്പെട്ടവിധം ഒരു പെൺകുട്ടിയുടെ മൃതദേഹം കണ്ടിട്ട് അതിന്റെ ഗൗരവാവസ്ഥ മനസ്സിലാകാഞ്ഞിട്ടാണോ? പ്രാഥമിക പരിശോധന നടന്നത് മൊബൈൽ ടോർച്ചിന്റെ വെളിച്ചത്തിൽ, ഇൻക്വസ്റ്റ് തയ്യാറാക്കുന്നിടത്ത് ആർഡിഒയുടെ സാന്നിദ്ധ്യമില്ല. വീട് മുദ്രവച്ച് ബന്ദവസ്സാക്കിയില്ല. പോസ്റ്റുമോർട്ടത്തിനുശേഷം മൃതദേഹം തിടുക്കപ്പെട്ട് ദഹിപ്പിച്ചു. പോസ്റ്റ്മോർട്ടംതന്നെ നടപടിക്രമങ്ങൾ പാലിച്ചല്ല നടന്നിരിക്കുന്നത് എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. നടപടികളുടെ വീഡിയോ ചിത്രീകരണം നടന്നിട്ടില്ല. വാർത്ത അഞ്ചുദിവസം മൂടിവച്ച് പ്രതിക്ക്/പ്രതികൾക്ക് രക്ഷപ്പെടാൻ പഴുതൊരുക്കി. വാർത്ത മൂടിവയ്ക്കാൻ പോലീസിനെ പ്രേരിപ്പിച്ചത് എന്താണ്? പോലീസിന്റെ തീരുമാനത്തോടൊപ്പം മാദ്ധ്യമങ്ങൾ ഒന്നടങ്കം നിലകൊണ്ടത് എന്തുകൊണ്ട്? ആർക്കുവേണ്ടി, ആരുടെ നിർദ്ദേശപ്രകാരം?

ജിഷ സംഭവം നടക്കുമ്പോൾ യുഡിഎഫ് ആണ് അധികാരത്തിൽ. പോലീസ് തെളിവു നശിപ്പിച്ചു എന്ന് ഇടതുമുന്നണിക്കും ആക്ഷേപമുണ്ടായിരുന്നു. അനിശ്ചിതകാലസമരപ്രഖ്യാപനവുമുണ്ടായിരുന്നു. ഈ കോലാഹലത്തിനിടയിൽ ഭരണമാറ്റമുണ്ടായിട്ടും കേസിന്റെ കാര്യത്തിൽ വ്യത്യാസം വന്നിട്ടുണ്ടോ? പുനരന്വേഷണം പ്രഖ്യാപിച്ചോ? എന്തിന്, തെളിവു നശിപ്പിച്ചു എന്ന് ഇവർ തന്നെ ആക്ഷേപിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി വല്ലതും ഉണ്ടായോ? പോലീസിന്റെ 'കുളിക്കടവ് സ്റ്റോറി' ആരെ രക്ഷിക്കാനുള്ള കഥയാണ്. അമീർ എന്ന പ്രതിക്ക് അപ്പുറത്തേയ്ക്കും ഇപ്പുറത്തേയ്ക്കും അന്വേഷണം പോകില്ല എന്ന് മുന്നണിഭേദമന്യേ സമവായത്തിലെത്തിയിട്ടുണ്ട് എന്ന് ജനങ്ങൾ സംശയിക്കുന്നതിൽ തെറ്റുപറയുന്നത് എങ്ങനെ?

ഗോവിന്ദച്ചാമി തള്ളിയിട്ടിട്ടാണ് സൗമ്യ ട്രെയിനിൽനിന്ന് താഴെ വീണത് എന്നതിന് തെളിവില്ല എന്ന വളരെ വിചിത്രമായ ന്യായം പറഞ്ഞാണ് സുപ്രീംകോടതി, കേരള ഹൈക്കോടതി പ്രഖ്യാപിച്ച വധശിക്ഷ ജീവപര്യന്തമാക്കിയത്. സൗമ്യയുടെ ശരീരത്തിൽ കണ്ട മുറിവുകൾ തള്ളിയിട്ടാൽ ഉണ്ടാകുന്നതാണ് എന്ന് പോസ്റ്റ്മോർട്ടം നടത്തിയ ഫോറൻസിക് സർജന്റെ റിപ്പോർട്ട് അടക്കം കോടതി വേണ്ടും വിധം പരിശോധിച്ചിട്ടില്ല. വേണ്ടത്ര തെളിവുകൾ ഹാജരാക്കി, നടന്ന സംഭവത്തിന്റെ നിഷ്ഠുരതയും പ്രതിയുടെ ക്രിമിനൽ പശ്ചാത്തലവും കോടതിയെ ബോദ്ധ്യപ്പെടുത്തി പ്രതിക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുവാൻ ബാദ്ധ്യതപ്പെട്ടയാളാണ് പ്രോസിക്യൂട്ടർ എന്നിരിക്കെ സുപ്രീംകോടതിയുടെ പല ചോദ്യങ്ങൾക്കും ഉത്തരം നൽകാതിരുന്നത് പ്രതിക്ക് അനുകൂലമായ വിധിക്ക് കാരണമായിട്ടുണ്ട്.

നടിയുടെ സംഭവത്തിലും അന്വേഷണത്തിന്റെ ആരംഭഘട്ടത്തിൽത്തന്നെ ഗൂഢാലോചനയില്ല എന്ന് പോലീസ് മന്ത്രി പ്രഖ്യാപിക്കുന്നത് ആർക്കുള്ള സന്ദേശമാണ്? ജിഷ്ണു പ്രണോയിയുടെ ദാരുണ സംഭവത്തിലും ഇൻക്വസ്റ്റും പോസ്റ്റ്മോർട്ടം റിപ്പോർട്ടും തമ്മിൽ വ്യത്യാസമുണ്ട് എന്നത് ചൂണ്ടിക്കാണിക്കപ്പെട്ടിട്ട് മൃതദേഹം പ്രാഥമിക പരിശോധന നടത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു? ആത്മഹത്യ പ്രേരണക്കുറ്റംപോലും നിലനിൽക്കാൻ സാധ്യതയില്ല എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. എല്ലാ കേസുകളിലും സംഭവിക്കുന്നത് ഇപ്രകാരം തന്നെ.

സൂര്യനെല്ലി കേസിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടിരുന്നുവെങ്കിൽ, രാഷ്ട്രീയ ഇടപെടലുകൾ ഇല്ലായിരുന്നുവെങ്കിൽ തുടർന്നുണ്ടായ സംഭവങ്ങൾ ഒരു പക്ഷേ ഉണ്ടാകുമായിരുന്നില്ല. ഓരോ സംഭവങ്ങളിലെയും രാഷ്ട്രീയ ഇടപെടൽ പരസ്പരമുള്ള വിഴുപ്പലക്കലിലൂടെയാണ് പുറത്തുവരുന്നത്. കിളിരൂർ കേസിലെ വിഐപി സാന്നിദ്ധ്യം വി.എസ്.അച്ചുതാനന്ദൻ പറഞ്ഞാണ് കേരളം അറിഞ്ഞത്. സൂര്യനെല്ലി സംഭവം ഇടതുമുന്നണിയെ സംബന്ധിച്ച് താൽപര്യമുള്ള കേസാണെങ്കിലും കിളിരൂർ അത്ര പഥ്യമല്ല. തിരിച്ചും. പ്രായപൂർത്തിയെത്താത്ത പെൺകുഞ്ഞുങ്ങൾ നരാധമന്മാരുടെ കൈകളാൽ കശക്കിയെറിയപ്പെടുകയും കൊലചെയ്യപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ ആരുടെയും ഉള്ളു പൊള്ളിക്കുന്നില്ല. അധികാരാരോഹണത്തിനുള്ള ഉപാധിയെന്നതിനപ്പുറം ഈ കേസുകൾ മുന്നണികളെയും പാർട്ടികളെയും സംബന്ധിച്ച് അപ്രസക്തമാണ്.

സൂര്യനെല്ലി കേസിൽ ഇരയെ ജീവനോടെ വിട്ടയച്ചതിന്റെ ഭവിഷ്യത്തുകൾ മനസ്സിലാക്കിയ പ്രതികൾ തുടർന്നുണ്ടായ സംഭവങ്ങളിൽ ഇരകളെ കൊന്നുകളയാനും മടിച്ചില്ല. പക്ഷേ ഒരു കേസിലും യഥാർത്ഥ പ്രതികൾ നിയമത്തിന്റെ മുമ്പാകെ എത്തിയില്ല. ഇടനിലക്കാരും വഴിയേ പോയവരുമായി ഏതാനും ആളുകൾ ശിക്ഷിക്കപ്പെടുന്നില്ല എന്നല്ല. അതുകൊണ്ട് കാര്യമെന്ത്? ഈ അവസ്ഥയ്ക്ക് ഭരണാധികാരികളാണ് ഉത്തരവാദികൾ.

**സാംസ്കാരിക തകർച്ച കുറ്റകൃത്യങ്ങൾ പെരുകുവാൻ കാരണമാകുന്നു**

പണവും സ്വാധീനവും നോക്കി കുറ്റവാളികൾക്ക് രക്ഷപ്പെടാൻ അവസരം ഒരുക്കുകയും മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും വ്യാപനത്തിന് കളമൊരുക്കി കുറ്റവാളികളെ സൃഷ്ടിച്ചുകൂട്ടുകയും ചെയ്യുന്ന സർക്കാരുകളാണ് യഥാർത്ഥ പ്രതികൾ. ആറു പതിറ്റാണ്ട് ജനായത്ത ഭരണം നീണ്ടപ്പോൾ കേരളം കുറ്റവാളികളുടെ സ്വന്തം നാടായി മാറിയിരിക്കുന്നു എന്നതിന്റെയും ക്രഡിറ്റ് ഇക്കാലമത്രയും മാറി മാറി നാടുഭരിച്ച മുന്നണികൾക്കുള്ളതാണ്. മദ്യവും മയക്കുമരുന്നും അശ്ലീലതയും വ്യാപിപ്പിച്ച് ചെറുതലമുറയെപ്പോലും വഴിതെറ്റിക്കുന്ന നയങ്ങളാണ് നടപ്പിലാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

വൈകൃതങ്ങൾ കുത്തിയൊഴുക്കുകയാണ്. പ്രായഭേദമെന്യേ മസ്തിഷ്ക്കങ്ങളെ പേപിടിപ്പിക്കുന്ന ദൃശ്യങ്ങൾ ഇന്റർനെറ്റിലും മൊബൈലിലും സുലഭം. ഇത് വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന സൈറ്റുകൾ തന്നെ പതിനായിരക്കണക്കിന്. ഈ സൈറ്റുകൾ നിരോധിച്ചാൽ അത് ജനങ്ങളുടെ അവകാശങ്ങളിൻമേലുള്ള കടന്നുകയറ്റമായിരിക്കും എന്ന് അഭിപ്രായപ്പെടുന്ന കോടതി. ധാർമ്മികമായി ഒരു ജനസമൂഹം തകരാൻ ഇതിനുമപ്പുറം എന്താണ് വേണ്ടത്? കുട്ടികളുടെ പോലും കൈയെത്തും ദൂരത്ത് എല്ലാവിധ അശ്ലീല കാഴ്ചകളും ലഭ്യമാണ്.

ഇത്തരം കാഴ്ചകളിലൂടെ സ്ത്രീകളെക്കുറിച്ച്, സ്ത്രീപുരുഷ ബന്ധത്തെക്കുറിച്ച് ഏറ്റവും വികലമായ ധാരണയാണ് സമൂഹത്തിന് ലഭിക്കുന്നത്. ഇതാകട്ടെ ഒരു വ്യാധിപോലെ സമൂഹമനസ്സിനെ കാർന്നു തിന്നുകയാണ്. ആൺകുട്ടികൾക്കും രക്ഷയില്ലാത്ത കാലമായി മാറിയിരിക്കുന്നു. വീടുകൾക്കുള്ളിൽ വൃദ്ധമാതാക്കൾപോലും ഈ അതിക്രമങ്ങൾക്ക് ഇരയാക്കപ്പെടുംവിധം സാഹചര്യം ഗൗരവമുള്ളതായിരിക്കുന്നു.

ജീവിതത്തെക്കുറിച്ച് സമൂഹം പകർന്നു നൽകുന്ന ഉൾക്കാഴ്ചയിൽ വന്നിരിക്കുന്ന ശോഷണമാണ് ഈ സാമൂഹ്യ തകർച്ചയുടെ മറ്റൊരു കാരണം. എവ്വിധവും പണം സമ്പാദിക്കുക എന്നതാണ് നടപ്പുകാലത്തിന്റെ സന്ദേശം. എവ്വിധവും പണം സ്വരുക്കൂട്ടുന്നവനാണ് ജീവിതവിജയം കൈവരിച്ചിരിക്കുന്ന മാതൃകാ വ്യക്തി. അതിന് എന്ത് അവിഹിത വഴിയും സ്വീകരിക്കാം.

വിദ്യാഭ്യാസരംഗം നേരിടുന്ന തകർച്ചയും സാസ്കാരിക രംഗത്ത് പ്രതിഫലിക്കുന്നു. ഉത്തമ മനുഷ്യനെ വാർത്തെടുക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമല്ലാതായി മാറി. വിദ്യാഭ്യാസം കച്ചവടമായപ്പോൾ, നിയമങ്ങൾ വിപണിയുടേതായി. ഉള്ളടക്കം അതിനനുസരിച്ച് പുനഃക്രമീകരിക്കപ്പെട്ടു. കുഞ്ഞുങ്ങൾ മനുഷ്യൻ എന്ന സത്തയുടെ അർത്ഥം അറിയാത്തവരായി.

ഈ സാഹചര്യത്തിൽ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുരക്ഷിതത്വം ഉറപ്പാക്കാനും സാംസ്കാരിക തകർച്ചയിൽനിന്നും സമൂഹത്തെ രക്ഷിക്കാനും സാമൂഹ്യ ഇടപെടൽ ഉണ്ടായേ മതിയാകൂ. കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കുക, ഗുണ്ടാ മാഫിയ സംഘങ്ങളെ അമർച്ച ചെയ്യുക, കുറ്റകൃത്യങ്ങളിലെ ഭരണ രാഷ്ട്രീയ അവിഹിത ഇടപെടലുകൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ മുൻനിർത്തിക്കൊണ്ട് ജനങ്ങൾ പ്രക്ഷോഭ രംഗത്ത് അണിനിരക്കണം. തീർച്ചയായും ആദിശയിൽ ഇന്ന് നടക്കുന്ന നീക്കങ്ങൾ ശുഭോദർക്കമാണ്. ഞാൻ എന്തിന് തലകുനിക്കണം എന്ന് ചോദിച്ചുകൊണ്ട് വളരെപ്പെട്ടെന്ന് ജീവിതത്തിലേയ്ക്ക് തിരിച്ചുവന്ന സിനിമ നടിയെയും സ്വന്തം മകന്റെ ഘാതകരെ അറസ്റ്റുചെയ്യുന്നതുവരെ സമരം പ്രഖ്യാപിച്ചിരിക്കുന്ന ജിഷ്ണുവിന്റെ അമ്മയും സദാചാരഗുണ്ടകളുടെ ആക്രമണത്തിനെതിരെ രംഗത്തുവന്ന മാധ്യമ പ്രവർത്തകയുമൊക്കെ പൊതു സമൂഹത്തിന്റെ പിന്തുണ അർഹിക്കുന്നു. ഈ പ്രവർത്തനങ്ങളും പ്രക്ഷോഭങ്ങളും പരസ്പരം കണ്ണിചേർക്കപ്പെടണം. എല്ലാത്തരം ജീർണ്ണതകളുടെയും വിളനിലമായ നിലനിൽക്കുന്ന മുതലാളിത്ത സമ്പദ്ക്രമത്തിനെതിരായ ഒരു പോരാട്ടമായി അത് വളർന്നുവരണം. എങ്കിൽമാത്രമേ സ്ത്രീകളുടെ സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കാനാകൂ. അന്തസ്സോടെയുള്ള ഒരു ജീവിതം ഏതൊരാൾക്കും സാധ്യമാകൂ.

# അതിക്രമങ്ങൾക്കെതിരെ പ്രതിഷേധകൂട്ടായ്മ

സ്ത്രീകൾക്കും കുട്ടികൾക്കുംനേരെയുള്ള അതിക്രമങ്ങൾക്കെതിരെ സ്ത്രീസുരക്ഷാ സമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധകൂട്ടായ്മ സംഘടിപ്പിച്ചു. എറണാകുളം മേനകയിൽ നടന്ന പ്രതിഷേധ കൂട്ടായ്മയിൽ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ പങ്കെടുത്തു.

ഒന്നിനുപിറകെ ഒന്നെന്ന നിലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ രാഷ്ട്രീയസംവിധാനത്തിന്റെ പാളിച്ചയാണ് വ്യക്തമാക്കുന്നതെന്ന് ജനകീയപ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ധാർമ്മികതയുടെയും നൈതികതയുടെയും പാഠങ്ങൾ പുതിയ തലമുറയ്ക്ക് പകർന്നുനൽകാൻ വിദ്യാഭ്യാസ സംവിധാനത്തിനോ, കുടുംബ-സാമൂഹ്യ സംവിധാനത്തിനോ കഴിയുന്നില്ലെന്ന ഗൗരവാവഹമായ പ്രശ്നത്തെയാണ് നാം അഭിമുഖീകരിക്കുന്നതെന്ന് കൂട്ടായ്മയിൽ സംസാരിച്ച പ്രശസ്ത ഗായകൻ ഗണേഷ് സുന്ദരം അഭിപ്രായപ്പെട്ടു.

കൂട്ടായ പ്രതിരോധമാണ് ഒരേയൊരു പോംവഴിയെന്ന് അദ്ധ്യക്ഷത വഹിച്ച സ്ത്രീ സുരക്ഷാ സമിതിയുടെ പ്രസിഡന്റ് ഡോ. വിൻസന്റ് മാളിയേക്കൽ വ്യക്തമാക്കി. സർക്കാരുകൾ സ്ത്രീ സുരക്ഷയ്ക്കെന്നു പറഞ്ഞു മാറ്റിവയ്ക്കുന്ന വൻതുകകൾ ധൂർത്തടിക്കപ്പെടുന്നുവെന്നതല്ലാതെ പ്രശ്നത്തിനുപരിഹാരമുണ്ടാകുന്നില്ല. സമൂഹത്തിലെ പ്രബലരും പ്രമുഖരുമാണ് പലപ്പോഴും പ്രതിസ്ഥാനത്ത് നിൽക്കുന്നതെന്നും പ്രമാദമായ കേസ്സുകളിൽപോലും പ്രതികൾ ശിക്ഷിക്കപ്പെടുന്നില്ലയെന്നതും അതിക്രമങ്ങൾ വർദ്ധിക്കുന്നതിന് കാരണമാണെന്ന് മുഖ്യപ്രഭാഷണം നടത്തിയ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ അഭിപ്രായപ്പെട്ടു.

സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന സെക്രട്ടറി മിനി കെ.ഫിലിപ്പ്, പ്രശസ്ത നാടക സംവിധായകൻ അബ്ബാസ് പ്രതീക്ഷ, മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ് കെ.കെ.ഗോപിനായർ, ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി ടി.കെ.സുധീർകുമാർ, ഇന്ത്യൻ നേഴ്സസ് പേരന്റ്സ് അസോസിയേഷൻ കോ-ഓർഡിനേറ്റർ എൻ.ആർ.മോഹൻകുമാർ, സ്ത്രീ സുരക്ഷാ സമിതി ലീഗൽ സെൽ കൺവീനർ അഡ്വ.എം.എ.ബിന്ദു, എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടേറിയറ്റംഗം കെ.ജെ.ഷീല, ജില്ലാ സെക്രട്ടറി കെ.കെ.ശോഭ, എം.കെ.ഉഷ, എഐഡിവൈഒ സംസ്ഥാന സെക്രട്ടേറിയറ്റംഗം ടി.ആർ.രാജിമോൾ തുടങ്ങിയവരും പ്രസംഗിച്ചു.

# ആർഎസ്എസ്–ബിജെപി സംഘത്തിന്റെ വാക്കിലും പ്രവൃത്തിയിലും ഫാസിസത്തിന്റെ കാലൊച്ച മുഴങ്ങുന്നു

**കോടിക്കണക്കായ സാധാരണക്കാർക്കുമേൽ, ദുരിതത്തിന്റെ നിഴൽ വീഴുമ്പോൾ ഒരുപിടി അതിസമ്പന്നർ മദിച്ചുവാഴുകയാണ്. മുതലാളിത്ത ജനാധിപത്യത്തിന്റെ ഏറ്റവും പരിപാവനമായ നിയമം തന്നെ, ജനങ്ങളാൽ, ജനങ്ങൾക്കുവേണ്ടിയുള്ള, ജനങ്ങളുടെ – എന്ന വചനമാണ്. രാജ്യത്തിന്റെ വിശാലമായ കമ്പോളം ലാക്കാക്കി സാമ്രാജ്യത്വലോകം ഇന്ത്യയെ വിശേഷിപ്പിക്കുന്നതുതന്നെ ലോകത്തെ ഏറ്റവും വലിയ ജനാധിപത്യം എന്നാണ്. ഇന്ത്യയിലെ കണ്ണുകൾ തുറന്നിരിക്കുന്ന പൗരന്മാർക്ക്, കുറഞ്ഞപക്ഷം ഇപ്പോഴും മനുഷ്യന്റെ ഹൃദയവും തലച്ചോറും ഉൾക്കൊള്ളുന്നവർക്ക്, ചുറ്റും കണ്ണോടിച്ചാൽ കാണാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്. അന്തമില്ലാത്ത വിവേചനം എങ്ങനെയാണ് സമത്വത്തെ ഇല്ലായ്മ ചെയ്യുന്നത്; മനുഷ്യത്വരഹിതമായ സാഹചര്യങ്ങളുടെ പടുകുഴിയിലേയ്ക്ക് നിലനിൽപ്പിനായി സാധാരണക്കാരനെ ദാരിദ്ര്യം എടുത്തെറിയുന്നതിന്റെ വ്യാപ്തി; എന്തുമാത്രം ഭീകരമായ അളവിൽ അസഹിഷ്ണുതയും യുക്തിരാഹിത്യവും വളർന്ന് ജനങ്ങളുടെ ജീവിതത്തെ അനൈക്യത്താൽ തകർത്ത് ശിഥിലമാക്കാം, ഇതെല്ലാം അവർക്കു കാണാൻ സാധിക്കും.**

### ദേശവിരുദ്ധ വർഗ്ഗീയ ചായ്‌വോടെയാണ് ആർഎസ്എസ് ഉയർന്നുവന്നത്

ഒരൊറ്റ അസ്തമയം കൊണ്ട് ഇങ്ങനെ ദുഃഖകരമായ സാഹചര്യം ഉണ്ടാകില്ല എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. ഇതിന് വർഷങ്ങൾതന്നെ വേണം. ഇക്കാലയളവിനിടയിൽ, ജീവിതത്തിന്റെ എല്ലാ തുറകളിലും കൂടുതൽ കൂടുതൽ ദുരിതങ്ങളിലേയ്ക്ക് ജനങ്ങൾ വലിച്ചിഴയ്ക്കപ്പെട്ടു. ഇതിനെല്ലാം ഉപരിയായി രാജ്യമൊട്ടാകെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ദേശീയ സ്വാതന്ത്ര്യത്തിനായി പൊരുതുമ്പോഴാണ് തങ്ങളുടെ തീവ്രവർഗ്ഗീയതയുടെ പ്രവർത്തനങ്ങളുമായി ആർഎസ്എസ് എന്ന മാരകമായ ഈ സംഘടന നിലവിൽ വന്നത്. "ഈ രാജ്യത്തിന്റെ പൗരന്മാരാകാൻ ഹിന്ദുക്കൾക്കു മാത്രമേ അവകാശമുള്ളൂ","ഇന്ത്യയ്ക്കുള്ളിൽ താമസിക്കുന്ന, പരസ്പരം എതിരാളികളായ രണ്ടു ദേശീയതകളാണ് ഹിന്ദുക്കളും മുസ്ലീങ്ങളും".– ആർഎസ്എസ്, വീരനായി വാഴ്ത്തുന്ന സവർക്കറുടെ ഇത്തരം വിഭാഗീയ ചിന്തകൾ അടിസ്ഥാനമാക്കിക്കൊണ്ട് ആർഎസ്എസ് ആചാര്യൻ എം.എസ്.ഗോൾവാൾക്കർ കൃത്യമായി അവരുടെ നിലപാട് നിർവ്വചിച്ചിട്ടുണ്ട്. ഗോൾവാൾക്കർ പറഞ്ഞിട്ടുണ്ട്, "ബ്രിട്ടീഷ് വിരുദ്ധത.....അത് ദേശസ്നേഹവും ദേശീയതയുമായി തുലനം ചെയ്യുന്നത് പിന്തിരിപ്പനാണ്". "ഹിന്ദുസ്ഥാനിലെ വിദേശവംശങ്ങൾ... ഹിന്ദുരാഷ്ട്രത്തിന്റെ മഹത്വവൽക്കരണമല്ലാതെ മറ്റ് യാതൊരാശയവും വച്ചുപുലർത്താൻ പാടില്ല. അവരുടെ വ്യത്യസ്തമായ നിലനിൽപ്പ് ഉപേക്ഷിക്കണം... അവർക്ക് ഈ രാജ്യത്ത് തുടരാം. പക്ഷേ അത് ഈ ഹിന്ദുരാഷ്ട്രത്തോട് പൂർണ്ണമായും അടിപ്പെട്ടുകൊണ്ട്, പൗരാവകാശങ്ങൾ പോലും അവകാശപ്പെടാതെയയാകണം". "വംശത്തിന്റെയും സംസ്കാരത്തിന്റെയും വിശുദ്ധി കാത്തുസൂക്ഷിക്കാൻ ലോകത്തെ ഞെട്ടിച്ചുകൊണ്ട് ജർമ്മനി ഉന്മൂലനം നടപ്പാക്കി... ഏറ്റവും ഉയർന്ന വംശാഭിമാനം. ഹിന്ദുസ്ഥാനിൽ പഠിക്കുകയും നേട്ടമുണ്ടാക്കുകയും ചെയ്യേണ്ടപാഠം". ഇതു പറയുന്ന ഗോൾവാൾക്കർ നാസിതലവൻ ഹിറ്റ്ലറിൽനിന്നും ഏറെ അകലെയല്ല എന്നു നമുക്കുകാണാം.

ഇത്തരം ദേശവിരുദ്ധ, ഫാസിസ്റ്റ്, വർഗ്ഗീയ ചിന്താപദ്ധതിയിൽ അടിയുറച്ച ആർഎസ്എസും ഹിന്ദുമഹാസഭയും അവരുടെ കൂട്ടാളികളും ദേശീയ സ്വാതന്ത്ര്യസമരത്തിലോ, വിശേഷിച്ചും, 1942–ൽ രാജ്യത്തെ പ്രകമ്പനം കൊള്ളിച്ച് ബ്രിട്ടീഷ് ഭരണത്തെ ഉലച്ച ക്വിറ്റ് ഇന്ത്യാ സമരത്തിലോ പങ്കെടുക്കുകയുണ്ടായില്ല. പകരം അവിടെയും ഇവിടെയും വർഗ്ഗീയകലാപങ്ങൾ സൃഷ്ടിച്ച ആർഎസ്എസിനെ സ്വാതന്ത്ര്യാനന്തരം നിരോധിക്കുകയുണ്ടായി. നെഹ്റുവിന്റെ കീഴിലുള്ള അന്നത്തെ കോൺഗ്രസ്സ് സർക്കാർ നിരോധനം നീക്കി അധികം കഴിയുന്നതിനുമുമ്പുതന്നെ, ഗോവധം, ഉർദ്ദുഭാഷ തുടങ്ങിയവയ്ക്കെതിരെ അവർ പ്രചാരണത്തിനിറങ്ങുകയും, താമസംവിനാ മുസ്ലീംവിരുദ്ധ കലാപങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഇടർച്ചയില്ലാതെ തങ്ങളുടെ ദോഷകരമായ പ്രവർത്തനങ്ങൾക്കും വീക്ഷണങ്ങൾക്കും രൂപം കൊടുത്തുകൊണ്ടിരുന്ന വർഗ്ഗീയ ശക്തിയായ ആർഎസ്എസ് നിശ്ശബ്ദമായി ചിറകുകൾ ഒതുക്കി കാത്തിരിക്കുകയായിരുന്നു. തങ്ങളുടെ രാഷ്ട്രീയ ഉപകരണങ്ങൾ– നേരത്തേ ജനസംഘം, ഇപ്പോൾ ബിജെപി–ഉപയോഗിച്ചുകൊണ്ട് ദേശീയ രാഷ്ട്രീയത്തിൽ ഉയർന്നുവരാനുള്ള എല്ലാ മാർഗ്ഗവും അവർ ഉപയോഗിച്ചു. അവസാനം, അന്നത്തെ കോൺഗ്രസ്സ് സർക്കാരിന്റെ മൃദുഹിന്ദുത്വ നടപടികളും, സിപിഐ–സിപിഐ(എം) അടക്കമുള്ള വോട്ട് –അധിഷ്ഠിത അനുരഞ്ജന രാഷ്ട്രീയം കളിക്കുന്ന സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളും മൂലം ബിജെപി അധികാരത്തിലെത്തി. 1998 മുതൽ 2004 വരെ അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിൽ കൂട്ടുകക്ഷി ഭരണത്തിലൂടെയും പിന്നീട് 2014–ൽ ഒറ്റയ്ക്ക് ഭൂരിപക്ഷം നേടിക്കൊണ്ടും ബിജെപി അധികാരത്തിലെത്തി.

### ആർഎസ്എസിനും ബിജെപിക്കുമായി രാജ്യം തുറന്നുകൊടുത്തിരിക്കുന്നു

ബിജെപി അധികാരത്തിലെത്തിയതോടുകൂടി, പരമ്പരാഗതമായി എന്തൊക്കെ പ്രതിബന്ധങ്ങളുണ്ടെങ്കിലും ഒരു മതേതര ജനാധിപത്യരാജ്യമായി അറിയപ്പെട്ടിരുന്ന ഈ വിശാല ഭൂവിഭാഗം ആർഎസ്എസിനായി തുറന്നിട്ടിരിക്കുന്നു. അവരുടെ അജൻഡകൾ ഇനി ഒളിച്ചുവെയ്ക്കേണ്ട ആവശ്യമില്ലാതായിരിക്കുന്നു. അവർക്കിപ്പോൾ കേന്ദ്രത്തിലും, പല സംസ്ഥാനങ്ങളിലും അധികാരമുള്ളതുകൊണ്ടുതന്നെ, തങ്ങളുടെ അജൻഡകൾ സംരക്ഷിക്കുവാനും വളർത്തുവാനും മൊത്തം ഭരണകൂട സംവിധാനംതന്നെ സ്വന്തമായിരിക്കുന്നു. തങ്ങളുടെ അജൻഡകൾക്കുമേൽ തീവ്രമായി പ്രവർത്തിക്കുവാൻ അവർ ആരംഭിച്ചിരിക്കുന്നു. തങ്ങളുടെ ലക്ഷ്യങ്ങളെ –അത് പലപ്പോഴും ന്യൂനപക്ഷ സമുദായങ്ങളാകും– ഒറ്റപ്പെടുത്തി, അന്യവൽക്കരിച്ച്, ഭീഷണിപ്പെടുത്തുകയും വെല്ലുവിളിക്കുകയും ചെയ്യുക, വേണ്ടിവന്നാൽ കൊലപാതകങ്ങൾ തന്നെ നടത്തുക എന്നതാണ് അവരുടെ മാർഗ്ഗം. എന്നാൽ കുറച്ചുസമയത്തിനുശേഷം സ്ഥിരമായ അക്രമം ഒരു പക്ഷേ വേണ്ടിവന്നേക്കില്ല. അക്രമത്തിനുള്ള സാധ്യതതന്നെ ഒരു പ്രദേശത്ത് ലക്ഷ്യം വയ്ക്കുന്ന സമുദായത്തിന്റെ പാർശ്വവൽക്കരണത്തിനും അന്യവൽക്കരണത്തിനും ആക്കംകൂട്ടി അവസാനം അവരുടെ സമ്പൂർണ്ണ വിധേയത്വത്തിനോ കൂട്ട പാലായനത്തിനോ തന്നെ വഴിവെച്ചേക്കാം.

ബിജെപി നേതൃത്വത്തിലുള്ള വാജ്പേയ് സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ ഇരുന്ന സമയത്താണ് ഈ അജൻഡയ്ക്ക് ഗുജറാത്തിൽ രൂപംകൊടുത്ത് നടപ്പാക്കുന്നത്. ഇന്നത്തെ പ്രധാനമന്ത്രി നരേന്ദ്രമോദിയായിരുന്നു അന്ന് ഗുജറാത്ത് മുഖ്യമന്ത്രി. അവിടെ, 2002–ൽ ബീഭൽസമായ, മുസ്ലീം വിരുദ്ധ ഗുജറാത്ത് വംശഹത്യ, അതിശ്രദ്ധയോടെ ആസൂത്രണം ചെയ്ത്, ഗുജറാത്തിലും കേന്ദ്രത്തിലുമുള്ള അന്നത്തെ സർക്കാരുകളുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള പിന്തുണയോടെയാണ് നടപ്പാക്കിയത്. അന്നത്തെ ഗുജറാത്ത് സർക്കാരിന്റെ ഭാഗമായിരുന്ന, ഈ കൂട്ടക്കുരുതിയെ പിന്തുണക്കാതിരുന്ന, ചില ഉന്നതോദ്യോഗസ്ഥരും ചില മന്ത്രിമാരും ഇത് പിന്നീട് വെളിപ്പെടുത്തുകയുണ്ടായി. ലക്ഷ്യംവച്ച ന്യൂനപക്ഷ സമുദായത്തിന്റെ വേരറുത്ത്, ക്രൂരമായി കൊലപ്പെടുത്തി, പൂർണ്ണമായും ഭയപ്പെടുത്തി അനങ്ങാൻ പറ്റാത്ത അവസ്ഥയിലെത്തിച്ച ശേഷമാണ് അന്നത്തെ കേന്ദ്രസർക്കാരും അതിന്റെ തലവൻ വാജ്പേയിയും സംസ്ഥാന സർക്കാരിനെ പേരിന് ഒന്നു വിമർശിച്ചത്. അന്ന് വാജ്പേയ് അവരെ 'രാജധർമ്മത്തെ'ക്കുറിച്ച്, അതായത് സർക്കാർ നിയമത്തെക്കുറിച്ച് ഓർമ്മിപ്പിച്ചത് കേവലം കൈയടികിട്ടാൻ വേണ്ടി മാത്രമായിരുന്നു.

ഇന്ന്, ഇന്ത്യൻ മുതലാളിത്തത്തിന്റെ പ്രതിസന്ധി ഘട്ടത്തിൽ സാമ്രാജ്യത്വമോഹംകൂടി വഹിക്കുന്ന ഭരിക്കുന്ന കുത്തകകൾക്ക് അവരുടെ വിശ്വസ്തരായിരുന്ന കോൺഗ്രസ്സ് പാർട്ടിയിൽ– ദുർഭരണവും, അഴിമതിയും മൂലം ജനങ്ങളെ കബളിപ്പിക്കാനുള്ള അവരുടെ കഴിവിൽ– വിശ്വാസം നഷ്ടപ്പെടുകയും മറ്റൊരു വിശ്വസ്ത രാഷ്ട്രീയമുഖമായ ബിജെപിയിലേയ്ക്ക് വിശ്വാസം അർപ്പിക്കുകയും ചെയ്തു. ഇന്ത്യൻ കുത്തകകളിലേയും കോർപ്പറേറ്റുകളിലെയും ഗണ്യമായ ഒരു വിഭാഗം തങ്ങളുടെ വർഗ്ഗതാൽപ്പര്യങ്ങളെ സേവിക്കുവാനും അതിനെ പറഞ്ഞു ഫലിപ്പിക്കുവാനുമുള്ള മോദിയുടെ കഴിവിനെ ശ്രദ്ധിക്കുകയുണ്ടായി. അതുപോലെതന്നെ കപടവാഗ്ദാനങ്ങളിലൂടെയും മധുരവാക്കുകളിലൂടെയും ജനത്തെ തെറ്റിദ്ധരിപ്പിക്കുവാനും, ആർഎസ്എസിന്റെ വിഷമയമായ തന്ത്രങ്ങളിലൂടെ വർഗ്ഗീയമായി ജനങ്ങളെ ധ്രുവീകരിച്ച് നിലനിർത്തുന്നതിനുമുള്ള മോദിയുടെ കഴിവിനേയും അവർ കണക്കിലെടുത്തു. തങ്ങളുടെ കൈവശമുള്ള മാധ്യമങ്ങളെയും പരസ്യസംവിധാനങ്ങളേയും ശ്രദ്ധയോടും കൗശലത്തോടും ഉപയോഗിച്ചുകൊണ്ട്, 'ഒരു ശക്തനായ ഭരണാധികാരി', 'വികസനത്തിന്റെ പ്രതിപുരുഷനായി മാറാൻ കഴിവുള്ളയാൾ', ദീർഘവീക്ഷണമുള്ള രാഷ്ട്രശിൽപ്പി തുടങ്ങിയ കൃത്രിമമായ പ്രതിച്ഛായ അവർ മോദിക്കായി സൃഷ്ടിച്ചു. ഇതിന്റെ യഥാർത്ഥലക്ഷ്യമാകട്ടെ യാതൊരു തടസ്സവുമില്ലാതെ തങ്ങളുടെ ഹീനമായ വർഗ്ഗതാൽപ്പര്യങ്ങൾ നടപ്പാക്കുന്നതിന് സംരക്ഷണവും 'അച്ഛേദിൻ' എന്ന കാപട്യപ്രചാരണത്തിലൂടെ ദരിദ്രരേ വഞ്ചിക്കുക, വർഗ്ഗീയ വികാരം ആളിക്കത്തിച്ച് അവരുടെ ഐക്യത്തിനു തുരങ്കം വെയ്ക്കുക ഇതൊക്കെയായിരുന്നു ലക്ഷ്യങ്ങൾ എന്ന് എടുത്തുപറയേണ്ടതില്ല. ഇതോടൊപ്പം, ഉയർന്നുവരുന്ന മധ്യവർഗ്ഗത്തെ ആകർഷിച്ച് ഹിന്ദുത്വ അധിഷ്ഠിത സാമൂഹികാശയങ്ങൾ സ്വീകരിക്കുന്നതിലേയ്ക്ക് പതുക്കെ അവരെ പരുവപ്പെടുത്താനുമുള്ള പദ്ധതിയും വിഭാവനം ചെയ്യപ്പെട്ടു. ഈ രീതിയിൽ, ചായക്കച്ചവടക്കാരനായുള്ള മോദിയുടെ എളിയതുടക്കത്തെ മഹത്വവൽക്കരിച്ച്, സാധാരണക്കാർക്ക് തങ്ങളിലൊരാളെന്ന തോന്നൽ ഉണ്ടാക്കിയതും എന്നാൽ കടുത്ത ആർഎസ്എസ് പ്രവർത്തകൻ എന്ന നിലയിലുള്ള തീവ്രപരിശീലനവും വിശ്വസ്തതയും ഈ പദ്ധതിയോട് വളരെയധികം യോജിച്ചു. അതിനുശേഷം പ്രതിസന്ധിഗ്രസ്തമായ മുതലാളിത്ത ഭരണത്തിന് ആയുസ് നീട്ടിക്കൊടുക്കുവാനും, ജനങ്ങളെ കൂടുതൽ ചൂഷണം ചെയ്യുവാനുമുള്ള ദ്വിമുഖമായപ്രയത്നം ആരംഭിച്ചു. ഒരു വശത്ത്, ഹിന്ദുത്വരാഷ്ട്രീയത്തിന്റെ ദൃഢമായ പിന്തുടരലിനുള്ള തങ്ങളുടെ ആശയങ്ങൾ ഏതുവിധേനയും നടപ്പാക്കാനുള്ള സംഘപരിവാറിന്റെ പ്രചാരണം ആരംഭിച്ചു. ഇതിലൂടെ അങ്ങേയറ്റം മോശമായ സാമൂഹികസാഹചര്യമാണ് സൃഷ്ടിക്കപ്പെടുക. മറുവശത്ത്, ജനങ്ങൾക്ക് അനുകൂലമായ നയങ്ങൾ നടപ്പാക്കുന്ന വികസന പ്രതിപുരുഷനായി മോദിയെ അവതരിപ്പിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ദയയില്ലാതെ ചൂഷണം ചെയ്യുന്ന മുതലാളിത്തത്തിന്റെയും ഭരണകുത്തകകളുടെയും ആകമാന താൽപ്പര്യങ്ങളുടെ പ്രതിനിധിയാണ് അയാൾ.

> **ആർഎസ്എസിന്റെ ഉയർച്ചയെന്നാൽ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും യുക്തിചിന്തയുടെയും സാഹോദര്യത്തിന്റെയും വിനാശമെന്നാണ് അർത്ഥം**

ഇത് ആർഎസ്എസിന്റെ സുവർണ്ണകാലമാണെന്നത് വളരെ വ്യക്തമായി. മോദി അധികാരത്തിലേറുന്നതിന് മുമ്പ്, യുപിയിലെ മുസഫർനഗറിൽ വളരെ വ്യക്തമായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ ക്രൂരമായ വർഗ്ഗീയ കലാപത്തിലൂടെ ന്യൂനപക്ഷ സമുദായത്തെ ഭയപ്പെടുത്തുകയും ഭൂരിപക്ഷത്തിന്റെയുള്ളിൽ വർഗ്ഗീയ വിഷം കുത്തിവയ്ക്കുകയും ചെയ്തു. അത് ഇരകളെ തകർത്തുതരിപ്പണമാക്കുകയും ബിജെപിയെ വിജയിയാക്കുകയും ചെയ്തു. തടയണകൾ അപ്രത്യക്ഷമായി. ന്യൂനപക്ഷ പീഡനത്തിന്റെ പുതിയ പുതിയ വഴികൾ ഓരോ സംഭവത്തിനുശേഷവും കണ്ടുപിടിക്കപ്പെട്ടു. ഗോമാംസത്തിന്റെയും ഗോവധത്തിന്റെയും പേരിൽ ദളിതരേയും മുസ്ലീങ്ങളേയും പരസ്യമായി ആക്രമിക്കുകയും തല്ലിക്കൊല്ലുകയും ചെയ്യുന്നതിന്റെ വാർത്തകൾ പലസ്ഥലങ്ങളിൽനിന്നും നാം കേട്ടുതുടങ്ങി. വർഗ്ഗീയ കലാപങ്ങൾക്കു തിരികൊളുത്താനായി ബുർഖധരിച്ചെത്തി ക്ഷേത്രങ്ങളിലേയ്ക്ക് ഗോമാംസം വലിച്ചെറിഞ്ഞ ആർഎസ്എസുകാരെ കൈയോടെ പിടികൂടുന്ന സംഭവങ്ങളും ഉണ്ടായി. ഹിന്ദുപെൺകുട്ടികളെ മുസ്ലീംയുവാക്കൾ വശീകരിച്ചുകൊണ്ടുപോകുന്നു എന്ന കുറ്റാരോപണവും ന്യൂനപക്ഷ സമുദായത്തിനുമേൽ "ലൗജിഹാദ്" എന്ന പേരിൽ ഹിന്ദുത്വസംഘടനകൾ നടത്തിയിരുന്നു. രാജ്യത്തിന്റെ ജനസംഖ്യ ക്രമാതീതമായി വർദ്ധിപ്പിച്ച് ജനങ്ങളുടെ ദുരിതം കൂട്ടുന്നുവെന്ന യുക്തിരഹിതമായ വ്യാജ ആരോപണം മുസ്ലീംസമുദായത്തിനുമേൽ ചാർത്തുന്നു. സാക്ഷി മഹാരാജിനെപോലെയുള്ള ബിജെപി എംപിമാർ പരസ്യമായിതന്നെ, യാതൊരു ഭയവുമില്ലാതെ ഇത്തരം മുസ്ലീം വിരുദ്ധ പ്രചാരണത്തിന്റെ ചുക്കാൻ പിടിക്കുന്നു. ഒരു പ്രദേശത്തു താമസിക്കുന്ന മുസ്ലീങ്ങൾ ഭീകരപ്രവർത്തകർക്കു സംരക്ഷണം കൊടുക്കുന്നതായുള്ള കിംവദന്തികൾ പരക്കുന്നു. ക്ഷേത്രങ്ങൾക്കുമേൽ പലയിടത്തും ആക്രമണങ്ങൾ നടന്നു എന്ന വ്യാജവാർത്തകൾ പരത്തിയും ഹിന്ദുക്കളുടെ സ്വത്തുക്കൾ ന്യൂനപക്ഷങ്ങൾ തട്ടിയെടുക്കുന്നതായി പ്രചരിപ്പിച്ചും, അത് മറയാക്കിക്കൊണ്ട് മുസ്ലീം–ക്രിസ്ത്യൻ ആരാധനാലയങ്ങൾ തകർക്കുന്നു. അഹിന്ദുക്കളായ വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും ചില ഗ്രാമങ്ങളിൽ കടക്കുന്നതിനുതന്നെ വിലക്ക് ഏർപ്പെടുത്തുന്നു. ഹിന്ദുമതവിശ്വാസികൾ ആണെങ്കിൽ കൂടി ചില ഗ്രാമങ്ങളിൽ ദളിതരെ ക്രൂരമായി ഭ്രഷ്ട് കൽപ്പിച്ചു മാറ്റിനിർത്തുന്നു. മറ്റു മതങ്ങളിലേയ്ക്ക് നിർബന്ധിത മതപരിവർത്തനം നടത്തുന്നതായി, വസ്തുതകളുമായി യാതൊരു ബന്ധവുമില്ലെങ്കിലും, കൃത്യമായി ആസൂത്രണം ചെയ്ത മുറവിളികൾ ഉയർത്തുന്നു. പിന്നീട് അതു കാരണമാക്കിക്കൊണ്ട്, ന്യൂനപക്ഷ സമുദായാംഗങ്ങളെ ഭീഷണിപ്പെടുത്തിയോ പ്രലോഭിപ്പിച്ചോ 'ശുദ്ധീകരണത്തിനും' 'ഘർവാപ്പസി'(വീട്ടിലേയ്ക്കുള്ള തിരിച്ചുവരവ്)ക്കും വിധേയരാക്കുന്നു. സ്കൂളിൽ ഹിന്ദു ആചാരങ്ങൾ നിർബന്ധിതമാക്കുന്നു. കോളേജുകളിലാകട്ടെ, മുസ്ലീങ്ങൾ കാരണമാണ് ഹിന്ദുയുവാക്കൾക്ക് തൊഴിൽ ലഭിക്കാത്തതെന്ന് പ്രചരണം നടത്തുന്നു. സർവ്വകലാശാല വിദ്യാർത്ഥികളിൽ, ചിലപ്പോൾ ദളിതരോ, ചിലയിടത്ത് ഇടതുപക്ഷ ആശയംപേറുന്നവരോ ആയവരെ, സർക്കാരിനെതിരെ വിമർശനപരമായ വീക്ഷണം വച്ചുപുലർത്തുന്നതിന്റെ പേരിൽ നിരന്തരമായി പീഡിപ്പിക്കുന്നു. ഇത് ബിജെപിയുടെ വിദ്യാർത്ഥിവിഭാഗം മാത്രമല്ല ചെയ്യുന്നത്; അധികാരികളും, എന്തിന് ബിജെപിയുടെയും ആർഎസ്എസിന്റെയും പ്രാദേശിക നേതാക്കളും കേന്ദ്രമന്ത്രിമാരുംവരെ. ഹൈദ

*(ശേഷം 4–ാം പേജിൽ)*

# ആർഎസ്എസിന്റെ ഉയർച്ചയെന്നാൽ ജനാധിപത്യത്തിന്റെ തകർച്ച

(3-ാം പേജിൽ നിന്ന്)

രാബാദ് സർവ്വകലാശാലയിലെ ദളിത് വിദ്യാർത്ഥി, രോഹിത് വെമുലയെ വേട്ടയാടി, പീഡിപ്പിച്ച്, വിവേചനം കാട്ടി ആത്മഹത്യ ചെയ്യാൻ പ്രകോപിപ്പിച്ചതുതന്നെ ഇതിന്റെ പ്രകടമായ ഉദാഹരണം. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽനിന്നും ഒരു മുസ്ലീംവിദ്യാർത്ഥിയുടെ ദുരൂഹമായ തിരോധാനം മറ്റൊരു ഉദാഹരണം. ഒന്നിനുപിറകേ ഒന്നായി സ്വതന്ത്ര പുരോഗമനവാദികളായ ചിന്തകരും സാമൂഹ്യ പ്രവർത്തകരും ഒറ്റപ്പെടുത്തപ്പെടുകയും കൊലചെയ്യപ്പെടുകയും ചെയ്യുന്നു. അടുത്ത കാലത്ത്, സവർക്കറും ഗോൾവാൾക്കറും സ്ഥാപിച്ച ആശയപരിസരങ്ങളിൽനിന്നുകൊണ്ട് ഇപ്പോഴത്തെ ആർഎസ്എസ് തലവൻ മോഹൻഭഗവത്, അൽപ്പംപോലും മര്യാദയോ നിയന്ത്രണമോ ഇല്ലാതെ ആഹ്വാനം ചെയ്തത്, രാജ്യമൊട്ടാകെയുള്ള ഹിന്ദുക്കൾ ഒരു ഹിന്ദുരാഷ്ട്രം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി ശക്തി സ്വരൂപിക്കണമെന്നാണ്. മുസ്ലീങ്ങൾക്കെതിരായ വെറുപ്പിലും വിദ്വേഷത്തിലും അധിഷ്ഠിതമാണ് താൻ പ്രചരിപ്പിക്കുന്ന സിദ്ധാന്തമെന്ന സത്യം, അദ്ദേഹം മറച്ചുവെച്ചു. വിദ്യാഭ്യാസരംഗത്ത്, ഇന്ന് വ്യാപകമായി സ്വകാര്യവൽക്കരണവും കച്ചവടവൽക്കരണവും നടത്തുന്നതുവഴി പാവപ്പെട്ട കുട്ടികൾക്ക്വിദ്യാഭ്യാസ അവകാശംതന്നെ നിഷേധിക്കപ്പെടുന്നു. ആർഎസ്എസ് -ബിജെപി കൂട്ടുകെട്ട് നഗ്നമായിത്തന്നെ വിദ്യാഭ്യാസ-സാംസ്ക്കാരിക സ്ഥാപനങ്ങളുടെ സ്വയംഭരണം പരിമിതപ്പെടുത്തുന്നു, ചരിത്രത്തെ വളച്ചൊടിക്കുന്നു. ശാസ്ത്രീയവും മതേതരവും ജനാധിപത്യപരവുമായ വിദ്യാഭ്യാസത്തിന്റെ സ്ഥാനത്ത്, പാഠപുസ്തകത്തിലും പാഠ്യപദ്ധതിയിലും വർഗ്ഗീയചിന്തകൾ കുത്തിനിറക്കുന്നു. അങ്ങനെ, രാജ്യത്ത് അസഹിഷ്ണുതയും യുക്തിരാഹിത്യവും ദുർഗന്ധം വമിപ്പിക്കുന്നവർഗ്ഗീയതയും നിർബാധം ആളിപടർത്താനുള്ള തീവ്രശ്രമങ്ങൾ നടത്തുന്നു. ദീർഘകാലത്തെ നിരന്തരപ്രക്ഷോഭങ്ങളിലൂടെ നേടിയെടുത്ത യുക്തിപരവും മതേതരവുമായ വീക്ഷണം, സാമുദായിക സൗഹാർദ്ദം, ജനാധിപത്യരീതികളും അവകാശങ്ങളും, ആവിഷ്ക്കാരസ്വാതന്ത്ര്യം എന്നിവയെല്ലാം കൂടുതൽ കൂടുതൽ പരിമിതപ്പെടുന്നു. അൽപ്പമെങ്കിലും യുക്തിചിന്ത ബാക്കിയുള്ളവർക്ക് ഇത് ഞെട്ടലുണ്ടാക്കേണ്ടതാണ്. സാധാരണക്കാരെയും ഇത് പരിഭ്രാന്തരാക്കുന്നു. അനീതിക്കെതിരെ വമ്പിച്ച തോതിൽ ജനം പ്രക്ഷോഭത്തിനിറങ്ങിയ നാടാണിത്. ജനങ്ങളെ അതിശക്തമായ പ്രക്ഷോഭരംഗത്തേയ്ക്കിറക്കിയിരുന്ന, ഇടതുപക്ഷ മൂല്യങ്ങൾ പ്രസംഗിക്കുന്ന അതിശക്തരായ രാഷ്ട്രീയ ശക്തികൾക്ക് പിന്നെ എന്തുപറ്റി? ഇടതുപക്ഷ മേലങ്കിയണിഞ്ഞ വമ്പൻപ്രസ്ഥാനങ്ങൾ യഥാർത്ഥത്തിൽ വെറും സോഷ്യൽ ഡെമോക്രാറ്റിക് ശക്തികൾ മാത്രമാണെന്നും ജനങ്ങളുടെ അമർഷത്തെ മുതലെടുത്ത് അവർ സമരങ്ങൾ സംഘടിപ്പിക്കുമെങ്കിലും അതെല്ലാം ബാലറ്റ്പെട്ടിയിൽ വോട്ടുകൾ നേടാനുള്ള യുദ്ധത്തിൽ അവസാനിക്കുകയാണ് പതിവെന്നും കുറച്ചു സമയമെടുത്തെങ്കിലും ജനങ്ങൾ മനസ്സിലാക്കിക്കൊണ്ടേയിരിക്കുന്നു. പാർലമെന്ററി അധികാരത്തിനും അതിന്റെ സുഖസൗകര്യങ്ങൾക്കുമായുള്ള മോഹത്തിൽ അവരുടെ എല്ലാ വിപ്ലവവീര്യവും തണുക്കുകയാണ് പതിവ്. ഇതേ പാർലമെന്ററി സംവിധാനം തന്നെയാണ് ഇന്ന് ജനത്തെ ഇരുട്ടറകളിലേയ്ക്ക് വലിച്ചിഴയ്ക്കുന്നത്. അനിവാര്യമായ മുതലാളിത്ത പ്രതിസന്ധിയുടെ ഈ കാലത്തിലും പാർലമെന്ററി അധികാരത്തിലെ തങ്ങളുടെ സ്ഥാനത്തിനായി അവർ കൂടുതൽ ഓടിനടക്കുമ്പോൾ, ഈ സംവിധാനത്തിന്റെ സേവകരായി ഭരണ മുതലാളിത്തത്തിന്റെ സേവകരായി അവർ കൂടുതലായി പരിവർത്തനപ്പെടുന്നു. ഭരണകൂടത്തിനും കുത്തകകൾക്കും മുതലാളിത്തത്തിനും എതിരായ ജനകീയ മുന്നേറ്റങ്ങളുടെ പാതയിൽനിന്നും അവർ ക്രമമായി പിൻവാങ്ങുന്നു എന്നതാണ് ഇതിന്റെ പ്രത്യക്ഷത്തിലുള്ള ഫലം. അടിച്ചമർത്തൽ, ജനങ്ങളുടെ താൽപ്പര്യമില്ലായ്മ; അങ്ങനെ വാദപ്രതിവാദങ്ങൾക്ക് യാതൊരു കുറവുമില്ല. എന്നാൽ പൊള്ളുന്ന യാഥാർത്ഥ്യമെന്തെന്നാൽ, തങ്ങളുടെ യജമാനന്മാരുടെ അപ്രീതി ഒരുതരത്തിലും പിടിച്ചുപറ്റാൻ ആഗ്രഹിക്കാത്തതുകൊണ്ടാണ് അവർ ജനകീയ സമരങ്ങളുടെ വേദി വിടുന്നത്. അങ്ങനെ വരുമ്പോൾ, ഈ വിശാലമായ രാജ്യമൊന്നാകെ കടുത്ത പിന്തിരിപ്പൻ ശക്തികൾക്ക് കടന്നുവരാനും തങ്ങളുടെ കളികൾ നിർബാധം നടത്താനുമായി തുറന്നിടുകയാണ്. അതുകൊണ്ടുതന്നെ ഇടതുപക്ഷ മേലങ്കിയണിയുന്നവരുടെ വിധേയത്വവും നിഷ്ക്രിയത്വവും സംഘപരിവാർ ശക്തികൾക്ക് അനുഗ്രഹമായിത്തീർന്നു.

### മോദിയും രണ്ടുവർഷത്തെ ഭരണവും

എന്നാൽ ജനങ്ങൾക്ക് ഇതൊരു അവസാനമാകുന്നില്ല. നിർദയമായ മുതലാളിത്ത ചൂഷണം അവരുടെ തൊലിയുരിക്കുകയാണ്. അവരുടെ അമർഷവും വെറുപ്പും വളർന്ന് പൊട്ടിത്തെറിയുടെ വക്കിലെത്തുന്നു. ഇതിലൊക്കെ ഉപരിയായി, സംഘപരിവാറിന്റെ ഹിന്ദുത്വ അജൻഡയുടെ ശല്ല്യം തിരികൊളുത്തുന്ന, യുക്തിരാഹിത്യത്തിന്റെയും, അസഹിഷ്ണുതയുടെയും, വർഗ്ഗീയതയുടെയും ദുഷിച്ച പശ്ചാത്തലത്തിൽനിന്നും ഉരുത്തിരിയുന്ന ഭയവും അവിശ്വാസവും. ജനങ്ങളുടെ കണ്ണിൽ പൊടിയിടുക എന്ന കൗശലപൂർവ്വമായ തന്ത്രമാണ് മോദി ഭരണം സ്വീകരിച്ചിരിക്കുന്നത്. വളരെ വാചാലനായ പ്രധാനമന്ത്രി, എന്തെങ്കിലും വർഗ്ഗീയസംഭവം ഉണ്ടായാൽ ഒന്നുകിൽ നിശ്ശബ്ദത പാലിക്കും, അല്ലെങ്കിൽ ആ മുറിവ് ആഴം കൂടുന്നതുവരെ കാത്തിരിക്കും. അതിനുശേഷമേ അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടി നേതാക്കളും സഹിഷ്ണുതയ്ക്കായി ആവശ്യപ്പെടു. അപ്പോഴും മറ്റുചിലർ പ്രശ്നങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നുണ്ടാകും. കുത്തകകളുടെ ഓമനയായ നരേന്ദ്രമോദി അധികാരത്തിൽ ഏറാൻവേണ്ടി ഉപയോഗിച്ച വികസനമുദ്രാവാക്യത്തിനൊപ്പിച്ച് അവർ ഇതിനൊപ്പം താളം പിടിക്കാനും ആരംഭിക്കും. പക്ഷേ, അടിത്തട്ടിൽ ഒളിഞ്ഞുകിടക്കുന്നതെന്തെന്ന് കാണിച്ചുതരാൻ ഈ രണ്ടുവർഷത്തെ ബിജെപി ഭരണം തന്നെ ധാരാളമാണ്.

ഈ വികസന കൊട്ടിഘോഷങ്ങളുടെ എല്ലാ വശങ്ങളും അസത്യവും വ്യാജവുമായ സാമഗ്രികളുടെയും കണക്കുകളുടെയും അടിസ്ഥാനത്തിൽ തങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ കൗശലത്തോടെ മെനഞ്ഞെടുക്കുന്നതാണ്. മോദി ജനങ്ങൾക്ക് 'അച്ഛേദിൻ'-നല്ലദിനങ്ങളാണ് വാഗ്ദാനം ചെയ്തത്. എന്നാൽ കഴിഞ്ഞ രണ്ടുവർഷത്തെ ഭരണത്തിനിടയ്ക്ക് മോദി നൽകിയ സമ്മാനങ്ങളെന്തെന്ന്, എന്തുമാത്രം നല്ലതാണ് ഈ ദിവസങ്ങളെന്ന് ജനത്തിന് മനസ്സിലാക്കാവുന്നതേയുള്ളൂ. അദ്ദേഹത്തിന്റെ ന്യൂനപക്ഷകാര്യമന്ത്രി അവകാശപ്പെടുന്നത്, മോദിഭരണത്തിനുകീഴിൽ സാമുദായിക സംഘർഷങ്ങൾ കുറഞ്ഞു എന്നാണ്. എന്നാൽ 2016 ഫെബ്രുവരി 24 ന് പാർലമെന്റിൽ ഉന്നയിച്ചചോദ്യത്തിന് കേന്ദ്രസർക്കാർ നൽകിയ മറുപടി മറിച്ചാണ് കാണിക്കുന്നത്. വർഗ്ഗീയ സംഘർഷങ്ങൾ വർദ്ധിക്കുന്നു. (2014-ലെ 644 -ൽ നിന്നും 2015-ൽ 17% വർദ്ധന) വർഗ്ഗീയ സംഘട്ടനങ്ങളിൽ കൊല്ലപ്പെടുകയോ, പരിക്കേൽക്കുകയോ ചെയ്യുന്നവരുടെ എണ്ണം കൂടുന്നു എന്നുതന്നെയാണ് അത് വെളിപ്പെടുത്തിയത്. പതിറ്റാണ്ടുകളായി ഹിന്ദുക്കളും മുസ്ലീങ്ങളും സാമുദായിക മൈത്രിയിൽ കഴിഞ്ഞിരുന്ന മുസഫർനഗറിലെ 2013 സെപ്തംബറിൽനടന്ന കലാപമടക്കം 50 ഓളം ചെറുതും വലുതുമായ വർഗ്ഗീയ കലാപങ്ങളിലൂടെയാണ് മോദിക്ക് ഡൽഹിയിൽ ചുവന്ന പരവതാനി വിരിക്കപ്പെട്ടത്. ഇനി സാമ്പത്തികമേഖലയിലോ? ട്രെയിൻ യാത്രാക്കൂലിയും ചരക്കുകൂലിയും വർദ്ധിപ്പിച്ചതിലൂടെ സമസ്ത സാധനങ്ങൾക്കും വില കൂടി. അവശ്യമരുന്നുകളുടെ പോലും വിലനിയന്ത്രണം നീക്കിയതിലൂടെ ആരോഗ്യ ബജറ്റ് താളംതെറ്റി. ആതുരസേവനത്തെ ചരക്കായി പ്രഖ്യാപിച്ചതിലൂടെ ജനത്തെ ദുരിതത്തിലേയ്ക്കും കോർപ്പറേറ്റ് മരുന്നുകമ്പനികളെ ലാഭത്തിലേയ്ക്കും നയിച്ചു. സേവനനികുതി എല്ലായിടത്തും വ്യാപിപ്പിച്ച്, പണം നൽകി വാങ്ങുന്ന എല്ലാ സേവനങ്ങളുടെയും വില വീണ്ടും കൂട്ടി. രാജ്യത്തെ ശുചിയാക്കാനെന്ന പേരിൽ സ്വച്ഛഭാരത് സെസ്സ് അടിച്ചേൽപ്പിച്ചു. എന്നാൽ കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽ നിന്നും 25 ശതമാനമാക്കി കുറച്ചു. സാധാരണക്കാരനായി എത്ര നല്ല തീരുമാനം! വ്യാവസായികമേഖലയിൽ നിയമങ്ങൾ പൊളിച്ചെഴുതിയും പുതിയതുകൊണ്ടുവന്നും തൊഴിലാളികളെ ചൂഷണം ചെയ്യാൻ തൊഴിലുടമയ്ക്ക് അനന്തമായ അവസരം നൽകുന്ന തരത്തിൽ തൊഴിൽനിയമങ്ങൾ വളച്ചൊടിച്ചു. തൊഴിൽ നിയമവും ഫാക്ടറി നിയമവുമൊക്കെ സംരക്ഷിച്ചിരുന്ന തൊഴിൽ അവകാശങ്ങൾ വെട്ടിച്ചുരുക്കി, ആരേയും എപ്പോഴും പിരിച്ചുവിടാമെന്ന അവസ്ഥ സംജാതമാക്കി. ഭൂമി ഏറ്റെടുക്കാൻ കർഷകരുടെ അംഗീകാരം ആവശ്യമാണെന്ന വ്യവസ്ഥ വേണ്ടെന്നുവച്ചു. ഭൂവുടമകൾക്കുമാത്രം ചുരുങ്ങിയ നഷ്ടപരിഹാരം വ്യവസ്ഥ ചെയ്ത്, ഭൂമിയിൽ ആശ്രയമർപ്പിക്കുന്ന കൂട്ടുകൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും ഒഴിവാക്കി കുടിയൊഴിപ്പിക്കൽ, ഗ്രാമീണതൊഴിലില്ലായ്മ, അനുബന്ധമായ ദുരവസ്ഥ ഇതെല്ലാം അന്തമില്ലാത്തതായിത്തീർന്നു. വനത്തിൽ താമസിക്കുന്ന ആദിവാസികളുടെ ഗ്രാമസഭകളുടെ അംഗീകാരമില്ലാതെതന്നെ വനഭൂമി ഏറ്റെടുക്കാൻ സഹായിക്കുന്നതരത്തിൽ സർക്കാർ നിയമങ്ങൾ ഉദാരമാക്കി. ഇത് രാജ്യത്തെ 21.05 ശതമാനം സ്ഥലത്തെ ജീവിതങ്ങളെ അപകടത്തിലാക്കി. എന്നാൽ അതേസമയംതന്നെ ഏറ്റെടുത്തുകൊടുത്ത ഭൂമി എത്രകാലം വേണമെങ്കിലും ഉപയോഗിക്കാതെ കൈവശംവെക്കാൻ വ്യവസായികളെ സർക്കാർ അനുവദിക്കുന്നു. സർക്കാർ സ്ഥാപനങ്ങളുടെ താഴേത്തട്ടിൽ പുതിയ നിയമനങ്ങൾ നടത്താതിരിക്കുന്നതും, തസ്തികകൾ സൃഷ്ടിക്കാതെ വെട്ടിച്ചുരുക്കുന്നതും തൊഴിലില്ലായ്മയുടെ പ്രശ്നത്തെ രൂക്ഷമാക്കാൻ സഹായിക്കുന്നു.

അഴിമതിക്കെതിരെയുള്ള കുരിശുയുദ്ധക്കാരെന്നാണ് മോദി തന്നേയും തന്റെ സംഘപരിവാർ കൂട്ടുകെട്ടിനേയും കുറിച്ച് അവകാശപ്പെടുന്നത്. കുറച്ചുദിവസങ്ങൾക്കുമുമ്പാണ് മേഘാലയയിലും അരുണാചലിലും ഗവർണറായി അവരോധിച്ച മുതിർന്ന സംഘപരിവാർ ഭാരവാഹിക്ക്, രാജ്ഭവന്റെ അന്തസ്സുകെടുത്തുന്ന തരത്തിൽ പ്രവർത്തിച്ചതിന്റെ പേരിൽ മറ്റു നിർവ്വാഹമില്ലാതെ നാണംകെട്ട് രാജിവയ്ക്കേണ്ടിവന്നത്. കള്ളപ്പണവും അഴിമതിയും പുറത്തുകൊണ്ടുവരുമെന്ന് വീമ്പിളക്കുന്ന മോദി തന്നെ, കിട്ടാക്കടമായി ബാങ്കുകളിൽ നിലനിൽക്കുന്ന 7.5 ലക്ഷം കോടിയോളംവരുന്ന വമ്പൻ കോർപ്പറേറ്റുകളുടെ വായ്പയെക്കുറിച്ച് മൗനം ഭജിക്കുന്നു. അതേസമയം തന്നെ ചില്ലറവിൽപ്പനമേഖലയിലടക്കം നിരവധിയായ പ്രത്യക്ഷ വിദേശനിക്ഷേപ സാധ്യതകൾ ഉദാരമാക്കി കൊടുക്കുന്നു.

ഇതിന്റെ ഫലം പ്രതീക്ഷിച്ചതുപോലെ തന്നെ ഇന്ന് ലോകത്തെ ഏറ്റവും സമ്പന്നരായ 10 രാജ്യങ്ങളിൽ ഏഴാമത്തേതാണ് ഇന്ത്യ. 2000 മുതൽ ഇന്ത്യയിലെ അതിസമ്പന്നരിലെ 10 ശതമാനം സുസ്ഥിരമായി തങ്ങളുടെ സമ്പത്ത് വർദ്ധിപ്പിക്കുന്നു. ഇന്നവർ രാജ്യത്തിന്റെ മൊത്തം സമ്പത്തിന്റെ മുക്കാൽപങ്കും കൈയ്യടക്കി വച്ചിരിക്കുന്നു. ഒരു ശതമാനം വരുന്ന അതിസമ്പന്നർ അതിലും വേഗത്തിൽ വളരുന്നു. മറുവശത്ത്, ആധുനിക അടിമത്തക്കെണിയിൽപ്പെടുന്ന ഏറ്റവും അധികം ആളുകൾ നമ്മുടെ രാജ്യത്താണ്. 18.35 ദശലക്ഷം ആളുകളാണ് വേശ്യാവൃത്തിയും ഭിക്ഷാടനവുമടക്കമുള്ള നിർബന്ധിത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നത്. ഒരു ദിവസം 20 രൂപ പോലും വരുമാനമില്ലാതെ, ദാരിദ്ര്യരേഖയ്ക്കു കീഴിൽ 77% ഇന്ത്യക്കാരാണുള്ളത്. സ്വാതന്ത്ര്യാനന്തരം നടന്നുകൊണ്ടിരിക്കുന്നത് ഇതുതന്നെയാണ്. വ്യവസ്ഥിതിയിലെ പ്രതിസന്ധി കൂടുതൽ രൂക്ഷമായപ്പോൾ അഴിമതിയും വഞ്ചനയും കൂടുതൽ ആഴത്തിൽ വേരിറക്കുന്നു. ജനത്തിന്റെ കാഴ്ചയിൽനിന്നും ചിന്തയിൽനിന്നും ഇക്കാര്യം മറച്ചുപിടിക്കാൻ എന്തുപ്രതിഷേധത്തെയും നിഷ്ക്കരുണം അടിച്ചമർത്താനുള്ള ധാർഷ്ഠ്യമായി അത് വളർന്നിരിക്കുന്നു.

### ഫാസിസവൽക്കരണത്തിന്റെ കാലടികൾ വാതിൽക്കലെത്തിയിരിക്കുന്നു

ഈ സാഹചര്യത്തെ നമുക്കെങ്ങിനെ സംഗ്രഹിക്കാം. ഒരു യഥാർത്ഥ പ്രതിപക്ഷമില്ലാത്തയിടത്ത്, ആർഎസ്എസിന്റെയും ബിജെപിയുടെയും വിഷമയമായ വർഗ്ഗീയ രാഷ്ട്രീയം ജനമനസ്സുകളിൽ അത്യധികമായി വെറുപ്പും വിദ്വേഷവും യുക്തിരാഹിത്യവും അന്ധവിശ്വാസവും പിന്തിരിപ്പൻ ആശയങ്ങളും വളർത്തുന്നു. മറുവശത്ത്, മാധ്യമങ്ങളെ പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ട്, രാജ്യത്തിന്റെ വികസനമെന്ന ആകർഷകമായ മുദ്രാവാക്യത്തിലൂടെ ജനങ്ങളെ വഞ്ചിക്കുകയും അതിമാനുഷിക പരിവേഷം അതുചെയ്യുന്ന നേതാവിൽ ചാർത്തപ്പെടുകയുമാണ്. എന്നാൽ ഇത് ഇവിടുത്തെ കുത്തകകൾക്കും അവരുടെ കോർപ്പറേറ്റുകൾക്കുമായി നടപ്പാക്കുന്നതാണ്. കാരണം സാധാരണ ജനങ്ങൾ ഏതാണ്ട് ഉന്മൂലനത്തിന്റെ അവസ്ഥയിലാണ്. മുതലാളിത്ത സമ്പദ്വ്യവസ്ഥ ഏകീകരിക്കപ്പെട്ട് സാമ്പത്തിക അധികാരം ഏതാനും കുത്തകകളുടെ കൈകളിലേയ്ക്ക് ചുരുങ്ങുകയാണ്. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ബിജെപി സർക്കാരും, നിറത്തിൽ മാത്രമുള്ള വ്യത്യാസത്തോടെ വിവിധ സംസ്ഥാനങ്ങളിൽ അധികാരം കൈയ്യാളുന്നവരും തങ്ങളുടെ യഥാർത്ഥ യജമാനന്മാരായ ഭരണകുത്തകകൾക്കുവേണ്ടി ഏറ്റവും വിശ്വസ്തരായ രാഷ്ട്രീയ ദാസൻ എന്ന നിലയിൽ ഏതൊരു പ്രതിഷേധത്തേയും അടിച്ചമർത്താനുള്ള മുതലാളിത്തത്തിന്റെ രാഷ്ട്രീയ ശക്തിയായി പ്രവർത്തിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഫാസിസത്തിന്റെ കാലടികൾ നമ്മുടെ പടിവാതിൽക്കലെത്തിയിരിക്കുന്നു.

എന്നാൽ സമൂഹത്തിന് അതിന്റേതായ പ്രക്രിയകളും നിയമങ്ങളുമുണ്ട്. സ്വേച്ഛാധിപതികളായ ഭരണകർത്താക്കൾ കൂടുതൽ അഹങ്കാരികളാകുമ്പോൾ, എങ്ങനേയും അധികാരം സ്വന്തം പ്രതിരോധത്തിനായി നിലനിർത്തണമെന്നു വരുമ്പോൾ അവർ കൂടുതൽ കുബുദ്ധികളും വഞ്ചകരുമാകുന്നു. മോദി സർക്കാരും ഈ ചരിത്രപരമായ പാതയിലൂടെ തന്നെയാണ് മുന്നോട്ടുപോകുന്നത്. രണ്ടുവർഷത്തെ സമയം കൊണ്ടുതന്നെ, പാർലമെന്റ് എന്ന 'ജനാധിപത്യത്തിന്റെ പുണ്യക്ഷേത്ര' ത്തോടുള്ള അവരുടെ ഭക്തിയൊക്കെ പോയി മറഞ്ഞു. ഓരോ ചുവടും പിഴയ്ക്കുമ്പോൾ പരിഭ്രാന്തരായി കൂടുതൽ വിവാദപരമായ ഒന്ന് അവർ സ്വീകരിക്കുന്നു. ജനങ്ങൾ തന്റെ, അഴിമതിക്കെതിരായ പ്രതിജ്ഞകളെ ചോദ്യം ചെയ്തു തുടങ്ങിയപ്പോൾ, വിദേശ ബാങ്കുകളിലെ കള്ളപ്പണം തിരിച്ചുപിടിക്കാത്തതിലും, വെളിപ്പെടുത്താനാകാത്ത കേന്ദ്രങ്ങളിൽ നിന്നു ലഭിച്ച തന്റെ പാർട്ടിയുടെ 65 ശതമാനം വരുമാനത്തെക്കുറിച്ചുമൊക്കെ ചോദ്യങ്ങൾ ഉയർന്നപ്പോൾ, നേതാവായ മോദിയാകട്ടെ ടെലിവിഷൻ സ്ക്രീനിലൂടെ നാടകീയമായി നോട്ടുനിരോധനം പ്രഖ്യാപിക്കുന്നു. രാജ്യത്തെ ചെറുകിട വാണിജ്യമേഖലയാകെ പ്രതിസന്ധിയിലായി. പണമില്ല, വാങ്ങാനാളില്ല, കച്ചവടമില്ല, പണിയില്ല, ശമ്പളമോ കൂലിയോ ഇല്ല. വീട്ടുചെലവുകൾ നടത്താനുള്ള തുച്ഛമായ തുകയ്ക്കുപോലും സാധാരണക്കാരന് ബാങ്കുകൾക്കുമുന്നിൽ ക്യൂ നിൽക്കേണ്ടിവന്നു. അതിൽ നൂറിലധികം പേർക്ക് ജീവൻതന്നെ നഷ്ടമായി. ഇക്കാലയളവിനുള്ളിൽ നരേന്ദ്രമോദിയും, ഭാരതീയ റിസർവ്വ് ബാങ്കും ഒക്കെ പെട്ടെന്നുള്ള ആശ്വാസം ജനത്തിനു വാഗ്ദാനം ചെയ്തുകൊണ്ടിരുന്നു. എന്നാൽ ജനത്തിന്റെ ക്ഷമയെ പരീക്ഷിച്ചുകൊണ്ട് ആദ്യ 42 ദിവസത്തിനിടയിൽ 54 മാറ്റങ്ങളാണ് നിയമത്തിലും ചട്ടത്തിലും വരുത്തിയത്. ചില ചെറുമത്സ്യങ്ങളെ ഒഴിച്ചുനിർത്തിയാൽ, ഒറ്റ വമ്പൻ കള്ളപ്പണക്കാരനേയോ വിദേശ ബാങ്ക് അക്കൗണ്ട് ഉള്ളതായി പറയുന്ന ആളിനേയോ പിടിച്ചതായി നമ്മൾ കേട്ടിട്ടില്ല. അതേ സമയം കള്ളപ്പണവും അഴിമതിയും സൃഷ്ടിക്കുന്ന മുതലാളിത്ത സംവിധാനമാകട്ടെ പുതുതായി അവതരിപ്പിച്ച നോട്ടുകളുടെ വ്യാജകറൻസി

(ശേഷം 5-ാം പേജിൽ)

# സംഘപരിവാറിനെ തുറന്നുകാട്ടുന്ന ജനകീയമുന്നേറ്റം അനിവാര്യം

(4-ാം പേജിൽ നിന്ന്)

കൾ കെട്ടുകണക്കിന് പുറത്തുവിടാനുള്ള മാർഗ്ഗങ്ങൾ വളരെ വേഗംതന്നെ കണ്ടുപിടിച്ചു. പരാജയം മണത്ത മോദിയാകട്ടെ അഴിമതിക്കുപകരം നാടകീയമായി, കറൻസി രഹിത പണമിടപാട്, ഡിജിറ്റൽവൽക്കരണം എന്നീ ‘ലക്ഷ്യ‘ങ്ങളിലേയ്ക്ക് ചുവടുമാറ്റി. പണമില്ലാത്ത ദരിദ്രർ ഇനി കറൻസിരഹിത ഇടപാടുകൾ നടത്തണം-അതും ആ സേവനം നൽകുന്ന കോർപ്പറേറ്റ് ഭീമന് അതിനുള്ള ചാർജ്ജ് കൂടി നൽകിക്കൊണ്ട്. വൈദ്യുതിപോലും എല്ലായിടത്തും എത്താത്ത രാജ്യത്ത്, നിലവിലുള്ള കോർബാങ്കിംഗ് സംവിധാനം തന്നെ പലപ്പോഴും തകരാർ നേരിടുമ്പോൾ, സൈബർ കുറ്റകൃത്യങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ പെരുകുമ്പോൾ, എന്തിന്, ഫോൺ ഇല്ലാത്ത പോലീസ് സ്റ്റേഷനുകളുള്ളപ്പോൾ, ഒരു ഡിജിറ്റൽ സ്വപ്നം ഇപ്പോൾ പൂർത്തിയാകുമെന്ന് ജനം വിശ്വസിക്കണം! ആരു ശ്രദ്ധിക്കുന്നു! പ്രധാനമന്ത്രിയും ധനമന്ത്രിയും അതുപോലെ ബിജെപി-ആർഎസ്എസ്സും ഇനി ജിഎസ്ടി നടപ്പാക്കാനാണ് ശ്രമിക്കുന്നത്. കോർപ്പറേറ്റുകൾക്ക് കൊള്ളലാഭവും സാധാരണക്കാരന് സർവ്വതിന്റെയും അന്തമില്ലാത്ത വിലക്കയറ്റത്തിലൂടെ കൂടുതൽ ബുദ്ധിമുട്ടും സമ്മാനിക്കുന്ന മറ്റൊരു ‘സർജിക്കൽ സ്ട്രൈക്ക്’ ആവുമിത്. മുമ്പ് മുഴുവനായും മോദി സ്തുതി മാത്രം നടത്തിയിരുന്ന ചില മാധ്യമങ്ങളും സാമ്പത്തികവിദഗ്ധരും പോലും മോദിസർക്കാരിന്റെ ഈ നടപടികളെക്കുറിച്ച് കുറിക്കുകൊള്ളുന്ന ചോദ്യങ്ങൾ ഉയർത്തുന്നു. മുമ്പ് കരുത്തൻ എന്ന വിശേഷണം തന്റെ മേലാളന്മാരിൽനിന്നും മോദിക്കു നേടിക്കൊടുത്ത ധാർഷ്ട്യം ഇന്ന് അധികാരക്കൊതിയനും തൻകാര്യപ്രസക്തനുമായ, യാഥാർത്ഥ്യത്തിൽനിന്നും അന്യനായ ഒരാളുടേതാണ് എന്നുവരെ അവർ പറയുന്നു. യാഥാർത്ഥ്യങ്ങളുടെ ആവശ്യകതകൾ വിസ്മരിക്കുകയും ജനത്തെ സേവിക്കുകയെന്നത് വിസ്മൃതിയിലാവുകയും ആണ് ഇവിടെ. പേടിപ്പെടുത്തുന്ന കാലൊച്ചകൾ ഇവിടെയും പിന്തുടരുന്നു.

### ഫാസിസവും പാർലമെന്ററി ജനാധിപത്യവും

നരേന്ദ്രമോദി പാർലമെന്ററി ജനാധിപത്യത്തെയാണ് ഉപയോഗപ്പെടുത്തുന്നത്. ഇന്ത്യയെന്നത് ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണെന്നും ഏറ്റവും വലിയ നിയമനിർമ്മാണ സഭകളിൽ ഒന്നായ പാർലമെന്റ് ഇവിടെയുണ്ടെന്നുമൊക്കെ ലോകത്തെ ഓർമ്മപ്പെടുത്താൻ അദ്ദേഹം ഒരിക്കലും മറക്കാറില്ല. വളരെ ആവേശത്തോടെ അദ്ദേഹം തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നു. അതിൽ വിജയിക്കാൻ സാഹചര്യം ആവശ്യപ്പെടുന്ന ഏതടവും പ്രയോഗിക്കാൻ അദ്ദേഹം മടിക്കാറില്ല. സ്വന്തം പാർട്ടി വിജയിച്ചാൽ ജനപിന്തുണയെക്കുറിച്ച് വീമ്പിളക്കും. എന്നാൽ അദ്ദേഹത്തിന്റെ വിജയത്തിനുപിന്നിലെ പണം-മാധ്യമം-മാഫിയ-ഉദ്യോഗസ്ഥ കൂട്ടുകെട്ടിന്റെ സഹായത്തോടെയുള്ള തിരിമറികൾ അദ്ദേഹത്തിന്റെ പാർട്ടിക്കുതന്നെ സങ്കൽപ്പിക്കാൻ കഴിയില്ല. അതേസമയം തന്നെ റേഡിയോ വഴി ‘മൻകിബാത്ത്’(മനസ്സുപറയുന്നത് -എന്ന പ്രതിമാസ പ്രക്ഷേപണ പരമ്പര) നടത്തുന്ന പ്രധാനമന്ത്രി എതിരാളികളോടാകട്ടെ, കൂടെയുള്ളവരോടാകട്ടെ നയമപരമായ കാര്യങ്ങളിൽ ചർച്ചപോലും നടത്താറില്ല എന്നാണ് റിപ്പോർട്ടുകൾ. എല്ലാം അദ്ദേഹം സ്വയംതീരുമാനിച്ചു നടപ്പാക്കുമത്രേ! ഇക്കാലയളവിനുള്ളിൽ അദ്ദേഹമൊരു പത്രസമ്മേളനം നടത്തുകയോ പാർലമെന്റിലെ ഏതെങ്കിലും ചർച്ചകളിൽ പങ്കെടുക്കുകയോ ഉണ്ടായിട്ടില്ല. എന്താണ് ഇതെല്ലാം അർത്ഥമാക്കുന്നത്? ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ പാർലമെന്റിനെ ഉപയോഗിക്കുകയല്ലേ? ഫാസിസവൽക്കരണത്തിന്റെ രൂപരേഖ നടപ്പാക്കുന്നതിന്റെ മറയായി അതിനെ മാറ്റുകയല്ലേ? ഒരിക്കൽ മുതലാളിത്ത പാർലമെന്ററി സംവിധാനം പ്രവർത്തിച്ചിരുന്നത്, പാർലമെന്റിന്റെ അനുവാദമില്ലാതെ ഒറ്റ രൂപപോലും ചിലവാക്കാനോ ഒരു തീരുമാനംപോലും എടുക്കാനോ പാടില്ല എന്ന തത്വത്തിന്റെ പുറത്തായിരുന്നു. ഇപ്പോഴോ? വ്യവസ്ഥാപിതമായ പാർലമെന്ററി ജനാധിപത്യ രീതികൾക്കുപകരം നയപരമായ പ്രധാനതീരുമാനങ്ങളും നിയമങ്ങളും ചട്ടങ്ങളുമൊക്കെ ഓർഡിനൻസുകൾ വഴിയല്ലേ നടപ്പാക്കുന്നത്? മോദിഭരണത്തെ എന്തുകൊണ്ടാണ് ഓർഡിനൻസ് ഭരണമായി വിശേഷിപ്പിക്കുന്നത്? (ഇന്ദിരാഗാന്ധിയുടെ കാലത്തെ ഓർഡിനൻസ് ഭരണത്തിനുസമാനമായി) കൽക്കരിലേലം, ഇൻഷൂറൻസ് മേഖലയിലെ വിദേശനിക്ഷേപം, ഭൂമിയേറ്റെടുക്കൽ തുടങ്ങി എല്ലാ വിഷയങ്ങളിലും, ഏകദേശം ഒരു മാസത്തിൽ ഒന്നെന്നകണക്കിൽ (225 ദിവസങ്ങൾക്കിടയിൽ 8 ഓർഡിനൻസുകൾ) ഓർഡിനൻസ് ഇറക്കുന്നു. പിന്നെ ജനത്തിന്റെ പൊതുപണത്തിൽനിന്ന് ഭീമമായ തുകകൾ ചെലവഴിച്ച് ഈ സഭകൾ നിലനിർത്തേണ്ട ആവശ്യമെന്താണ്? മോദിയുടേയും ബിജെപി-ആർഎസ്എസ് സംഘത്തിന്റെയും മറുപടി ഊഹിക്കാവുന്നതേയുള്ളൂ..“എന്തുകൊണ്ടെന്ന് പോയി പ്രതിപക്ഷത്തോടു ചോദിക്കൂ, അവരാണ് രാഷ്ട്രീയനേട്ടത്തിനായി സഭ തടസ്സപ്പെടുത്തി സമ്മേളനത്തെ തടയുന്നത്”.

ഇതാണ് പവിത്രമായ ബൂർഷ്വാ പാർലമെന്ററി ജനാധിപത്യം നമ്മുടെ നാട്ടിൽ കൈവരിച്ചിരിക്കുന്ന രൂപം. (മറ്റു മുതലാളിത്ത രാജ്യങ്ങളിലും അടിസ്ഥാനപരമായി വലിയ വ്യത്യാസമില്ല) ഭരിക്കുന്ന പാർട്ടിയോ പാർട്ടികളോ ജിഎസ്ടി പോലെയുള്ള ജനവിരുദ്ധ നടപടികൾക്കായി പ്രതിപക്ഷവുമായി ഒളിഞ്ഞും തെളിഞ്ഞുമുള്ള ഇടപാടുകളിലൂടെ സമവായത്തിലെത്താൻ സമ്മേളനത്തെ ഉപയോഗപ്പെടുത്തുന്നു. ഇനി പിന്തുണ നേടാൻ കഴിയില്ലെന്നു തോന്നിയാലോ, എതിർപ്പ് ശക്തമായാലോ പാർലമെന്ററി നടപടികൾ ഒഴിവാക്കി ഓർഡിനൻസിന്റെ വഴിതേടുന്നത് സ്ഥിരം സംഭവമാകുന്നു. സിപിഐ, സിപിഐ (എം) അടക്കമുള്ള പ്രതിപക്ഷ പാർട്ടികളും ഇക്കാര്യത്തിൽ പിന്നിലല്ല. ഭരണവർഗ്ഗത്തിന്റെ വിശ്വസ്ത സേവകരായി, വ്യവസ്ഥിതിയിലെ അധികാരവും മറ്റു ഗുണങ്ങളും നേടിയെടുക്കാൻ പരസ്പരം മത്സരിക്കുന്ന ഒരേ തൂവൽപക്ഷികളാണല്ലോ ഇവരെല്ലാവരും. അപ്പോൾ, ഈ പാർലമെന്ററി പാർട്ടികളെല്ലാം തന്നെ, ജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള അർത്ഥപൂർണ്ണമായ സംവാദങ്ങൾക്കല്ല പാർലമെന്റിനെ ഉപയോഗപ്പെടുത്തുന്നത്. പകരം, കാടും പടപ്പുംതല്ലുന്ന വിഷയങ്ങൾ എടുത്ത് പരസ്പരം ചെളി വാരിയെറിയാൻ ശ്രമിക്കുന്നു. സഭയിൽ ബഹളമുണ്ടാക്കി സമ്മേളനം തടസ്സപ്പെടുത്തി, ജനാധിപത്യത്തിന്റെ ചാമ്പ്യന്മാരായി നടിച്ച് വാക്കൗട്ട് നടത്തുന്നു. ഇതിന്റെ അന്തിമഫലമോ മറ്റൊരു ഓർഡിനൻസ് ഇറക്കാൻ ഭരണകക്ഷിയെ ഇത് അനുവദിക്കുന്നു. സമ്പദ്ഘടന ഉലഞ്ഞിരിക്കുന്നു, രാജ്യത്തിന്റെ പലകോണുകളിലും വേദനിപ്പിക്കുന്ന കൂട്ടബലാൽസംഗങ്ങൾ നടക്കുന്നു, കുട്ടികളുടെയും സ്ത്രീകളുടെയും മേലുള്ള മനുഷ്യക്കടത്തും അനവധി, തൊഴിൽരഹിതരായ യുവാക്കൾ തൊഴിലിനായി ഭ്രാന്തമായി പലായനം ചെയ്യുന്നു. ഇത്രയധികം പ്രശ്നങ്ങൾ രാജ്യത്തുള്ളപ്പോഴും എംപിമാർ പാർലമെന്ററി ജനാധിപത്യത്തിന്റെ സുഖസൗകര്യങ്ങൾ അനുഭവിച്ച് കൃത്യമായ ഇടവേളകളിൽ തങ്ങളുടെ ശമ്പളവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ മുറവിളി കൂട്ടുന്നു. ലെനിൻ പാർലമെന്റിനെ പന്നിക്കൂടെന്ന് വിശേഷിപ്പിച്ചിരുന്നു. തങ്ങളുടെ ഭക്ഷണം വർദ്ധിപ്പിക്കുന്നതിനായി ആചാരം പോലെ ഇന്ത്യയിൽ പന്നികൾ കരയുമോ എന്ന് ഒരാൾക്ക് സംശയം തോന്നാം.

തീർച്ചയായും മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. കോൺഗ്രസ്സ് പോയി ബിജെപി കടന്നുവന്നു. എന്നിട്ട് എന്തുണ്ടായി? വളരെ ശ്രദ്ധാപൂർവ്വം നോക്കിയാൽ ഒരാൾക്കു കാണാൻ സാധിക്കും തെരഞ്ഞെടുപ്പുകൾപോലും മോദിയുടെ ഡിജിറ്റൽ ഇന്ത്യയുടെ അനുകരണമാണ്. അതിന്റെ ക്രമം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണ്. തെരഞ്ഞെടുപ്പ് പ്രചാരണസമയത്ത്, മുതലാളിത്തത്തിന്റെ താൽപ്പര്യങ്ങളെ പ്രതിനിധീകരിച്ച് അവരെ സേവിക്കുന്ന കക്ഷികൾക്ക് മാധ്യമങ്ങളിൽ വൻശ്രദ്ധ നൽകുന്നു. പരസ്പരമുള്ള അവരുടെ വാഗ്വാദങ്ങൾ ചർച്ചകളായി അവതരിപ്പിക്കപ്പെടുന്നു-അതിന് ജനങ്ങളുടെ പ്രശ്നങ്ങളുമായി പുലബന്ധംപോലും ഇല്ലാഞ്ഞിട്ടുകൂടി. ഈ കക്ഷികൾക്കു മാത്രമേ തങ്ങളെ സഹായിക്കാൻ കഴിയൂ എന്ന് ജനങ്ങളെ അവർ വിശ്വസിപ്പിച്ചെടുക്കുന്നു- തെരഞ്ഞെടുപ്പുകൾ തുല്യവും സത്യസന്ധവുമാകുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കുകയേ ഉള്ളൂ. മാധ്യമങ്ങളിൽ അഭിപ്രായ സർവ്വേകൾ ഉണ്ട്; സൗജന്യങ്ങളുടെ വിതരണം നടക്കാറുണ്ട്; അങ്ങനെ പലതും. അങ്ങനെ തെരഞ്ഞെടുപ്പ് ദിനം വന്നെത്തുന്നു. ഇവിടെ അടിസ്ഥാന കാര്യങ്ങളൊന്നും മാറുന്നില്ല, എന്നാൽ അന്തിമഫലം വരുമ്പോൾ മുതലാളിത്ത യജമാനന്മാർ പണം, മാധ്യമം, മാഫിയ, ഭരണകൂടം മുതലായ സംവിധാനങ്ങളുപയോഗിച്ച് ആസൂത്രണം ചെയ്ത് തീരുമാനിക്കുന്ന ഫലമാകും പുറത്തുവരിക. ആ സമയത്ത് മുതലാളിത്തത്തിന്റെ ഏറ്റവും വിശ്വാസം ആർജ്ജിക്കുന്നവർ വിജയിക്കുന്നു.

### സംഘപരിവാറിനെ തുറന്നുകാട്ടുന്ന ജനകീയമുന്നേറ്റം അനിവാര്യം

ഉപരിപ്ലവമായി, പാർലമെന്ററി ജനാധിപത്യം, ഭരണവർഗ്ഗം തങ്ങളുടെ വിശ്വസ്ത രാഷ്ട്രീയ കാര്യദർശികളായി തെരഞ്ഞെടുക്കുന്നവർ നയിക്കുന്നു. അവരെ ജനത്തെക്കൊണ്ട് അംഗീകരിപ്പിച്ച് ഭരണത്തിന്റെ ചുമതലയേൽപ്പിക്കുന്നു. ഈ ‘പവിത്ര’ സംവിധാനം പക്ഷേ ദുരിതക്കയത്തിലാർന്ന, നിരാശരായ ജനങ്ങൾക്ക് യാതൊന്നും നൽകുന്നില്ല. മറിച്ച്, ദിനംപ്രതി അവർക്ക് ഉപജീവനമാർഗ്ഗങ്ങൾ നഷ്ടപ്പെടുന്നു. അവകാശങ്ങളും എന്തിന് ജീവിതത്തിന്റെ സുരക്ഷതന്നെ നഷ്ടപ്പെടുന്നു. പാർലമെന്ററി ജനാധിപത്യത്തിന്റെ മറവിൽ, എല്ലാ സാമ്പത്തിക രാഷ്ട്രീയ അധികാരവും ഭരണവർഗ്ഗമായ കുത്തകകളിലേയ്ക്ക് കേന്ദ്രീകരിക്കപ്പെടുന്നു. ഇങ്ങനെയാണ് ക്രമാനുഗതമായി ഉദ്യോഗസ്ഥ-ഭരണഫാസിസം കടന്നുവരുന്നത്. ഫാസിസമെന്നത് എപ്പോഴും സൈനിക ഏകാധിപത്യമല്ലെന്ന് ഇവിടെ എടുത്തുപറയേണ്ടതുണ്ട്. ജനാധിപത്യത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ, തങ്ങളുടെ പദ്ധതികൾക്കായി ഫാസിസ്റ്റുകൾ ജനപിന്തുണ നേടിയെടുത്ത്, പൊതുമനസ്സിനെ തങ്ങൾക്കനുകൂലമാക്കുന്നു-ഇവിടെ ഇരുതലമൂർച്ചയുള്ള ആയുധമാണ് ഭരണകുത്തകവർഗ്ഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കാനായി പ്രവർത്തിക്കുന്നത്. ഒരു വശത്ത് സംഘപരിവാർ അതിന്റെ എല്ലാ ഘടങ്ങളോടുംകൂടി നിരന്തരമായി തങ്ങളുടെ വർഗ്ഗീയ രാഷ്ട്രീയം പരത്താനും ജനമനസ്സുകളിൽ കുത്തിനിറയ്ക്കാനും ശ്രമിക്കുന്നു. പൊതുമനസ്സിൽ അന്ധവിശ്വാസവും യുക്തിരഹിത പിന്തിരിപ്പൻ ചിന്തകൾ, എല്ലാതരത്തിലുമുള്ള മൗലികവാദം എന്നിവയൊക്കെ കയറ്റി, ഒരു അരാഷ്ട്രീയ, വിമർശനരഹിതമായ മനസ്സുണ്ടാക്കുന്നു. മറുവശത്ത്, മോദി സർക്കാരാകട്ടെ, വികസനത്തിന്റെ തെറ്റിദ്ധരിപ്പിക്കുന്ന മുദ്രാവാക്യങ്ങളുയർത്തി ജനങ്ങളെ വഞ്ചിക്കുന്നു. നരേന്ദ്രമോദിക്ക് അതിമാനുഷ പരിവേഷം നൽകി ആ പ്രതിച്ഛായയുടെ മറവിൽ ഫാസിസ്റ്റു ഭരണകൂടം കൗശലപൂർവ്വം നിർമ്മിക്കുന്ന കഴുമരങ്ങളിലേയ്ക്ക് യാതൊരു എതിർപ്പും ഉയർത്താതെ ജനങ്ങളെ നയിക്കുന്നു.

അതുകൊണ്ട്, ജനാധിപത്യമനസ്സുള്ള ഓരോരുത്തരും മുന്നോട്ടിറങ്ങി, ഈ വഞ്ചനയുടെ രൂപകൽപ്പന തിരിച്ചറിയാൻ ജനങ്ങളെ സഹായിക്കണം. ഭരിക്കുന്ന മുതലാളിത്തത്തിനും അത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്കുമെതിരെ നിരന്തരവും സുസംഘടിതവുമായ ജനകീയ പ്രക്ഷോഭമാണ് ഈ സാഹചര്യം ആവശ്യപ്പെടുന്നത്. പാർലമെന്ററി ജനാധിപത്യത്തിന്റെ മായാജാലത്തിനു വശംവദരാകാതെ വിപ്ലവത്തിലൂടെ ജനങ്ങളെ ചൂഷണത്തിലും അടിച്ചമർത്തലിലും നിന്നു മോചിപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു ശരിയായ നേതൃത്വം ഉണ്ടെങ്കിലേ ഇങ്ങനെയൊരു ജനകീയ പ്രക്ഷോഭം സാധ്യമാകൂ. അത്തരമൊരു ദൗത്യത്തിനായി ഇന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി മാത്രമാണുള്ളതെന്ന് ജനങ്ങൾ തിരിച്ചറിയണം. അതേ സമയം തന്നെ, സംഘപരിവാറിന്റെ വിഷമയമായ വർഗ്ഗീയരാഷ്ട്രീയത്തെയും ശരിയായി തിരിച്ചറിയേണ്ടതുണ്ട്. അതിന്റെ എല്ലാ വശങ്ങളും ശരിയായി തിരിച്ചറിയപ്പെടുന്നില്ലെങ്കിൽ അത് ജീവനുകൾ മാത്രമല്ല അപകടത്തിലാക്കുക, മനുഷ്യരാശിയെ മുഴുവനുമാണ്. ഇവിടെയും ആർഎസ്എസ്-ബിജെപി ഭീഷണിയെ പുറത്തുകൊണ്ടുവരുവാൻ നിരന്തരം ശ്രമിക്കുന്നത് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയാണ്. ഭാരതത്തിലെ ജനങ്ങൾക്ക് ഈ പ്രതിസന്ധി ഘട്ടത്തിൽ രണ്ട് ലക്ഷ്യങ്ങളാണ് നേടിയെടുക്കേണ്ടത്- അപകടത്തെ തിരിച്ചറിയുക, തങ്ങളുടെ നന്മയ്ക്കായി ആരാണ് യഥാർത്ഥത്തിൽ നിലകൊള്ളുന്നതെന്ന് മനസ്സിലാക്കുക. ⬢

## വിളപ്പിൽശാല ജനകീയ ചെറുത്തുനിൽപ്പ് സമരവിജയത്തിന്റെ അഞ്ചാം വാർഷികം

സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള ജനങ്ങൾ കക്ഷിരാഷ്ട്രീയം മറന്ന് ഒറ്റക്കെട്ടായി പൊരുതി വിജയിച്ച ഐതിഹാസികമായ വിളപ്പിൽശാല ചെറുത്തുനിൽപ്പ് സമരത്തിന്റെ അഞ്ചാം വാർഷികം 2017 ഫെബ്രുവരി 13-ന് ജനകീയ സമിതി ഗംഭീരമായി ആചരിച്ചു.

വിളപ്പിൽശാല സമരനായകൻ എസ്. ബുർഹാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം ജി.എസ്.പത്മകുമാർ, എസ്.മിനി, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വിളപ്പിൽശാല യൂണിറ്റ് സെക്രട്ടറി സുബൈർ, മണ്ണയം ജനാർദ്ദനൻ, മാധവൻ നായർ, എം.മനുപാൽ, സി. പ്രഭാകരൻ തുടങ്ങിയവർ പ്രസംഗിച്ചു. ജനകീയ സമിതി വൈസ്പ്രസിഡന്റ് ജി.ആർ.സുഭാഷ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എൽ. ഹരിറാം സ്വാഗതവും ജോയിന്റ് സെക്രട്ടറി സി.പി.മാധുരി സജീവ് നന്ദിയും പറഞ്ഞു.

ജനജീവിതം ദുരിതപൂർണ്ണമാക്കിയിരുന്ന നഗരമാലിന്യകേന്ദ്രവും അതുമൂലമുണ്ടായിരുന്ന ദുർഗന്ധവും പാരിസ്ഥിതിക പ്രശ്നങ്ങളും ഇല്ലാതാക്കിയതിന്റെ സന്തോഷസൂചകമായി ജനങ്ങൾ ഒത്തൊരുമിച്ചുള്ള അത്താഴസൽക്കാരവും തുടർന്ന് കലാപരിപാടികളും നടന്നു. ⬢



സമ്മേളനത്തിൽ ജി.ആർ.സുഭാഷ് അദ്ധ്യക്ഷപ്രസംഗം നടത്തുന്നു

# യുഎസ്എസ്ആർ–ന്റെ കരട് ഭരണഘടനയെപ്പറ്റി –സ്റ്റാലിൻ



*(മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദി ആചരിക്കുകയെന്ന ചരിത്രപരമായ ദൗത്യം സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) ഏറ്റെടുത്തിരിക്കുകയാണ്. ഒരു വർഷം നീളുന്ന ആചരണം, 2016 നവംബർ ഏഴിന് ഡൽഹിയിൽ സമാദരപൂർവ്വം നടന്ന ഒരു പരിപാടിയോടെ ഉദ്ഘാടനം ചെയ്യപ്പെട്ടു. ചില ചരിത്രപ്രധാനമായ രേഖകളും വിപ്ലവത്തിലേയ്ക്ക് നയിച്ച സംഭവങ്ങളുമടങ്ങുന്ന ലഘുചരിത്രവും പ്രസിദ്ധീകരിക്കാൻ 'പ്രോലിറ്റേറിയൻ ഇറാ' തീരുമാനിച്ചിട്ടുണ്ട്. ആ രേഖകളിൽ ഒന്നാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്.*

*ലോകത്ത് സോഷ്യലിസത്തിന്റെ അരങ്ങേറ്റത്തിന്റെയും അതിന്റെ സംസ്ഥാപനത്തിന്റെയും ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള ഒരു ദിവസമാണ് 1936 ഡിസംബർ 5. അന്നാണ് യുഎസ്എസ്ആർ അഥവാ സോവിയറ്റ് യൂണിയൻ എന്ന് വിളിക്കപ്പെട്ടിരുന്ന രാഷ്ട്രം, മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിൽ പുതിയ ഒരു ഭരണഘടന സ്വീകരിച്ചത്. അത് ഒരു രാജ്യത്തിന്റെ ഭരണഘടനയായി മാത്രമല്ല വർത്തിച്ചത്. വൈകാതെ അത് "സ്റ്റാലിൻ ഭരണഘടന" എന്ന പേരിൽ ലോകപ്രശസ്തമായി. മാനവചരിത്രത്തിൽ ഒരു പുതിയ യുഗത്തിലേയ്ക്ക് പ്രവേശിക്കുന്ന ജനതയുടെ സ്വപ്നങ്ങളുടെയും അഭിലാഷങ്ങളുടെയും അവകാശങ്ങളുടെയും ഉത്തരവാദിത്തങ്ങളുടെയും ജീവിക്കുന്ന മൂർത്തീകരണമായി. 1936 നവംബർ 25 ന് യുഎസ്എസ്ആറിലെ സോവിയറ്റുകളുടെ അസാധാരണ എട്ടാം കോൺഗ്രസ്സിൽ മഹാനായ സ്റ്റാലിൻ അവതരിപ്പിച്ച റിപ്പോർട്ട്, യുഎസ്എസ്ആറിന്റെ കരട് ഭരണഘടനയെക്കുറിച്ചുള്ള വിശദമായ ഒരു ചർച്ചയായിരുന്നു. ഇവിടെ റിപ്പോർട്ടിൽ സ്റ്റാലിൻ അവതരിപ്പിച്ചത് സംക്ഷേപിക്കുംവിധം ചില ഭാഗങ്ങൾ ഉദ്ധരിച്ച് ചേർത്തിരിക്കുന്നു.)*

"സഖാക്കളെ, ഭരണഘടനാ കമ്മീഷൻ രൂപീകരിച്ചത്, യുഎസ്എസ്ആർ സോവിയറ്റുകളുടെ ഏഴാം കോൺഗ്രസ്സിന്റെ പ്രത്യേക തീരുമാനപ്രകാരമാണ്. ഈ തീരുമാനം 1935 ഫെബ്രുവരി 6 നാണ് കൈക്കൊണ്ടത്. അതിൽ പറയുന്നു.

1) യുഎസ്എസ്ആറിന്റെ ഭരണഘടനയെ താഴെപ്പറയുന്നദിശയിൽ ഭേദഗതി ചെയ്യുക:

a)മുഴുവനായി തുല്യമല്ലാത്ത വോട്ടവകാശം തുല്യമാക്കിക്കൊണ്ട്, പരോക്ഷ തെരഞ്ഞെടുപ്പുകൾ പ്രത്യക്ഷ തെരഞ്ഞെടുപ്പുകളാക്കിക്കൊണ്ട്, തുറന്ന ബാലറ്റ്, രഹസ്യബാലറ്റാക്കിക്കൊണ്ട് തെരഞ്ഞെടുപ്പ് സമ്പ്രദായം കൂടുതൽ ജനാധിപത്യവൽക്കരിക്കുക.

b)യുഎസ്എസ്ആറിലെ ഇന്ന് നിലവിലുള്ള വർഗ്ഗശക്തികളുടെ ബന്ധത്തിന് (പുതിയസോഷ്യലിസ്റ്റ് വ്യവസായത്തിന്റെ സൃഷ്ടി, ഭൂപ്രഭുക്കളായ കുലാക്ക് വർഗ്ഗത്തിന്റെ തകർച്ച, കൂട്ടുകൃഷി സമ്പ്രദായത്തിന്റെ വിജയം, സോവിയറ്റ് സമൂഹത്തിന്റെ അടിത്തറയെന്ന നിലയിൽ സോഷ്യലിസ്റ്റ് സ്വത്തിന്റെ ദൃഢീകരണം തുടങ്ങിയവ) അനുരോധമായി ഭരണഘടനയെ മാറ്റിക്കൊണ്ട്, അതിന്റെ സാമൂഹ്യവും സാമ്പത്തികവുമായ അടിത്തറ കൂടുതൽ കൃത്യമായി നിർവ്വചിക്കുക.

2) ഒരു ഭരണഘടനാകമ്മീഷനെ തെരഞ്ഞെടുക്കാൻ യുഎസ്എസ്ആറിന്റെ സെൻട്രൽ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഒന്നാം ഉപവകുപ്പിൽ സൂചിപ്പിച്ച തത്വങ്ങൾക്കനുസൃതമായി ഭേദഗതി ചെയ്ത ഭരണഘടനയുടെ ഒരു കരട് പതിപ്പ് തയ്യാറാക്കാനും, അംഗീകാരത്തിനായി യുഎസ്എസ്ആറിന്റെ സെൻട്രൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു സെഷനിൽ അത് സമർപ്പിക്കാനും ആ ഭരണഘടനാ കമ്മീഷനോട് നിർദ്ദേശിക്കുകയും ചെയ്യുക.

3) യുഎസ്എസ്ആറിലെ സോവിയറ്റ് അധികാര സംവിധാനങ്ങളിലേയ്ക്കുള്ള അടുത്ത തെരഞ്ഞെടുപ്പ് ഇലക്ടറൽ സമ്പ്രദായത്തിൽ നടത്തുക.

അങ്ങിനെ 1924 മുതൽ ഇന്നുവരെയുള്ള കാലയളവിൽ യുഎസ്എസ്ആറിന്റെ ജീവിതത്തിൽ സോഷ്യലിസത്തിന്റെ ദിശയിൽവന്നിട്ടുള്ള മാറ്റങ്ങൾ കണക്കിലെടുത്തുകൊണ്ട് 1924–ൽ അംഗീകരിക്കപ്പെട്ട, ഇന്ന് പ്രാബല്യത്തിലുള്ള ഭരണഘടനയിൽ മാറ്റങ്ങൾ വരുത്തുവാനാണ് ഭരണഘടനാ കമ്മീഷനെ നിയോഗിച്ചത്.

വിവിധ ദേശീയതകൾ തമ്മിലുള്ള സംഘർഷത്തിന്റെ മുഖ്യ സംഘാടകരായ ചൂഷകവർഗ്ഗങ്ങളുടെ അഭാവം, പരസ്പരം അവിശ്വാസം വളർത്തുകയും ദേശീയവികാരങ്ങൾക്ക് തിരികൊളുത്തുകയും ചെയ്യുന്ന ഘടകമായ ചൂഷണത്തിന്റെ അഭാവം, എല്ലാ ദാസ്യാവസ്ഥകളുടെയും ശത്രുവും സാർവ്വദേശീയ ആശയങ്ങളുടെ യഥാർത്ഥ വാഹകരുമായ തൊഴിലാളിവർഗ്ഗത്തിന്റെ കൈകളിലാണ് അധികാരം എന്ന വസ്തുത, സാമ്പത്തികവും സാമൂഹ്യവുമായ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും യഥാർത്ഥത്തിലുള്ള പരസ്പരസഹായത്തിന്റെ പ്രയോഗം സർവ്വോപരി യുഎസ്എസ്ആറിലെ ജനങ്ങളുടെ ദേശീയ സംസ്കാരത്തിന്റെ–രൂപത്തിൽ ദേശീയവും, ഉള്ളടക്കത്തിൽ സോഷ്യലിസ്റ്റുമായ സംസ്കാരത്തിന്റെ– വളർച്ചയും വികാസവും. ഇവയും സമാനമായ മറ്റ് ഘടകങ്ങളും. യുഎസ്എസ് ആറിലെ ജനതകളുടെ അവസ്ഥയിൽ അടിസ്ഥാനപരമായ ഒരു മാറ്റം വരുത്തിയിരിക്കുന്നു. പരസ്പര വിശ്വാസരാഹിത്യത്തിന്റെ വികാരം അവരിൽ ഇല്ലാതായിരിക്കുന്നു, പരസ്പര സൗഹൃദത്തിന്റെ ഒരു വികാരം അവരിൽ വികസിച്ചിരിക്കുന്നു. അങ്ങിനെ ഒരു ഫെഡറൽ രാഷ്ട്രസംവിധാനത്തിനുള്ളിൽ ജനങ്ങൾ തമ്മിൽ യഥാർത്ഥ സാഹോദര്യത്തോടെയുള്ള സഹകരണം സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ഇതിന്റെ ഫലമായി, എല്ലാ പരീക്ഷണങ്ങളെയും അതിജീവിച്ച, പൂർണ്ണവികാസം നേടിയ ഒരു ബഹുദേശീയതാ സോഷ്യലിസ്റ്റ് രാഷ്ട്രം നമുക്കിന്നുണ്ട്, അതിന്റെ സ്ഥിരത ലോകത്തിന്റെ ഏതുഭാഗത്തുമുള്ള ഏതൊരു ദേശീയരാഷ്ട്രത്തിനും അസൂയ ഉളവാക്കുന്നതുമാകാം.

1924–ലെ ഭരണഘടനാ ഭേദഗതി ചെയ്യാനുള്ള നിർദ്ദേശമാണ് ഭരണഘടനാ കമ്മീഷന് നൽകപ്പെട്ടത്. ഭരണഘടനയെ ഒരു പരിപാടിയായി തെറ്റിദ്ധരിക്കരുത് എന്ന അടിസ്ഥാന ധാരണയിൽ നിന്നാണ് ഭരണഘടനാ കമ്മീഷൻ, അതിന്റെ പ്രവർത്തനം ആരംഭിച്ചത്. അതിനർത്ഥം, ഒരു പരിപാടിയും ഒരു ഭരണഘടനയും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടെന്നാണ്. ഒരു പരിപാടി, നിലവിൽ വന്നിട്ടില്ലാത്ത ഒന്നിനെക്കുറിച്ച് പറയുമ്പോൾ, ഒരു ഭരണഘടന, നേടിയെടുക്കാനുള്ള ഒന്നിനെക്കുറിച്ച്, നിലവിലുള്ളതിനെക്കുറിച്ച് , വർത്തമാനകാലത്ത് നേടിയെടുക്കപ്പെട്ടതിനെക്കുറിച്ചാണ് സംസാരിക്കുന്നത്. ഒരു പരിപാടി മുഖ്യമായും ഭാവിയെ സംബന്ധിക്കുന്നതാണ്. ഭരണഘടന വർത്തമാനത്തെ സംബന്ധിക്കുന്നതും.

ഇത് രണ്ട് ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കാം.

നമ്മുടെ സോവിയറ്റ് സമൂഹം, സോഷ്യലിസം യാഥാർത്ഥ്യമാക്കുന്നതിൽ ഇതിനകം വിജയിച്ചുകഴിഞ്ഞു. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിച്ചിരിക്കുന്നു, അഥവാ, കമ്മ്യൂണിസത്തിന്റെ ആദ്യ/താഴ്ന്നഘട്ടം, സോഷ്യലിസം നേടിക്കഴിഞ്ഞു. കമ്മ്യൂണിസത്തിന്റെ ഈ ഘട്ടത്തിന്റെ മൗലികതത്വം നിങ്ങൾക്കറിയാവുന്നതുപോലെ, "ഓരോരുത്തരിൽനിന്നും, അവരുടെ കഴിവനുസരിച്ച്, ഒരോരുത്തർക്കും അവരുടെ പ്രവൃത്തിക്കനുസരിച്ച്" എന്നതാണ്. നമ്മുടെ ഭരണഘടന, ഈ വസ്തുത പ്രതിഫലിപ്പിക്കണോ?, സോഷ്യലിസം നേടിയെടുത്തു എന്ന വസ്തുത? ഈ നേട്ടത്തെ അടിസ്ഥാനമായെടുക്കുന്ന ഒന്നാകണമോ അത്? സംശയമില്ല, അങ്ങിനെയാകണം" കാരണം, യുഎസ്എസ് ആറിൽ, സോഷ്യലിസം എന്നത്, നേടിക്കഴിഞ്ഞു. വിജയിച്ചുകഴിഞ്ഞ ഒന്നാണ്.

പക്ഷേ "ഓരോരുത്തരിൽനിന്നും അവരുടെ കഴിവനുസരിച്ച്, ഓരോരുത്തർക്കും അവരുടെ ആവശ്യകതയനുസരിച്ച്" എന്ന തത്വം നിയന്ത്രിക്കുന്ന കമ്മ്യൂണിസത്തിന്റെ ഉയർന്ന ഘട്ടത്തിൽ സോവിയറ്റ് സമൂഹം എത്തിയിട്ടില്ല, ഭാവിയിൽ ഈ ഘട്ടത്തിലേയ്ക്കെത്തുക എന്ന ലക്ഷ്യം സോവിയറ്റ് സമൂഹം സ്വയം നിശ്ചയിച്ചിട്ടുണ്ട് എങ്കിലും നമ്മുടെ ഭരണഘടന, നിലവിൽവന്നിട്ടില്ലാത്തതും, ഇനിയും നേടേണ്ടതുമായ കമ്മ്യൂണിസത്തിന്റെ ഉയർന്നഘട്ടത്തെ അടിസ്ഥാനപ്പെടുത്തിയ ഒന്നാകാൻ പറ്റുമോ? ഇല്ല, അത് സാധ്യമല്ല, കാരണം യുഎസ്എസ്ആറിൽ, കമ്മ്യൂണിസത്തിന്റെ ഉയർന്നഘട്ടം യാഥാർത്ഥ്യമായിട്ടില്ലാത്ത ഒന്നാണ്. ഭാവിയിൽ യാഥാർത്ഥ്യമാകേണ്ട ഒന്നാണ്. ഒരു പരിപാടിയോ, ഭാവി ലക്ഷ്യങ്ങളെക്കുറിച്ചുള്ള ഒരു പ്രഖ്യാപനമോ ആയി ഭരണഘടന മാറാതിരിക്കണമെങ്കിൽ, അത് സാധ്യമല്ല. (പേജ് 806–807)

ബൂർഷ്വാഭരണഘടനകൾ, സാധാരണയായി പൗരന്മാരുടെ, ഔപചാരിക അവകാശങ്ങൾ പ്രസ്താവിക്കുന്നു. അതിനപ്പുറം, ഈ അവകാശങ്ങൾ പ്രയോഗിക്കുന്നതിനുള്ള സാഹചര്യങ്ങളെക്കുറിച്ച്, അവ പ്രയോഗിക്കുവാനുള്ള അവസരങ്ങളെക്കുറിച്ച്, അവ പ്രയോഗിക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് അവ ചിന്തിക്കാറില്ല..." പുതിയ ഭരണഘടനയുടെ കരടിനെ വ്യത്യസ്തമാക്കുന്നത്, അത് പൗരന്മാരുടെ ഔപചാരിക അവകാശങ്ങൾ പ്രഖ്യാപിക്കുന്നതിൽ ഒതുങ്ങിനിന്നില്ല, പ്രത്യേകിച്ച് ഈ അവകാശങ്ങളുടെ ഉറപ്പാക്കലിൽ ഈ അവകാശങ്ങൾ പ്രയോഗത്തിൽ വരുത്താനുള്ള മാർഗ്ഗങ്ങളിൽ ഊന്നുന്നു എന്ന വസ്തുതയാണ്... അതിനാൽ, പുതിയ ഭരണഘടനയുടെ കരടിന്റെ ജനാധിപത്യവാദം "സാധാരണ" "സാർവ്വലൗകികമായി അംഗീകരിക്കപ്പെട്ട", അമൂർത്തമായ ജനാധിപത്യവാദമല്ല, മറിച്ചത് സോഷ്യലിസ്റ്റ് ജനാധിപത്യവാദമാണ്, എന്നത് വ്യക്തമാക്കുന്നു...

.... ഒരു കൂട്ടം വിമർശകർ... കരുതുന്നത്, ഈ കരടിൽ താൽപ്പര്യജനകമായി ഒന്നുമില്ല, കാരണം, യഥാർത്ഥത്തിൽ അത്... ഒരു പാഴ്ക്കടലാസാണ്, പൊള്ളയായ വാഗ്ദാനമാണ്, ജനങ്ങളെ വഞ്ചിക്കാനുള്ള ഒരു നീക്കമായിട്ട് ഉദ്ദേശിച്ചിട്ടുള്ളതാണ് എന്നൊക്കെയാണ്.. ഈ വിഭാഗം വിമർശകരുടെ ഒരു നല്ല പ്രതിനിധിയാണ് ജർമ്മനിയിലെ അർദ്ധ ഔദ്യോഗിക പത്രമായ ഡ്യൂഷ്.. ഡിപ്ലോമാറ്റിക് പൊളിറ്റിക്സ് കറസ്പോണ്ടൻസ്...

1917–ൽ യുഎസ്എസ്ആറിലെ ജനങ്ങൾ, മുതലാളിവർഗ്ഗത്തെ അധികാര ഭ്രഷ്ടമാക്കി തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം, സോവിയറ്റ് അധികാരം സ്ഥാപിച്ചു. ഇതൊരു വസ്തുതയാണ്, ഒരു വാഗ്ദാനമല്ല, കൂടാതെ, സോവിയറ്റ് അധികാരം, ഭൂപ്രഭു വർഗ്ഗത്തെ ഇല്ലാതാക്കിക്കൊണ്ട്, നേരത്തെ ഭൂപ്രഭു, സർക്കാർ, പുരോഹിത, മഠഭൂമികളായിരുന്ന 150 ദശലക്ഷം ഹെക്ടർ ഭൂമി കർഷകർക്ക് കൈമാറി, അതിനകം കർഷകരുടെ കൈവശമായിരുന്ന ഭൂമികൾക്ക് പുറമേ, ഇതൊരു വസ്തുതയാണ്, വാഗ്ദാനമല്ല.

കൂടാതെ സോവിയറ്റ് അധികാരം, മുതലാളിവർഗ്ഗത്തിന്റെ സ്വത്തുകൾ പിടിച്ചെടുത്തു... ഇതൊരു വസ്തുതയാണ്, വാഗ്ദാനമല്ല.

കൂടാതെ, വ്യവസായവും കൃഷിയും പുതിയ സാങ്കേതിക അടിത്തറയിൽ സോഷ്യലിസ്റ്റ് രീതിയിൽ സംഘടിപ്പിച്ചതോടെ, യുദ്ധത്തിന് മുമ്പുള്ളതിനെ അപേക്ഷിച്ച് ദേശീയ വരുമാനം നാലുമടങ്ങ് വർദ്ധിച്ചു. ഇതെല്ലാം വസ്തുതകളാണ്, വാഗ്ദാനങ്ങളല്ല.

മാത്രമല്ല, സോവിയറ്റ് അധികാരം, തൊഴിലില്ലായ്മ ഇല്ലാതാക്കി, തൊഴിലിനുള്ള അവകാശം കൊണ്ടുവന്നു, വിശ്രമത്തിനും വിനോദത്തിനുമുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം കൊണ്ടുവന്നു. തൊഴിലാളികൾക്കും കർഷകർക്കും ബുദ്ധിജീവികൾക്കും മെച്ചപ്പെട്ട ഭൗതികവും സാംസ്കാരികവുമായ സാഹചര്യങ്ങൾ നൽകി, സാർവ്വത്രികമായ, തുല്യമായ, നേരിട്ടുള്ളതും രഹസ്യബാലറ്റിലൂടെയുള്ളതുമായ വോട്ടവകാശം പൗരന്മാർക്ക് നടപ്പിലാക്കുമെന്നത് ഉറപ്പുവരുത്തി. ഇതെല്ലാം വസ്തുതകളാണ്, വാഗ്ദാനങ്ങളല്ല.

.....അവസാനമായി മറ്റൊരു വിഭാഗം വിമർശകരുണ്ട്. നേരത്തെ പറഞ്ഞ വിഭാഗം, കരട് ഭരണഘടന തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം ഉപേക്ഷിച്ചതായി ആരോപിക്കുമ്പോൾ, ഈ വിഭാഗം, നേരെ മറിച്ച് ആരോപിക്കുന്നത്, ഭരണഘടന യുഎസ്എസ്ആറിലെ നിലവിലുള്ള സ്ഥിതിഗതികളിൽ ഒരു മാറ്റവും വരുത്തുന്നില്ല, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം അതേപടി നിലനിർത്തുന്നു. രാഷ്ട്രീയപാർട്ടികൾക്ക് സ്വാതന്ത്ര്യം നൽകുന്നില്ല, യുഎസ്എസ്ആറിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കിന്നുള്ള നേതൃസ്ഥാനം നിലനിർത്തുന്നു എന്നൊക്കെയാണ്. ഈ വിഭാഗം വിമർശകർ, യുഎസ്എസ്ആറിൽ പാർട്ടികൾക്ക് സ്വാതന്ത്ര്യമില്ലാത്തത് ജനാധിപത്യ തത്വങ്ങളുടെ ലംഘനത്തിന്റെ ലക്ഷണമാണെന്ന് വാദിക്കുന്നു.

പുതിയ ഭരണഘടനയുടെ കരട്, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യ ഭരണക്രമം, നിലനിർത്തുന്നു എന്ന് ഞാനംഗീകരിക്കുന്നു. അതുപോലെ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലവിലുള്ള നേതൃത്വസ്ഥാനവും മാറ്റമില്ലാതെ അത് നിലനിർത്തിയിട്ടുണ്ട്. ബഹുമാന്യരായ വിമർശകർ ഇത് ഭരണഘടനയിലെ ഒരു പിഴവായി കരുതുന്നുവെങ്കിൽ അതിൽ ഖേദിക്കാനേ കഴിയൂ. ഞങ്ങൾ ബോൾഷേവിക്കുകൾ അതിനെ കരടു ഭരണഘടനയുടെ ഒരു മികവായിട്ടാണ് കാണുന്നത്.

വിവിധ രാഷ്ട്രീയ പാർട്ടികൾക്കായുള്ള സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ, ഞങ്ങൾ പ്രായേണ വ്യത്യസ്തമായ വീക്ഷണമുള്ളവരാണ്. ഒരു പാർട്ടി, ഒരു വർഗ്ഗത്തിന്റെ ഭാഗമാണ്, അതിന്റെ ഏറ്റവും മുന്നേറിയ ഭാഗം. നിരവധി പാർട്ടികൾ, അതിലൂടെ പാർട്ടികൾക്കുള്ള സ്വാതന്ത്ര്യം, നിലനിൽക്കുവാൻ കഴിയുന്നത് പരസ്പരം യോജിക്കാനാവാത്ത, ശത്രുതാപരമായ താൽപ്പര്യങ്ങളുള്ള പ്രതിയോഗിത വർഗ്ഗങ്ങൾ ഉള്ള സമൂഹത്തിലാണ്. ഉദാഹരണത്തിന്, മുതലാളികളും തൊഴിലാളികളും, ഭൂപ്രഭുക്കളും കർഷകരും, കുലാക്കുകളും ദരിദ്രകർഷകരും ഉള്ള ഒരു സമൂഹത്തിൽ. പക്ഷേ, യുഎസ്എസ്ആറിൽ, മുതലാളിമാർ, ഭൂപ്രഭുക്കൾ, കുലാക്കുകൾ തുടങ്ങിയ വർഗ്ഗങ്ങൾ നിലവിലില്ല. യുഎസ്എസ്ആറിൽ, രണ്ടുവർഗ്ഗങ്ങളേയുള്ളൂ, തൊഴിലാളികളും കർഷകരും. അവരുടെ താൽപ്പര്യങ്ങളാകട്ടെ, പരസ്പരം ശത്രുതാപരമല്ലെന്നു മാത്രമല്ല, സൗഹാർദ്ദപരമാണ്. അതിനാൽ, യുഎസ്എസ്ആറിൽ, നിരവധി പാർട്ടികൾ നിലനിൽക്കാനുള്ള കാരണമില്ല. അതിനാൽ തന്നെ ഈ പാർട്ടികൾക്കുള്ള സ്വാതന്ത്ര്യത്തിന്റെ ആവശ്യകതയില്ല. യുഎസ്എസ്ആറിൽ ഒരുപാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ള ആവശ്യകത മാത്രമേയുള്ളൂ. യുഎസ്എസ്

*(ശേഷം 7–ാം പേജിൽ)*

# യുഎസ്എസ്ആർ – ന്റെ കരട് ഭരണഘടനയെപ്പറ്റി

(6-ാം പേജിൽ നിന്ന്)
ആറിൽ ഒരു പാർട്ടിക്ക്, തൊഴിലാളികളുടെയും കർഷകരുടെയും താൽപ്പര്യങ്ങൾ അവസാനംവരെ ധൈര്യപൂർവ്വം സംരക്ഷിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മാത്രമേ നിലനിൽക്കാൻ കഴിയൂ. ഈ വർഗ്ഗങ്ങളുടെ താൽപ്പര്യങ്ങൾ മോശമല്ലാത്തനിലയിൽ ഇന്ന് സംരക്ഷിച്ചുവരികയുമാണ് പാർട്ടി എന്നത് തർക്കമറ്റ കാര്യവുമാണ്.

കരട് ഭരണഘടനയെക്കുറിച്ചുള്ള ദേശവ്യാപകമായ ചർച്ചയിൽ നിങ്ങൾക്കറിയാവുന്നതുപോലെ, വലിയൊരു എണ്ണം ഭേദഗതികളും കൂട്ടിച്ചേർക്കലുകളും ഉയർന്നുവന്നു. ഇവയെല്ലാം സോവിയറ്റ് പ്രസിദ്ധീകരണ സംവിധാനത്തിലൂടെ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഭേദഗതികളുടെ വലിയ വൈവിധ്യവും, അവയെല്ലാം ഒരുപോലെ വിലപ്പെട്ടവയല്ല എന്ന വസ്തുതയും കണക്കിലെടുത്ത്, അവയെ എന്റെ അഭിപ്രായത്തിൽ മൂന്ന് വിഭാഗമായി തിരിക്കാം.

ആദ്യത്തെ വിഭാഗത്തിലുള്ള ഭേദഗതികളുടെ പ്രത്യേകത, അവ നേരിട്ട് ഭരണഘടനാവിഷയങ്ങളല്ല സ്പർശിക്കുന്നത്, മറിച്ച്, ഭാവിയിൽ വരാൻപോകുന്ന നിയമനിർമ്മാണ സമിതികളുടെ സ്ഥിരം നിയമനിർമ്മാണ പ്രവർത്തനത്തിന്റെ പരിധിയിൽവരുന്ന വിഷയങ്ങളാണവ പറയുന്നത് എന്നതാണ്.

രണ്ടാമത്തെ വിഭാഗത്തിലുള്ളത്, ചരിത്രപരമായ സൂചനകൾ, സോവിയറ്റ് അധികാരം ഇതിനകം ചെയ്തിട്ടില്ലാത്തതും ഭാവിയിൽ നേടിയെടുക്കേണ്ടതുമായ കാര്യങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ, തുടങ്ങിയവ ഭരണഘടനയിൽ കൂട്ടിച്ചേർക്കുവാൻ ശ്രമിക്കുന്ന ഭേദഗതികളും നിർദ്ദേശങ്ങളുമാണ്... അത്തരം ഭേദഗതികളും നിർദ്ദേശങ്ങളും.. ഭരണഘടനയിൽ നേരിട്ട് ബന്ധപ്പെടാത്തവ എന്ന നിലയിൽ മാറ്റിവയ്ക്കണം എന്നാണ് എനിക്ക് തോന്നുന്നത്.

അവശേഷിക്കുന്ന മൂന്നാമത്തെ വിഭാഗത്തിലുള്ളവയാണ്, കൂടുതൽ വസ്തുതാപരമായി പ്രാധാന്യമുള്ളത്. അവയെക്കുറിച്ച് രണ്ട് വാക്ക് പറയണമെന്ന് ഞാൻ കരുതുന്നു.

1) ആദ്യം,കരട് ഭരണഘടനയുടെ ഒന്നാംവകുപ്പിനെക്കുറിച്ചുള്ള ഭേദഗതികൾ. നാല് ഭേദഗതികൾ, "തൊഴിലാളികളുടെയും കർഷകരുടെയും ഭരണകൂടം" എന്ന വാക്കുകൾ മാറ്റണം എന്ന് നിർദ്ദേശിക്കുന്നു...ഈ ഭേദഗതികൾ സ്വീകരിക്കണോ? അവ സ്വീകരിക്കരുത് എന്നാണ് എനിക്ക് തോന്നുന്നത്. കരട് ഭരണഘടനയുടെ ഒന്നാംവകുപ്പ് എന്തിനെക്കുറിച്ചാണ് പറയുന്നത്? ഒന്നാംവകുപ്പ്, സോവിയറ്റ് സമൂഹത്തിന്റെ ഭരണഘടനയെക്കുറിച്ചാണ് പറയുന്നത്. ഭരണഘടനയിൽ നമ്മുടെ സമൂഹത്തിന്റെ വർഗ്ഗഘടനയുടെ കാര്യം നമ്മൾ മാർക്സിസ്റ്റുകൾക്ക് അവഗണിക്കാൻ പറ്റുമോ? ഇല്ല, നമുക്കത് കഴിയില്ല. നമുക്കറിയാവുന്നതുപോലെ, സോവിയറ്റ് സമൂഹത്തിൽ രണ്ട് വർഗ്ഗങ്ങളാണുള്ളത്, തൊഴിലാളികളും കർഷകരും. ഇക്കാര്യമാണ് കരട് ഭരണഘടനയുടെ ഒന്നാംവകുപ്പ് പറയുന്നത്. തൊഴിലെടുക്കുന്ന ബുദ്ധിജീവികളുടെ കാര്യം എങ്ങനെയെന്ന് ചോദ്യമുണ്ടാകാം. ബുദ്ധിജീവികൾ ഒരിക്കലും ഒരു വർഗ്ഗമായിട്ടില്ല, അതിനൊരിക്കലും ഒരു വർഗ്ഗമാകാനും കഴിയില്ല. സമൂഹത്തിലെ എല്ലാ വർഗ്ഗങ്ങളിൽനിന്നുമുള്ള അംഗങ്ങൾ വന്നുചേരുന്ന ഒരു തലമാണത്. പഴയകാലത്ത്, ബുദ്ധജീവിവിഭാഗത്തിലേയ്ക്ക് അംഗങ്ങൾവന്നിരുന്നത് പ്രഭുവർഗ്ഗത്തിന്റെയും മുതലാളിവർഗ്ഗത്തിന്റെ അണികളിൽനിന്നും ഭാഗികമായി കർഷകരുടെ അണികളിൽനിന്നും വളരെ നിസ്സാരമായി ഒരു പരിധിവരെ തൊഴിലാളികളിൽനിന്നുമായിരുന്നു. നമ്മുടെ കാലത്ത്, സോവിയറ്റുകൾക്ക് കീഴിൽ, ബുദ്ധിജീവി വിഭാഗത്തിലേയ്ക്ക് അംഗങ്ങൾ വരുന്നത് പ്രധാനമായും തൊഴിലാളികളിൽനിന്നും കർഷകരിൽനിന്നുമാണ്. പക്ഷേ, അതിന്റെ അംഗങ്ങൾ എവിടെനിന്നുവന്നാലും, അതിന്റെ സ്വഭാവം എന്തായാലും, ബുദ്ധിജീവികൾ, ഒരു സാമൂഹ്യവിഭാഗമാണ്, ഒരു വർഗ്ഗമല്ല.

ഈ സാഹചര്യം, പണിയെടുക്കുന്ന ബുദ്ധിജീവികളുടെ അവകാശങ്ങൾക്ക് ദോഷകരമാണോ? ഒരിക്കലുമല്ല. കരട് ഭരണഘടനയുടെ ഒന്നാംവകുപ്പ്, സോവിയറ്റ് സമൂഹത്തിന്റെ വിവിധ തട്ടുകളിലുള്ളവരുടെ അവകാശങ്ങളെക്കുറിച്ചല്ല സംസാരിക്കുന്നത്. മറിച്ച്, ആ സമൂഹത്തിന്റെ വർഗ്ഗപരമായ ഘടനയെക്കുറിച്ചാണ്. സോവിയറ്റ് സമൂഹത്തിലെ പണിയെടുക്കുന്ന ബുദ്ധിജീവികൾ ഉൾപ്പെടെയുള്ള വിഭാഗങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് പറയുന്നത് പ്രധാനമായും കരട് ഭരണഘടനയുടെ X, XI വകുപ്പുകളിൽ ആണ്.

2) മറ്റൊരു ഭേദഗതി, നിർദ്ദേശിക്കുന്നത്, യുഎസ്എസ്ആറിൽനിന്ന് സ്വതന്ത്രമായി വിട്ടുപോകാനുള്ള അവകാശം റിപ്പബ്ലിക്കുകൾക്ക് നൽകുന്ന 17-ാം വകുപ്പ് ഭരണഘടനയിൽനിന്ന് പൂർണ്ണമായും നീക്കം ചെയ്യണമെന്നാണ്. ഇതൊരു തെറ്റായ നിർദ്ദേശമാണ്, കോൺഗ്രസ്സ് ഇത് അംഗീകരിക്കരുത് എന്ന് ഞാൻ കരുതുന്നു. തുല്യ അവകാശങ്ങളുള്ള, യൂണിയൻ റിപ്പബ്ലിക്കുകളുടെ സ്വമേധയാ ഉള്ള ഐക്യപ്പെടലാണ് യുഎസ്എസ്ആർ, യുഎസ്എസ്ആറിൽനിന്ന് സ്വതന്ത്രമായി വിട്ടുപോകാനുള്ള അവകാശം നൽകുന്ന വകുപ്പ് ഭരണഘടനയിൽനിന്ന് നീക്കം ചെയ്താൽ, റിപ്പബ്ലിക്കുകളുടെ ഐക്യത്തിന്റെ സ്വമേധയാ എന്ന സ്വഭാവം ലംഘിക്കപ്പെടും. നമുക്കിതിനോട് യോജിക്കാമോ? നമുക്കിതിനോട് യോജിക്കാനാവില്ല, ഇത് അംഗീകരിക്കരുത് എന്നാണെന്റെ അഭിപ്രായം. യുഎസ്എസ്ആറിലെ ഒരു റിപ്പബ്ലിക് പോലും വിട്ടുപോകാൻ ആഗ്രഹിക്കുന്നില്ല, അതിനാൽ 17-ാം വകുപ്പ് പ്രായോഗികമായി അപ്രധാനമാണ് എന്ന് പറയുന്നു. തീർച്ചയായും, യുഎസ്എസ്ആറിൽനിന്ന് വിട്ടുപോകാനാഗ്രഹിക്കുന്ന ഒരൊറ്റ റിപ്പബ്ലിക്ക്പോലുമില്ല എന്നത് ശരിയാണ്. പക്ഷേ അതൊരിക്കലും വിട്ടുപോകാനുള്ള അവകാശം ഭരണഘടനയിൽ ചേർക്കരുത് എന്നർത്ഥമാക്കുന്നില്ല.

3) മറ്റൊരു ഭേദഗതികൂടി പ്രധാനപ്പെട്ടതാണ്. കരട് ഭരണഘടനയുടെ 135-ാം വകുപ്പിനുള്ള ഭേദഗതിയെക്കുറിച്ചാണ് ഞാൻ പറയുന്നത്. അത് നിർദ്ദേശിക്കുന്നത്, മത പുരോഹിതന്മാർ, മുൻ വൈറ്റ്ഗാർഡുകൾ, നേരത്തെ സമ്പത്തും സ്വാധീനവും ഉണ്ടായിരുന്ന എല്ലാ വ്യക്തികളുടെയും സാമൂഹികമായി പ്രയോജനകരമായ തൊഴിലുകളിൽ ഏർപ്പെട്ടിട്ടില്ലാത്തവരുടെയും വോട്ടവകാശം റദ്ദാക്കുക, അതല്ലെങ്കിൽ കുറഞ്ഞപക്ഷം, ഈ വിഭാഗത്തിലെ ആളുകളുടെ വോട്ടവകാശം, തെരഞ്ഞെടുക്കുവാനും, തെരഞ്ഞെടുക്കപ്പെടാനും കഴിയാത്തതായി പരിമിതപ്പെടുത്തുക എന്നാണ്. ഈ ഭേദഗതി തള്ളിക്കളയണം എന്ന് ഞാൻ കരുതുന്നു. പണിയെടുക്കാത്തവരെയും ചൂഷക സ്വഭാവമുള്ളവരെയും വോട്ടവകാശത്തിൽനിന്ന് സോവിയറ്റ് അധികാരം പുറത്താക്കിയത്, എല്ലാക്കാലത്തേയ്ക്കുമല്ല, താൽക്കാലികമായിട്ടായിരുന്നു. ഒരു കാലയളവുവരെ ഈ കൂട്ടർ, ജനങ്ങൾക്കെതിരെ തുറന്ന യുദ്ധം നടത്തുകയും, സോവിയറ്റ് നിയമങ്ങളെ സജീവമായി എതിർക്കുകയും ചെയ്തിരുന്ന ഒരു സമയമുണ്ടായിരുന്നു. ഈ എതിർപ്പിനോട് സോവിയറ്റ് അധികാരത്തിന്റെ പ്രതികരണമായിരുന്നു അവരുടെ വോട്ടവകാശം നിഷേധിച്ചത്. അതിനുശേഷം കുറച്ചുകാലം കഴിഞ്ഞിരിക്കുന്നു. ഈ കാലയളവിൽ, ചൂഷകവർഗ്ഗങ്ങളെ നമ്മൾ ഇല്ലാതാക്കി, സോവിയറ്റ് അധികാരം ഒരു അജയ്യശക്തിയായി മാറി. ഈ നിയമം പുനഃപരിശോധിക്കാനുള്ള സമയമായില്ലേ? സമയമായി എന്നാണ് ഞാൻ കരുതുന്നത്. ഇത് അപകടകരമാണ്, മുൻ വൈറ്റ്ഗാർഡുകൾ, കുലാക്കുകൾ, പുരോഹിതർ തുടങ്ങി സോവിയറ്റ് അധികാരത്തിനോട് വിരോധമുള്ള ചിലർ രാജ്യത്തിന്റെ പരമോന്നത ഭരണസമിതികളിലേയ്ക്ക് നുഴഞ്ഞ് കയറിയേക്കാം എന്ന് പറയപ്പെടുന്നു. പക്ഷേ, ഭയപ്പെടാൻ എന്താണുള്ളത്? ചെന്നായ്ക്കളെ പേടിയാണെങ്കിൽ വനത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുക, ഒന്നാമതായി, മുൻ കുലാക്കുകളിലും വൈറ്റ്ഗാർഡുകളിലും പുരോഹിതരിലും എല്ലാവരും സോവിയറ്റ് അധികാരത്തിന് എതിരല്ല. രണ്ടാമതായി, ഏതെങ്കിലും സ്ഥലത്തെ ജനങ്ങൾ, സോവിയറ്റ് അധികാരത്തോട് ശത്രുതയുള്ളവരെ തെരഞ്ഞെടുത്താൽ അവിടെ നമ്മുടെ പ്രചാരണപ്രവർത്തനം വളരെ മോശമായിരുന്നു എന്നതാണത് കാണിക്കുക. ആ നാണക്കേട് നാം അർഹിക്കുന്നതുമാകും. നേരെമറിച്ച്, നമ്മുടെ പ്രചാരണപ്രവർത്തനം, ബോൾഷേവിക് രീതിയിലാണ് നടത്തപ്പെട്ടതെങ്കിൽ, ശത്രുക്കളെ പരമോന്നത ഭരണസമിതികളിൽ കയറിപ്പറ്റാൻ ജനങ്ങൾ അനുവദിക്കുകയില്ല.

അഞ്ച് മാസം നീണ്ടുനിന്ന ദേശവ്യാപകമായ ചർച്ചകളുടെ ഫലങ്ങൾ വിലയിരുത്തിയാൽ, കരട് ഭരണഘടന ഇപ്പോൾ നടക്കുന്ന കോൺഗ്രസ്സ് അംഗീകരിക്കും എന്ന് കരുതാം.

മുതലാളിത്ത രാജ്യങ്ങളിലെ, ദശലക്ഷക്കണക്കിന് സത്യസന്ധരായ ജനങ്ങൾ സ്വപ്നം കണ്ടത്, ഇപ്പോഴും സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നത്, യുഎസ്എസ്ആറിൽ നേടിക്കഴിഞ്ഞു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയായിരിക്കുമത്.

ഇന്ന് ഫാസിസ്റ്റ് കാടത്തത്തിനെതിരെ പോരാടുന്നവർക്ക്, യുഎസ്എസ്ആറിന്റെ പുതിയ ഭരണഘടന, ധാർമ്മിക പ്രചോദനവും യഥാർത്ഥ പിന്തുണയും നൽകും.

യുഎസ്എസ്ആറിലെ ജനങ്ങൾക്ക്, പുതിയ ഭരണഘടനയുടെ പ്രാധാന്യം, വളരെയേറെയാണ്... മുതലാളിത്ത രാജ്യങ്ങളിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം, യുഎസ്എസ്ആറിന്റെ പുതിയഭരണഘടനയ്ക്ക് ഒരു പ്രവർത്തനപരിപാടിയുടെ പ്രാധാന്യം ഉണ്ടാകും.യുഎസ്എസ്ആറിലെ ജനങ്ങൾക്ക്, അവരുടെ സമരങ്ങളുടെ സംക്ഷേപം, മാനവരാശിയുടെ വിമോചന പോരാട്ടത്തിലെ വിജയങ്ങളുടെ സംക്ഷേപം, എന്ന പ്രാധാന്യം അതിനുണ്ടാവും..."ഇത് നമ്മുടെ തൊഴിലാളിവർഗ്ഗത്തെ, കർഷകരെ, പണിയെടുക്കുന്ന ബുദ്ധിജീവിവിഭാഗത്തെ, ധാർമ്മികമായി ആയുധമണിയിക്കുന്നു. അവരെ മുന്നോട്ടുനയിക്കുന്നു. നമ്മുടെ ശക്തിയിലുള്ള നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുകയും കമ്മ്യൂണിസത്തിന്റെ പുതിയ വിജയങ്ങൾക്ക് വേണ്ടിയുള്ള പുത്തൻ സമരങ്ങൾക്കായി നമ്മെ ഉണർത്തുന്നു".

## പ്രീ പ്രൈമറി ടീച്ചേഴ്സിന്റെയും ഹെൽപ്പേഴ്സിന്റെയും

# ആലപ്പുഴ ജില്ലാ കൺവൻഷൻ

എയ്ഡഡ് സ്കൂളുകളുടെയും ഗവൺമെന്റ് സ്കൂളുകളുടെയും ഭാഗമായി പ്രീപ്രൈമറിയെ അംഗീകരിക്കുക, ഓണറേറിയത്തിനു പകരം സർക്കാർ നിരക്കിലുള്ള ശമ്പളം എയ്ഡഡ്-ഗവ.സ്കൂളുകളിലെ പ്രീ-പ്രൈമറി അധ്യാപകർക്കും ആയമാർക്കും സർക്കാർ നേരിട്ട് നൽകുക, നിലവിൽ ജോലിചെയ്തുവരുന്ന പ്രീപ്രൈമറി ജീവനക്കാരുടെ അന്യായമായ പിരിച്ചുവിടൽ അവസാനിപ്പിക്കാനും തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുക, എല്ലാ ഗവ.ടീച്ചേഴ്സ് ട്രെയിനിംഗ് സ്ഥാപനങ്ങളോടും അനുബന്ധിച്ച് പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സുകൾ കൂടി ആരംഭിക്കുക, പ്രീപ്രൈമറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ സർക്കാർ നിയമിക്കുക തുടങ്ങിയ സുപ്രധാന ആവശ്യങ്ങളുന്നയിച്ചുകൊണ്ട് പ്രീ പ്രൈമറി ടീച്ചേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ഓർഗനൈസേഷൻ(പിപിറ്റിഎച്ച്ഒ) ജില്ലാ കൺവൻഷൻ സംഘടിപ്പിച്ചു.

ആലപ്പുഴ നരസിംഹപുരം ആഡിറ്റോറിയത്തിൽ 2017 ഫെബ്രുവരി 11 നടന്ന കൺവൻഷൻ ആൾ ഇൻഡ്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ.ബി.കെ.രാജഗോപാൽ ഉദ്ഘാടനം ചെയ്തു. പിപിറ്റിഎച്ച്ഒ ജില്ലാ പ്രസിഡന്റ് വി.ഉഷാകുമാരി അധ്യക്ഷത വഹിച്ചു. പിപിറ്റിഎച്ച്ഒ സംസ്ഥാന ജോയിന്റ് സെക്രട്ടറി കെ.പി.സുബൈദ വിഷയാവതരണം നടത്തി. സംഘടനയുടെ സംസ്ഥാന സെക്രട്ടറി വിജയഷോമ ടീച്ചർ, ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി എസ്.സീതിലാൽ, സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന ലീഗൽ കൺവീനർ അഡ്വ. എം.എ ബിന്ദു, കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ സാംസ്കാരിക വേദി അമ്പലപ്പുഴ താലൂക്ക് കൺവീനർ സി.വി.പീതാംബരൻ, ഐഎൻപിഎ സംസ്ഥാന കമ്മിറ്റിയംഗം കെ.പി.മനോഹരൻ, അൺ എയിഡഡ് സ്കൂൾ നോൺ ടീച്ചിംഗ് സ്റ്റാഫ് ഓർഗനൈസേഷൻ ജില്ലാ സെക്രട്ടറി അനിൽ പ്രസാദ് തുടങ്ങിയവർ പ്രസംഗിച്ചു.

പിപിറ്റിഎച്ച്ഒ ജില്ലാ സെക്രട്ടറി ജെ.രശ്മി സ്വാഗതവും ജില്ലാകമ്മിറ്റിയംഗം എസ്.റീന കൃതജ്ഞതയും പറഞ്ഞു. 31 അംഗങ്ങളുള്ള പുതിയ ജില്ലാകമ്മിറ്റിയേയും 75 അംഗ ജനറൽ കൗൺസിലിനെയും കൺവൻഷൻ തെരഞ്ഞെടുത്തു. എസ്.സീതിലാൽ, അഡ്വ. എം.എ.ബിന്ദു, സി.വി.പീതാംബരൻ (രക്ഷാധികാരികൾ) വി.ഉഷാകുമാരി (പ്രസിഡന്റ്) ജെ.രശ്മി (സെക്രട്ടറി) പി.എസ്.സബിത, എസ്.റീന, സുപ്രിയ, എം.സജീന (വൈസ്പ്രസിഡന്റുമാർ) ബിന്ദുലേഖ, റ്റി.പി.വിദ്യ, ജി.ആർ.രശ്മി, ധന്യ (ജോയിന്റ് സെക്രട്ടറിമാർ) സെലിൻ കെ.ബാബു(ട്രഷറർ) എന്നിവരെ ഭാരവാഹികളായും തെരഞ്ഞെടുത്തു. എല്ലാ വിദ്യാഭ്യാസ ഉപജില്ലകളിലും പ്രീപ്രൈമറി ടീച്ചേഴ്സിന്റെയും ഹെൽപ്പേഴ്സിന്റെയും കൺവൻഷനുകൾ വിളിച്ചുചേർക്കാൻ തീരുമാനിച്ചു.




ജില്ലാ കൺവൻഷൻ ആൾ ഇന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ്പ്രസിഡന്റ് അഡ്വ.ബി.കെ.രാജഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

# ജിഷ്ണുവിന്റെ ഘാതകരെ തുറങ്കിലടയ്ക്കാതെ കേരളം പൊറുക്കില്ല

**ഒരുപാട് സ്വപ്നങ്ങളുമായി എഞ്ചിനിയറിംഗ് വിദ്യാഭ്യാസം നേടാൻ കലാലയത്തിലേയ്ക്ക് ആത്മവിശ്വാസത്തോടെ നടന്നുപോയ പമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണുപ്രണോയിയുടെ അതിദാരുണമായ അന്ത്യത്തിന് സാക്ഷ്യം വഹിക്കേണ്ടിവന്ന കേരള സമൂഹം, രണ്ടു മാസത്തിന് ശേഷവും പ്രതികളെ അന്വേഷിച്ച് നടക്കുന്ന സംസ്ഥാന പോലീസ് സേനയുടെ നിഷ്ക്രിയത്വത്തെ പല വിധത്തിൽ അപലപിക്കുകയുണ്ടായി. നിയമത്തിന്റെ ദുർബ്ബലമായ കണ്ണികൾ പൊട്ടിച്ചുകളഞ്ഞ് രക്ഷപ്പെടാൻ അനായാസം കഴിയുന്ന ഉന്നതരാണ് പ്രതിസ്ഥാനങ്ങളിൽ നിൽക്കുന്നതെന്ന കാര്യം ഏവർക്കുമറിയാം. സ്വാശ്രയ കലാലയങ്ങൾ വിദ്യാർത്ഥികളുടെ ജീവനെടുക്കുന്ന സ്ഥാപനങ്ങളായി മാറിയാലും, അതിന് നേതൃത്വം നൽകുന്നവർ അതത് സ്ഥാപനമേധാവികൾ തന്നെയാണെന്ന് തെളിയിക്കപ്പെട്ടാലും ഉന്നത രാഷ്ട്രീയ ബന്ധങ്ങൾ ഉണ്ടെങ്കിൽ അവരൊക്കെ രക്ഷപ്പെടും എന്നതിന്റെ തെളിവാണ് ജിഷ്ണുവധവും അതിനെതുടർന്ന് പോലീസും ഗവൺമെന്റും മാനേജ്മെന്റും പരസ്പരധാരണയോടെ നടത്തികൊണ്ടിരിക്കുന്ന ഒത്തുകളികളും.**

ജിഷ്ണുവിനെ കൊന്നതാണ്. എന്നാൽ, അത് തെളിയിക്കാൻ രാഷ്ട്രീയ ഇടപെടൽ കാരണം പോലീസ് തയ്യാറല്ല. കൊലക്കുറ്റത്തിന് പകരം കേസ്സ് ആത്മഹത്യാ പ്രേരണാകുറ്റം മാത്രമായി കോടതി മുറിയിൽ മാറിയതെങ്ങനെയെന്നും എന്തുകൊണ്ടാണ് തെളിവുകൾ വളരെ വിദഗ്ദമായി തേയ്ച്ചുമായ്ച്ചു കളഞ്ഞതെന്നും മനസ്സിലാക്കാൻ സാധാരണ ജനങ്ങൾക്ക് കഴിയുന്നുണ്ട്.ഒന്നാം പ്രതി പി. കൃഷ്ണദാസ് മുൻകൂർ ജാമ്യം നേടിയതെങ്ങനെയെന്നും വ്യക്തമാണ്.

നെഹ്റു കോളേജ് മാനേജ്മെന്റ് ജിഷ്ണുവിനെ മുമ്പേ തന്നെ നോട്ടമിട്ടിരുന്നു. മാനേജുമെന്റിന്റെ ഫേസ്ബുക്ക് പോസ്റ്റിട്ട ജിഷ്ണു, കോളേജ് മാനേജ്മെന്റ് സെമസ്റ്റർ പരീക്ഷ പെട്ടെന്ന് നടത്താൻ തീരുമാനിച്ച നടപടിയേയും ചോദ്യം ചെയ്തിരുന്നു. യൂണിവേഴ്സിറ്റി പരീക്ഷകൾ ഏറ്റവും ചുരുങ്ങിയത് പതിനഞ്ചുദിവസം മുമ്പെങ്കിലും അറിയിപ്പ് നൽകിവേണം നടത്താൻ എന്ന് ചൂണ്ടിക്കാണിക്കുകയും പരാതി നൽകുകയും സോഷ്യൽ മീഡിയയിൽ ക്യാമ്പയിൻ നടത്തുകയും ചെയ്ത ജിഷ്ണുവിനെതിരെ പ്രതികാരനടപടിയെന്ന നിലയിലാണ് കോളേജ് ചെയർമാൻ പി. കൃഷ്ണദാസിന്റെ നിർദ്ദേശപ്രകാരം പിആർഒ സഞ്ജിത്ത് വിശ്വനാഥനും അസിസ്റ്റന്റ് പ്രൊഫ. സി.പി.പ്രവീണും വൈസ് പ്രിൻസിപ്പാൾ ശക്തിവേലും ചേർന്ന് കോപ്പിയടിച്ചെന്ന കള്ളക്കഥ മെനയാൻ തീരുമാനിച്ചത്. പരീക്ഷയ്ക്കിടയിൽ, വൈസ് പ്രിൻസിപ്പാൾ ശക്തിവേലും സഞ്ജിത്ത് വിശ്വനാഥനും ഹാളിൽ കയറി ജിഷ്ണുവിന്റെ ഉത്തരക്കടലാസ് ബലംപ്രയോഗിച്ച് പിടിച്ചുവാങ്ങി, കോപ്പിയടിച്ചുവെന്ന് അന്യായമായി ആരോപിച്ച്, എഴുതിയ ഉത്തരങ്ങൾ വെട്ടിക്കളയാൻ നിർബന്ധിച്ചു.

അങ്ങനെയൊരു കോപ്പിയടി യഥാർത്ഥത്തിൽ അവിടെ നടന്നിട്ടില്ലായെന്ന് ആ ഹാളിൽ പരീക്ഷയ്ക്കിരുന്ന എല്ലാ വിദ്യാർത്ഥികളും ഏകസ്വരത്തിൽ പറയുന്നു. ജിഷ്ണു കണ്ടെഴുതിയെന്ന് പറയുന്ന വിദ്യാർത്ഥി(മറ്റൊരു ജിഷ്ണു) ഇരുന്നത് ജിഷ്ണുവിന്റെ മുമ്പിലാണ്. ഉത്തരമെഴുതുന്നത് കടലാസിലല്ലായിരുന്നു, ബുക്ക്ലെറ്റ് മോഡൽ ആൻസർ ഷീറ്റിലായിരുന്നു. അതുകൊണ്ടുതന്നെ എഴുന്നേറ്റ് നിന്നാൽ മാത്രമേ കോപ്പിയടിക്കാൻ കഴിയൂ. കണ്ടെഴുതിയെന്ന വാദം പൊളിഞ്ഞതോടെയാണ് തുണ്ടുകടലാസ് വെച്ചാണ് കോപ്പിയടിച്ചത് എന്ന കഥയുണ്ടാക്കിയത്. എന്നാൽ, ആ തുണ്ട് കടലാസ് കാണിക്കാൻ ജിഷ്ണുവിന്റെ ബന്ധുക്കൾ പി.കൃഷ്ണദാസിനോട് ആവശ്യപ്പെട്ടപ്പോൾ അയാളുടെ ഭാവം മാറി. വെറുതെ പ്രശ്നമുണ്ടാക്കാൻ നിൽക്കണ്ടായെന്നാണ് കൃഷ്ണദാസ് പ്രതികരിച്ചതെന്നാണ് ജിഷ്ണുവിന്റെ അമ്മാവൻ ശ്രീജിത്ത് പറഞ്ഞത്.

**ജിഷ്ണുവിന് ഇടിമുറിയിൽ ക്രൂരപീഡനം**

കോപ്പിയടിച്ചിട്ടില്ലായെന്ന് കരഞ്ഞു പറഞ്ഞുകൊണ്ടിരുന്ന ജിഷ്ണുവിന്റെ നേരെ ആക്രോശിച്ചുകൊണ്ട് വൈസ് പ്രിൻസിപ്പാൾ ശക്തിവേൽ, കോപ്പിയടിച്ചതിന്റെ പേരിൽ പിടികൂടിയതിനാൽ ഉത്തരകടലാസുകൾ വെട്ടിക്കളഞ്ഞതാണെന്ന് എഴുതികൊടുക്കാൻ ആവശ്യപ്പെട്ടു. അതിനുശേഷം പിആർഒയുടെ മുറിയിലേയ്ക്ക് കൊണ്ടുപോയ ജിഷ്ണുവിനെ അതിക്രൂരമായിട്ടാണ് ശക്തിവേലും സഞ്ജിത്തും പ്രവീണും ചേർന്ന് മർദ്ദിച്ചത്. അവരുടെ മുറികളിൽ കണ്ട ചോരപ്പാടുകൾ ജിഷ്ണുവിന്റേത് തന്നെയാണെന്ന് കരുതേണ്ടിവരും. 5.15 ന് പ്രിൻസിപ്പാളിന്റെ മുറിയിൽ നിന്നും ജിഷ്ണു ഹോസ്റ്റലിലേയ്ക്ക് നടന്നുപോയത് കണ്ടത് ജിഷ്ണുവിന് മുന്നിലിരുന്ന് പരീക്ഷയെഴുതിയ വിദ്യാർത്ഥിതന്നെയായിരുന്നു. എന്നാൽ, ഹോസ്റ്റലിൽ എത്തുന്നത് ആറുമണി സമയം കഴിഞ്ഞിട്ടാണ്. 6.45 നാണ് ഒരു തോർത്ത് കഴുത്തിൽ കുരുങ്ങിയ രീതിയിൽ, ഹോസ്റ്റൽ മുറിയിലെ ഡ്രെസ്സ്ക്ലിപ്പിൽ തൂങ്ങിയ നിലയിൽ ജിഷ്ണുവിനെ കണ്ടെത്തുന്നത്. അപ്പോൾ, ജിഷ്ണുവിന് ജീവനുണ്ടായിരുന്നു. എന്നാൽ, ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകാൻ അദ്ധ്യാപകൻ സി.പി.പ്രവീൺതന്റെ കാർ നൽകാൻ വിസമ്മതിക്കുകയാണുണ്ടായത്. വിദ്യാർത്ഥികൾ മറ്റൊരു കാർ സംഘടിപ്പിച്ചിട്ടാണ് ജിഷ്ണുവിനെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്നത്. എന്തുകൊണ്ടാണ്, മരണത്തോട് മല്ലടിച്ചുകൊണ്ടിരുന്ന സ്വന്തം വിദ്യാർത്ഥിയെ ആശുപത്രിയിലെങ്കിലും എത്തിക്കാനുള്ള കരുണ കാട്ടാൻ ആ അധ്യാപകൻ തയ്യാറാകാതിരുന്നത്?

**എല്ലാതെളിവുകളും നശിപ്പിച്ചു**

ജിഷ്ണുവിന്റെ മരണശേഷം മാനേജ്മെന്റ് പ്രതിനിധികളാരും ഒരിക്കൽ പോലും ജിഷ്ണുവിന്റെ വീട്ടിലെത്തുകയോ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കുകയോ ചെയ്തില്ല. പോസ്റ്റുമാർട്ടം ഒരു ഫോറൻസിക് വിദഗ്ധന്റെ സാന്നിദ്ധ്യത്തിൽ നടത്തണമെന്ന് ബന്ധുക്കൾ ആവശ്യപ്പെട്ടിട്ടും അതിന് അധികാരികൾ തയ്യാറായില്ല. പി.ജി.വിദ്യാർത്ഥി നടത്തിയ പോസ്റ്റുമാർട്ടം അനുസരിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ ജിഷ്ണുവിന് മർദ്ദനമേറ്റതിന്റെ എന്തെങ്കിലും സൂചനകൾ പോലും കാണുന്നില്ല. എന്നാൽ, പോലീസ് തയ്യാറാക്കിയ ഇൻക്വസ്റ്റ് റിപ്പോർട്ടിൽ മൂക്കിൽ മുറിവിന്റെ പാടും കാൽവെള്ളയിലും കൈയിലും തോളിലും അടിയേറ്റതിന്റെയും രക്തം കട്ടപിടിച്ചതിന്റെയും പാടുകൾ ഉണ്ട് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതെന്തുകൊണ്ട് പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ വന്നില്ല.?

അതിനർത്ഥം പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ കൃത്രിമം കാട്ടാൻ തുടക്കം മുതൽതന്നെ ബന്ധപ്പെട്ടവർ ഇടപെട്ടിരുന്നുവെന്നാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ പോലീസ്/ഫോറൻസിക് വിഭാഗത്തെയും മാനേജ്മെന്റ് പണം കൊടുത്ത് വിലയ്ക്കെടുത്തിട്ടുണ്ടാകണം. ഏറ്റവുമൊടുവിൽ, ഈ വിഷയങ്ങളൊക്കെ വലിയ വാർത്തകളായി മാധ്യമങ്ങളിൽ വന്നതിനെതുടർന്ന് 5പേരെ പ്രതികളാക്കി പോലീസ് എഫ്ഐആർ തയ്യാറാക്കി. പി.കൃഷ്ണദാസും സഞ്ജിത്തും സി.പി.പ്രവീണും



സമരസംഗമം എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്യുന്നു

ശക്തിവേലും പ്രതികളായി. എന്നാൽ, അവർക്കെതിരെ ആത്മഹത്യാ പ്രേരണാകുറ്റമാണ് എഫ്ഐആറിൽ ചേർത്തത്. ഗൂഢാലോചന, തെളിവ് നശിപ്പിക്കൽ തുടങ്ങിയ കുറ്റങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.



പാമ്പാടി നെഹ്റു കോളേജ് സമരത്തിന് അഭിവാദ്യമർപ്പിച്ചുകൊണ്ട് സമരകേന്ദ്രത്തിലേയ്ക്ക് എഐഡിഎസ്ഒ പ്രവർത്തകർ നടത്തിയ പ്രകടനം

**വിദ്യാർത്ഥികൾ പ്രക്ഷോഭരംഗത്ത്**

നെഹ്റു കോളേജിലെ വിദ്യാർത്ഥികളുടെ സമരം വളർത്തിയെടുക്കാൻ സേവ് എഡ്യൂക്കേഷൻ കമ്മിറ്റിയും എഐഡിഎസ്ഒ യും നിരന്തരമായി പരിശ്രമം ആരംഭിച്ചിരുന്നു. സേവ് എഡ്യൂക്കേഷൻ കമ്മിറ്റിയുടെ ശ്രമഫലമായി, ജിഷ്ണുവിന്റെ ഘാതകരെ അറസ്റ്റ് ചെയ്യുക എന്ന പ്രധാനപ്പെട്ട ഡിമാന്റ് രൂപപ്പെടുത്താനും വിദ്യാർത്ഥികളുടെ സ്വതന്ത്രമായ സമരവേദിക്ക് രൂപം നൽകാനും ലക്കിടിയിൽ ജനുവരി ആദ്യയാഴ്ച ചേർന്ന വിദ്യാർത്ഥികളുടെ യോഗത്തിന് കഴിഞ്ഞു. നെഹ്റു കോളേജ് സ്റ്റുഡൻസ് അസോസിയേഷൻ രൂപം കൊണ്ടതിനെതുടർന്ന് വിദ്യാർത്ഥികളുടെ സമരം, ജിഷ്ണുവിന്റെ കൊലപാതകത്തിന്റെ 35-ാം ദിനത്തിൽ കോളേജിനു മുന്നിൽ ആരംഭിക്കാൻ കഴിഞ്ഞു. ആ സമരത്തിന് പിന്തുണയർപ്പിച്ചുകൊണ്ട് നിരവധി വിദ്യാർത്ഥിസംഘടനകളും രാഷ്ട്രീയ പാർട്ടികളും മറ്റ് ബഹുജനസംഘടനകളും കൂടി അണിനിരന്നതോടെ പ്രക്ഷോഭം വലിയ മാനങ്ങൾ കൈവരിച്ചു. സർക്കാരിന് മേൽ കടുത്ത സമ്മർദ്ദം ചെലുത്താൻ ആ പ്രക്ഷോഭത്തിന് കഴിഞ്ഞു. വാസ്തവത്തിൽ അതിന്റെ ഫലമായിട്ടാണ് പി.കൃഷ്ണദാസ് ഉൾപ്പെടെയുള്ളവരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്താനെങ്കിലും സർക്കാർ തയ്യാറായത്

**സർക്കാർ മാനേജ്മെന്റുമായി ഒത്തുകളിച്ചു**

എന്നാൽ വിദ്യാർത്ഥിസമരത്തെതുടർന്ന് തൃശ്ശൂർ ജില്ലാ കളക്ടറുമായി ഫെബ്രുവരി 15 ന് നടന്ന ചർച്ചയിൽ ചില ഒത്തുതീർപ്പുവ്യവസ്ഥകൾ അംഗീകരിക്കപ്പെട്ടെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനെ സംബന്ധിച്ച് ഒരു ഉറപ്പും നൽകാൻ അധികാരികൾ തയ്യാറായില്ല. എത്രയും വേഗം അറസ്റ്റ് ചെയ്യുമെന്ന് മാത്രം പറഞ്ഞ് തടിതപ്പുകയാണ് പോലീസും കളക്ടറും ചെയ്തത്. എന്നാൽ, പിറ്റേദിവസം, ഫെബ്രുവരി 16ന് പി.കൃഷ്ണദാസ് മുൻകൂർ ജാമ്യഹർജിക്കായി ഹൈക്കോടതിയെ സമീപിക്കുകയും കോടതി ഇടക്കാലജാമ്യം അനുവദിക്കുകയും ചെയ്യുന്ന സ്ഥിതിയാണുണ്ടായത്. സർക്കാർ അഭിഭാഷകൻ, പബ്ലിക് പ്രോസിക്യൂട്ടർ മഞ്ചേരി ശ്രീധരൻനായർ മാനേജ്മെന്റുമായി ഒത്തുകളിച്ചു. അഥവാ പ്രതികളെ രക്ഷിക്കാനുള്ള കേരളസർക്കാരിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന നഗ്നമായനിലപാട് പബ്ലിക് പ്രോസിക്യൂട്ടർ കൈകൊണ്ടു. അതിനെതുടർന്ന്, പബ്ലിക് പ്രോസിക്യൂട്ടർ സ്ഥാനത്ത് നിന്ന് മഞ്ചേരി ശ്രീധരൻനായരെ മാറ്റണമെന്നും പകരം സത്യസന്ധനായ മറ്റൊരു പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്നും സേവ് എഡ്യൂക്കേഷൻ കമ്മിറ്റി ആവശ്യപ്പെട്ടു. ബന്ധുക്കളും അതേ ആവശ്യം ഉന്നയിച്ചതിനെതുടർന്ന് സി.പി.ഉദയഭാനുവിനെ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കുകയുണ്ടായി.

എന്നിട്ടും പി.കൃഷ്ണദാസ് മാർച്ച് 2 ന് മുൻകൂർ ജാമ്യം നേടി. തെളിവുകളുടെ അഭാവത്തിലാണ് കൃഷ്ണദാസിന്റെ രക്ഷപ്പെടൽ. അഥവാ തെളിവുകളെ തന്റെ താൽപര്യങ്ങൾക്കുവേണ്ടി വളച്ചൊടിക്കാൻ കൃഷ്ണദാസിന് കഴിഞ്ഞു. സർക്കാർ ആദ്യം മുതൽ സ്വീകരിച്ച അലംഭാവം നിറഞ്ഞ നിലപാടുകളിലെ പഴുതുകൾ ഉപയോഗിച്ചുകൊണ്ടാണ് പ്രതി മുൻകൂർ ജാമ്യം നേടിയത്.

പ്രതികൾ രക്ഷപ്പെടുകയും ജിഷ്ണുവിന് നീതി വളരെ അകലെയാണെന്ന് വരികയും ചെയ്യുന്ന ഒരു സാഹചര്യത്തിലാണ് കാര്യങ്ങൾ വന്നെത്തിയിരിക്കുന്നത്. ജിഷ്ണുവിന്റെ അമ്മയും അച്ഛനും മാനസികമായും ശാരീരികമായും ആകെ തകർന്ന അവസ്ഥയിലാണ്. ആഭ്യന്തരവകുപ്പ് കൈയാളുന്ന മുഖ്യമന്ത്രി പിണറായി വിജയനോട് അച്ഛനും അമ്മയും ഇതരകുടുംബാംഗങ്ങളും പ്രതികളെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യാനുള്ള സന്മനസ്സ് കാട്ടണമെന്ന് ആവശ്യപ്പെട്ടിട്ടും, ജിഷ്ണു കൊല്ലപ്പെട്ട് രണ്ട് മാസം കഴിഞ്ഞിട്ടും അതിനുള്ള ഒരു നീക്കവും സർക്കാർ ഭാഗത്തുനിന്നുണ്ടായില്ല.

പ്രതികൾ അറസ്റ്റ് ചെയ്യപ്പെട്ടാലും നിയമത്തിന്റെ പഴുതുകൾ മൂലം ശിക്ഷയിൽ നിന്ന്

(ശേഷം 9-ാം പേജിൽ)

# കേസ് പുനരന്വേഷിക്കണം

(8-ാം പേജിൽ നിന്ന്)

ഒരു പക്ഷേ രക്ഷപ്പെട്ടേയ്ക്കാം. കേസ്സ് അന്വേഷണത്തിന്റെ ആദ്യഘട്ടങ്ങളിൽ ഉണ്ടായ ഗുരുതരമായ വീഴ്ചകൾ, തെളിവുകൾ പൂർണ്ണമായി ഇല്ലാതാക്കാൻ കാരണമായിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്തിട്ടു മുഖ്യമന്ത്രി പിണറായി വിജയൻ വീട്ടിലേയ്ക്ക് വന്നാൽ മതിയെന്ന് ജിഷ്ണുവിന്റെ അമ്മ ഒരുഘട്ടത്തിൽ പറയാനിടയായതും അവരനുഭവിച്ചുകൊണ്ടിരിക്കുന്ന മനോവേദനയുടെ പ്രതിഫലനമായിട്ടാണ്. പിന്നീട് ഞങ്ങൾ സമരത്തിനില്ല, ദുർബ്ബലരാണ്, ഞങ്ങൾക്ക് നീതി നൽകാൻ കനിവ് കാണിക്കണം എന്ന് അപേക്ഷാസ്വരത്തിൽ പത്രക്കാരോട് പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞതും മഹിജ തന്നെ. മകനെ നഷ്ടപ്പെട്ട ഒരമ്മയുടെ ഹൃദയഭേദകമായ അവസ്ഥാന്തരങ്ങളാണിതെല്ലാം. ആ അമ്മയ്ക്ക് നീതിനൽകണമെങ്കിൽ ഘാതകരെ തുറുങ്കിലടയ്ക്കാൻ പിണറായി സർക്കാർ ഇച്ഛാശക്തി കാണിക്കണം.

**കേസ്സ് പുനരന്വേഷിക്കണം. റീ-പോസ്റ്റുമാർട്ടം നടത്തണം**

ദുർബ്ബലമായ ഒരു കുറ്റപത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ കേസ്സിലെ പ്രതികളെ ശിക്ഷിക്കുവാനാവശ്യമായ നിയമപോരാട്ടം നടത്താനാവില്ല. മുൻകൂർ ജാമ്യാപേക്ഷ റദ്ദാക്കാൻ സുപ്രീംകോടതിയെ സമീപിയ്ക്കണമെന്ന മഹിജയുടെ ആവശ്യം സംസ്ഥാന സർക്കാർ ഏറ്റെടുത്താലും തെളിവുകളുടെ അഭാവത്തിൽ പി.കൃഷ്ണദാസ് രക്ഷപ്പെട്ടേയ്ക്കാം. അതുകൊണ്ട് കേസ്സ് കൃത്യമായ രീതിയിൽ പുനരന്വേഷിച്ച് ജിഷ്ണുവിന്റെ മരണം യഥാർത്ഥത്തിൽ ഏങ്ങനെ സംഭവിച്ചതാണെന്നതിന്റെ എല്ലാ വസ്തുതകളും വെളിച്ചത്ത് കൊണ്ടുവരണം. നശിപ്പിക്കപ്പെട്ട തെളിവുകൾ ശേഖരിയ്ക്കണമെങ്കിൽ റീ പോസ്റ്റുമാർട്ടം വേണ്ടിവരും. ജിഷ്ണുവിന്റെ കഴുത്തിൽ മുറുക്കിയ തോർത്ത് പോലീസ് കസ്റ്റഡിയിലുണ്ടാവും. അത് ഫോറൻസിക് ലാബിൽ പരിശോധിക്കണം. ഇടിമുറിയിൽ കണ്ടെത്തിയ രക്തത്തുള്ളികൾ ആരുടേതെന്ന് കണ്ടെത്താൻ, വിദഗ്ധപരിശോധനയും കൂടിയേ തീരൂ. പ്രതികൾക്ക് ഒരു വിധത്തിലും സ്വാധീനിക്കാൻ കഴിയാത്ത ഉന്നതോദ്യോഗസ്ഥർ കേസ്സ് അന്വേഷിക്കണം. അതൊക്കെ സംഭവിക്കണമെങ്കിൽ എൽഡിഎഫ് സർക്കാർ വച്ചുപുലർത്തുന്ന സ്വാശ്രയ മാഫിയ ബന്ധം പൂർണ്ണമായി അവസാനിപ്പിക്കുകയാണ് ആദ്യം വേണ്ടത്.

**സ്വാശ്രയ വിദ്യാഭ്യാസക്കച്ചവടക്കാർക്ക് ശക്തി പകരുന്ന സർക്കാർ നയമാണ് പ്രശ്നം**

വിദ്യാഭ്യാസത്തെ ആദ്യമവർ കച്ചവടവസ്തുവാക്കി മാറ്റി. അതിന്റെ വാണിജ്യസാധ്യതകളെ വിനിമയം ചെയ്യാൻ ആവശ്യമായ നയങ്ങൾ എൽഡിഎഫ്-യുഡിഎഫ് സർക്കാരുകളും കേന്ദ്ര സർക്കാരും രൂപപ്പെടുത്തികൊടുക്കുകയായിരുന്നു. കച്ചവടത്തിന്റെ ഫോർമുലകൾ 50:50 മുതൽ തുടങ്ങി ഫീസും കോഴയും യഥേഷ്ടം വാങ്ങുന്നതുവരെയുള്ള കാര്യങ്ങൾക്ക് പഴുതുകൾ ഒരുക്കികൊടുത്തു.

ക്രമേണ, കച്ചവട മാഫിയ കോളേജുകളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ദൈനംദിന വ്യവഹാരങ്ങളിൽ വരെ ഇടപെടാൻ തുടങ്ങി. സിസി ടിവി ക്യാമറകൾ കോളേജുകളിൽ സ്ഥാപിക്കപ്പെടാൻ തുടങ്ങി. സംഘടനാസ്വാതന്ത്ര്യം പാടില്ലായെന്ന് വാദിച്ചുതുടങ്ങിയവർ കലാലയങ്ങളിലെ കുട്ടികളുടെ സൗഹൃദങ്ങളിൽ പോലും ഇടപെടാൻ തുടങ്ങി. മാനസികമായും ശാരീരികമായും ഉപദ്രവിച്ചാലും ആരും ചോദ്യം ചെയ്യാനില്ലായെന്ന അവസ്ഥ ക്രമേണ സംജാതമായി. മനുഷ്യാവകാശങ്ങൾ ലംഘിക്കാൻ അവർക്ക് നൽകുന്ന ലൈസൻസാണ് വർഷാവർഷം സംസ്ഥാന സർക്കാരുകളുമായി മാനേജ്മെന്റുകൾ ഒപ്പുവെയ്ക്കുന്ന കരാറുകൾ എന്ന മട്ടിലായിരുന്നു കാര്യങ്ങൾ. ഇന്റേണൽ അസ്സസ്മെന്റ്, പെൺകുട്ടികളെ ലൈംഗികമായി പോലും പീഡിപ്പിക്കാൻ മാനേജ്മെന്റിനും അധ്യാപർക്കും അവസരമൊരുക്കുന്ന ഏർപ്പാടായി അധഃപതിച്ചിട്ടും സർവ്വകലാശാലകളും സർക്കാരുകളും കാഴ്ചക്കാരായി നിൽക്കുന്ന അവസ്ഥ അതീവ ദയനീയമാണ്.

**സമഗ്രമായ നിയമനിർമ്മാണമാണ് ആദ്യം വേണ്ടത്**

വിദ്യാഭ്യാസവുമായി ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് സ്വാശ്രയ സ്ഥാപനങ്ങളിൽ നടക്കുന്നത്. ഉയർന്ന വ്യക്തിത്വങ്ങളെ സൃഷ്ടിക്കുന്നതിനും വളർത്തുന്നതിനും പകരം അടിമകളെ സൃഷ്ടിക്കുന്ന കേന്ദ്രങ്ങളായി സ്വാശ്രയ കോളേജുകൾ മാറിയിരിക്കുന്നു. മാനേജ്മെന്റുകളുടെ അപ്രമാദിത്വമാണ് അവിടങ്ങളിൽ അരങ്ങുവാഴുന്നത്. ഒരു നിയമവും അവർക്ക് ബാധകമല്ലായെന്ന ധാർഷ്ട്യം നിറഞ്ഞ സമീപനമാണ് ടോം ടി.ജോസഫുമാരെയും കൃഷ്ണദാസുമാരെയും ലക്ഷ്മിനായർമാരെയും മറ്റും സൃഷ്ടിക്കുന്നത്. അതൊന്നും ആരുമെവിടെയും ചോദ്യം ചെയ്യുന്നില്ല. രാഷ്ട്രീയകക്ഷി നേതാക്കളും ഭരണാധികാരികളും സ്വാശ്രയ മേലാളന്മാർ നൽകുന്ന ഉച്ഛിഷ്ടവും ഭക്ഷിച്ചുകൊണ്ട് വാലാട്ടിനിൽക്കുന്നതുകൊണ്ട്, കുട്ടികൾക്ക് ശബ്ദിക്കാൻ പോലും കഴിയുന്നില്ല.

സ്വാശ്രയവിദ്യാഭ്യാസ സങ്കൽപ്പം തന്നെ വിദ്യാഭ്യാസ വിരുദ്ധമാണെന്ന കാര്യം ഇതുവരെയുള്ള അനുഭവം തെളിയിക്കുന്നു. എന്നാൽ, ഒറ്റയടിക്ക് ആ സമ്പ്രദായം അവസാനിപ്പിക്കാൻ ബുദ്ധിമുട്ടാണെങ്കിൽ, ക്രമേണ അതിന്റെ ഗുണഭോക്താക്കളായ മാഫിയ സംഘങ്ങൾക്ക് അതിനുള്ള അവസരങ്ങൾ നിഷേധിച്ചുകൊണ്ടും മാനേജ്മെന്റുകളെ വരിഞ്ഞുമുറുക്കികൊണ്ടും ഫലപ്രദമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കഴിയണം. നിയമസഭയിൽ സമഗ്രമായ ഒരു നിയമ നിർമ്മാണം നടത്താൻ കേരളസർക്കാർ തയ്യാറാകുന്നതിലൂടെ മാത്രമേ സ്വാശ്രയ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് ശാശ്വതമായി പരിഹാരം കാണാൻ കഴിയൂ. രാഷ്ട്രീയ നേതാക്കളും സ്വാശ്രയമാനേജ്മെന്റുകളുമായിട്ടുള്ള അവിശുദ്ധമായ എല്ലാ ഇടപാടുകളും അവസാനിപ്പിക്കാനും തയ്യാറാകണം.



എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് സമരകേന്ദ്രം ഉദ്ഘാടനം ചെയ്യുന്നു

**വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം വളരട്ടെ**

വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം, സംഘടിക്കുവാനും ജനാധിപത്യപരമായ പ്രക്ഷോഭങ്ങളുടെ ഭാഗത്ത് മുന്നേറുവാനും ഒരു പ്രസ്ഥാനം ആവശ്യമായിരിക്കുന്നു. സ്വാശ്രയ കലാലയങ്ങളിൽ വിദ്യാർത്ഥിയൂണിയനുകൾ രൂപവൽകരിക്കപ്പെടണം. കക്ഷിരാഷ്ട്രീയത്തിന്റെ കെട്ടുപാടുകളില്ലാതെ സെൽഫ് ഫൈനാൻസിംഗ് കോളേജ് സ്റ്റുഡന്റ്സ് അസോസിയേഷനുകൾ രൂപപ്പെടുത്തേണ്ടതുണ്ട്. നെഹ്റു കോളേജിലെ വിദ്യാർത്ഥി സമരത്തിലൂടെ അവിടെ രൂപം കൊണ്ട കോളേജ് യൂണിയൻ തീർച്ചയായും വിപ്ലവകരമായ പ്രധാന്യമർഹിക്കുന്ന ചുവടുവെയ്പ്പാണ്. കാലങ്ങളായി അടിച്ചമർത്തപ്പെട്ടു കഴിഞ്ഞ സ്വാശ്രയ വിദ്യാർത്ഥികളുടെ വിമോചന കാഹളം എങ്ങും മുഴങ്ങട്ടെ. കീഴടങ്ങാതെ പോരാടുന്ന ഒരു വിദ്യാർത്ഥിശക്തി വളർന്നുവരട്ടെ. എല്ലാത്തരം ചൂഷണങ്ങൾക്കും അവമതികൾക്കും അറുതിവരുത്താനുള്ള ഒരേയൊരു പോംവഴി അതുമാത്രമാണ്.

# നെഹ്റു കോളേജ് സമരത്തിന്റെ നാൾവഴി

**ജി**ഷ്ണു മരിച്ചതിന്റെ തൊട്ടടുത്ത ദിവസം മുതൽ തന്നെ വിദ്യാർത്ഥികൾ ശക്തമായ പ്രതികരണവുമായി രംഗത്ത് വന്നെങ്കിലും മാനേജ്മെന്റ് നിരവധി പ്രതികാരനടപടികളിലൂടെ അവയെ അടിച്ചമർത്തുകയായിരുന്നു. പ്രതികരിച്ച വിദ്യാർത്ഥികളെ കള്ളക്കേസ്സിൽ കുടുക്കി. പോലീസ് സ്റ്റേഷനിലേക്ക് വിളിച്ച് വരുത്തി അധിക്ഷേപിച്ചു. മാനേജ്മെന്റിന്റെ ഏറാൻമൂളികളായ രക്ഷിതാക്കളെ വിളിച്ച് ചേർത്ത് കോളജ് തുറക്കുവാൻ കളമൊരുക്കി. എതിർത്ത കുട്ടികളെയും രക്ഷിതാക്കളെയും പുറത്താക്കി. മാധ്യമങ്ങളുടെയും പൊതുസമൂഹത്തിന്റെയും മുഴുവൻ ശ്രദ്ധാകേന്ദ്രമായിരിക്കുമ്പോഴും നെഹ്രു കോളെജ് ചെയർമാൻ വീണ്ടും വിദ്യാർത്ഥികൾക്ക് നേരെ കൊലവിളി നടത്തിയെന്നതും അവരുടെ രാഷ്ട്രീയ സ്വാധീനം വ്യക്തമാക്കുന്നു.

എന്നാൽ ജിഷ്ണുവിന് നീതി ലഭിക്കാതെയും കാമ്പസ്സിൽ ജനാധിപത്യം പുനഃസ്ഥാപിക്കാതെയും തങ്ങൾ പിന്നോട്ടില്ല എന്നു തീരുമാനിച്ച ഒരു സംഘം വിദ്യാർത്ഥികൾ സേവ് എജ്യുക്കേഷൻ കമ്മിറ്റിയുടെ പിന്തുണയോടെ നെഹ്റു കോളെജ് സ്റ്റുഡന്റ്സ് അസോസിയേഷൻ എന്ന സ്വതന്ത്ര വേദിക്ക് രൂപം നൽകി. ജിഷ്ണുവിന്റെ ജന്മദിനമായ ഫെബ്രുവരി 11ന് കോളെജ് കവാടത്തിന് മുമ്പിൽ ഒരു സമരകേന്ദ്രം ആരംഭിച്ചു. പ്രത്യക്ഷ രാഷ്ട്രീയ പ്രവർത്തനമില്ലെങ്കിൽ പോലും വിദ്യാർത്ഥികളിൽ പലരും വിവിധ സംഘടനകളിൽ അംഗങ്ങളായിരുന്നു. എന്നിരുന്നാലും ലക്ഷ്യത്തിന്റെ സമാനതയും പ്രവൃത്തിയിലുള്ള ആത്മാർത്ഥയും സംഘടനാപരമായ സങ്കുചിതത്വങ്ങൾക്ക് അതീതമായ വിദ്യാർത്ഥി ഐക്യവും നെഹ്റു കോളെജ് സ്റ്റുഡന്റ്സ് അസോസിയേഷൻ എന്ന വേദിയിലൂടെ അവർ സ്ഥാപിച്ചു. ജിഷ്ണുവിന്റെ മരണത്തിന് ഉത്തരവാദികളായവർക്കെതിരെ കൊലപാതകക്കുറ്റത്തിന് കേസ്സെടുക്കുക, നെഹ്റു കോളെജ് ഡയറക്ടർ കൃഷ്ണദാസ്, പി.ആർ.ഒ. സഞ്ജിത്ത് വിശ്വനാഥൻ, വൈസ് പ്രിൻസിപ്പാൾ എൻ.കെ.ശക്തിവേൽ, അധ്യാപകൻ പ്രവീൺ സി.പി. എന്നിവരെ ഉടൻ അറസ്റ്റ് ചെയ്യുക, നെഹ്രു കോളെജിൽ എത്രയും വേഗം പ്രസിഡൻഷ്യൽ രീതിയിൽ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുക. എല്ലാ ജനാധിപത്യ അവകാശങ്ങളോടും കൂടിയുള്ള കോളെജ് യൂണിയൻ പ്രവർത്തനം നിർബന്ധിതമാക്കുക, ഇടിമുറി പോലെയുള്ള എല്ലാ പീഡനമുറകളും അവസാനിപ്പിക്കുക. അച്ചടക്കത്തിന്റെ പേരിലുള്ള മനുഷ്യാവകാശ ധ്വംസനങ്ങൾ അവസാനിപ്പിക്കുക, ഡിസിപ്ലിനറി ഓഫീസർ തസ്തിക ഉപേക്ഷിക്കുക, വിദ്യാർത്ഥികളെ ശാരീരികവും മാനസികവുമായി പീഡിപ്പിക്കുന്ന ഫിസിക്കൽ എജ്യുക്കേഷൻ അധ്യാപകൻ ഗോവിന്ദൻകുട്ടിയെ പുറത്താക്കുക, വിദ്യാർത്ഥികളുടെ സ്വകാര്യതയുടെ മേലുള്ള മാനേജ്മെന്റിന്റെ കടന്ന്കയറ്റം അവസാനിപ്പിക്കുക, ഇന്റേണൽ അസെസ്മെന്റിന്റെ പേരിലുള്ള പീഡനങ്ങൾ അവസാനിപ്പിക്കുക, അക്കാദമിക വിഷയങ്ങളിൽ മാനേജ്മെന്റ് ഇടപെടാൻ പാടില്ല, സ്വാശ്രയ കോളെജുകളിലെ മനുഷ്യാവകാശ ലംഘനങ്ങൾ തടയുവാൻ സർക്കാർ ശക്തമായ നിയമനിർമ്മാണം നടത്തുക,വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച് കോളെജ് ഉടൻ തുറക്കുക എന്നീ ആവശ്യങ്ങൾ സ്ററുഡന്റ്സ് അസോസിയേഷൻ മുന്നോട്ട് വെച്ചു.

നെഹ്റു കോളേജ് സ്റ്റുഡന്റ്സ് അസോസിയേഷൻ ഫെബ്രുവരി 11ന് ആരംഭിച്ച സമരകേന്ദ്രം സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന കമ്മിറ്റിയംഗവും എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറിയുമായ പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്തു. ജിഷ്ണുവിന്റെ ചിത്രത്തിന് മുമ്പിൽ പുഷ്പാർച്ചന നടത്തിയും മെഴുകുതിരികൾ തെളിയിച്ചും വിദ്യാർത്ഥികൾ അണിനിരന്നു. ഫെബ്രുവരി 13ന് സ്റ്റുഡന്റ്സ് അസോസിയേഷന്റെ സമരകേന്ദ്രത്തിൽ നടന്ന സമരസംഗമം സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്തു. എഐഎസ്എഫ്, കെഎസ്‌യു, എബിവിപി, എഐഡിഎസ്ഒ, എഐഡിവൈഒ, യുവമോർച്ച, യൂത്ത് കോൺഗ്രസ്, എഐവൈഎഫ്, ആംആദ്മി, എഐറ്റിയുസി, ഊരാളി ബാന്റ് ഗ്രൂപ്പ്, ബ്ലാങ്ങാട് ജനകീയ സംഗീതസഭ എന്നീ സംഘടനകൾ സമരത്തിന് പിന്തുണയും അഭിവാദ്യവുമർപ്പിച്ചു. സാറാ ജോസഫ്, ഷാഫി പറമ്പിൽ എംഎൽഎ, സി.ആർ.നീലകണ്ഠൻ, വി.എസ്.ജോയ് (കെഎസ്‌യു), ശുഭേഷ് സുധാകർ(എഐഎസ്എഫ്), അഡ്വ.ഇ.എൻ.ശാന്തിരാജ് (പ്രോഗ്രസീവ് ലോയേഴ്സ് ഫോറം), ഡോ.പി.എസ്.ബാബു(സേവ് എജ്യൂക്കേഷൻ കമ്മിറ്റി),എൻ.കെ.ബിജു(എഐഡിവൈഒ), ജിഷ്ണുവിന്റെ ബന്ധുക്കൾ, സി.കെ.ശിവദാസൻ (ജനകീയ പ്രതിരോധ സമിതി) എന്നിവർ വിവിധസമയങ്ങളിൽ സമരത്തെ അഭിവാദ്യം ചെയ്തു. സ്റ്റുഡന്റ്സ് അസോസിയേഷൻ നേതാക്കളായ ജസ്റ്റിൻ, ജെറിൻ എം.ഫിലിപ്പ്, അരുൺ കെ.എൽ.,നിസ്സാർ അഹമ്മദ് തുടങ്ങിയവരും പ്രസംഗിച്ചു. യൂത്ത് കോൺഗ്രസ്, എഐഎസ്എഫ് -എഐവൈഎഫ്, യുവമോർച്ച, എംഎസ്എഫ് എന്നിവരും സമരത്തിന് പിന്തുണ അർപ്പിച്ച് പന്തലുകൾ കെട്ടി.

സമരരംഗത്ത് വരാതിരുന്ന എസ്എഫ്ഐയും ഇതിനിടയിൽ രംഗപ്രവേശം ചെയ്തു. ജിഷ്ണുവിന്റെ ഘാതകരെ അറസ്റ്റ് ചെയ്യുക, വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച് കോളെജ് ഉടൻ തുറക്കുക എന്നീ ഡിമാന്റുകൾ മറ്റെല്ലാ സംഘടനകളും ഏറ്റെടുക്കാൻ തയ്യാറായപ്പോഴും എസ്എഫ്ഐ നേതൃത്വം ജിഷ്ണുവിന്റെ ഘാതകരെ അറസ്റ്റ് ചെയ്യുക എന്ന ഡിമാന്റ് ഉയർത്തിയില്ല. കോളെജ് ഉടൻ തുറക്കുക എന്നെഴുതിയ ബാനറായിരുന്നു എസ്എഫ്ഐ-യുടെ പന്തലിൽ ഉണ്ടായിരുന്നത്.

വ്യവസ്ഥാപിത സംഘടനാ നേതൃത്വങ്ങളുടെ തീരുമാനങ്ങളുടെ ന്യായാന്യായങ്ങളെ ചോദ്യംചെയ്ത് മുന്നേറാനുള്ള ആർജ്ജവം ഈ സമരത്തിലൂടെ വിദ്യാർത്ഥികൾക്ക് നേടാനായി. അതിനാൽ പതിവ് രീതിയിൽ ഏറ്റെടുക്കൽ സമരരീതിയുമായി വന്ന് എന്തെങ്കിലും ഒത്തുതീർപ്പുണ്ടാക്കി പോകുവാൻ ഒരു നേതാവിനെയും അനുവദിക്കുന്നതായിരുന്നില്ല വിദ്യാർത്ഥികളുടെ സമരവീര്യം. പല സമ്മർദ്ദതന്ത്രങ്ങളും ഏറ്റുവാങ്ങേണ്ടി വന്നപ്പോഴും തങ്ങളുടെ ഐക്യം കാത്തുസൂ

(ശേഷം 10-ാം പേജിൽ)

# ടോംസ് കോളേജ് വിദ്യാർത്ഥികൾ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി

അടച്ചുപൂട്ടിയ ടോംസ് കോളേജിലെ കെമിക്കൽ എഞ്ചിനിയറിംഗ് വിദ്യാർത്ഥികളെ മറ്റ് കോളേജുകളിലേയ്ക്ക് മാറ്റാൻ സർക്കാർ ഉടനടി നടപടി സ്വീകരിക്കുക, വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയ മുഴുവൻ ഫീസും തിരികെ നൽകുക, ടോം ടി.ജോസഫിനെ അറസ്റ്റ് ചെയ്യുക എന്നീ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ടോംസ് കോളേജ് വിദ്യാർത്ഥികൾ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി.

എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനുബേബി ഉദ്ഘാടനം ചെയ്തു. നെഹ്റു കോളേജ് സ്റ്റൂഡന്റ്സ് അസോസിയേഷൻ കോ-ഓർഡിനേറ്റർ പി.കെ.പ്രഭാഷ് മുഖ്യപ്രസംഗം നടത്തി. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ്, ടോംസ് കോളേജ് വിദ്യാർത്ഥിനി സൈനോ, എം.കെ.ഷഹസാദ് എന്നിവർ സംസാരിച്ചു. ●




ടോംസ് കോളേജ് വിദ്യാർത്ഥികളുടെ സെക്രട്ടേറിയറ്റ് മാർച്ച് എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് സഖാവ് ബിനുബേബി ഉദ്ഘാടനം ചെയ്യുന്നു. എഐഡിവൈഒ സംസ്ഥാനസെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് സമീപം

# പി. കൃഷ്ണദാസിന്റെ മുൻകൂർ ജാമ്യം

## സർക്കാരിന്റെ കുറ്റകരമായ അലംഭാവത്തിന്റെ ഫലം

ജിഷ്ണു പ്രണോയിയുടെ ദുരൂഹമരണത്തിന് കാരണക്കാരനായ മുഖ്യപ്രതി പി. കൃഷ്ണദാസിന് ഹൈക്കോടതിയിൽ നിന്ന് മുൻകൂർ ജാമ്യം ലഭിക്കാനിടയാക്കിയത് സംസ്ഥാനസർക്കാരിന്റെ കുറ്റകരമായ അലംഭാവംകൊണ്ടാണെന്ന് സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം. ഷാജർഖാൻ പറഞ്ഞു. ദുരൂഹമരണം നടന്ന് 37 ദിവസം വരെ പ്രതികളെ അറസ്റ്റ് ചെയ്യാനോ ചോദ്യം ചെയ്യാനോ തെളിവുകൾ ശേഖരിക്കാനോ പോലീസ് തയ്യാറാകാത്തത് സർക്കാർ പ്രതികളുടെ പക്ഷത്തായതുകൊണ്ടാണ്. 38-ാം ദിവസമാണ് പി. കൃഷ്ണദാസും സഞ്ജിത്ത് വിശ്വനാഥനും മുൻകൂർ ജാമ്യത്തിനു വേണ്ടി ഹൈക്കോടതിയെ സമീപിച്ചത്. ആദ്യത്തെ പബ്ളിക് പ്രോസിക്യൂട്ടർ പ്രതികളുമായി ഒത്തുകളിച്ച്, ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിച്ച് ജാമ്യം നേടിയെടുക്കുന്ന സംഭവമുണ്ടായിട്ടും ശക്തമായ ഒരു നടപടിയും സർക്കാർ കൈകൊണ്ടില്ല.

ജാമ്യം ലഭിക്കാത്ത മറ്റ് പ്രതികളെ ആദ്യം അറസ്റ്റ് ചെയ്യാൻ സർക്കാർ തയ്യാറാകണം. നേരായ രീതിയിൽ ചോദ്യം ചെയ്യാനും തെളിവുകൾ കണ്ടെത്താനും പ്രതികൾക്ക് ശിക്ഷ ലഭിക്കാനുള്ള അവസരം ഒരുക്കണമെന്നും അല്ലാത്ത പക്ഷം ജിഷ്ണുവിന്റെ മാതാപിതാക്കളോടൊപ്പം വിദ്യാഭ്യാസ സ്നേഹികളും സെക്രട്ടേറിയറ്റ് നടയിൽ സമരമാരംഭിക്കുമെന്നും ഷാജർഖാൻ പറഞ്ഞു. ●

# നെഹ്റു കോളേജ് സമരത്തിന്റെ നാൾവഴി

*(10-ാം പേജിൽ നിന്ന്)*

ക്ഷിക്കാൻ അവർ ശ്രദ്ധിച്ചു. ഫെബ്രുവരി 14ന്, സർക്കാർ അടിയന്തരമായി നെഹ്റു കോളെജ് വിഷയത്തിലിടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പതിനാറ് ഡിമാന്റുകളടങ്ങുന്ന നിവേദനം മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും സ്റ്റുഡന്റ്സ് അസോസിയേഷൻ ഫാക്സ് ചെയ്തു. കൃത്യമായ മുന്നുപാധികളോടെ അധ്യയനം ആരംഭിക്കുവാനുള്ള അന്തരീക്ഷം ഉറപ്പാക്കണമെന്ന് നിവേദനത്തിൽ വിദ്യാർത്ഥികൾ അടിവരയിട്ട് സൂചിപ്പിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ 15ന് വിദ്യാഭ്യാസമന്ത്രിയുടെ നിർദ്ദേശ പ്രകാരം കളക്ടർ വിദ്യാർത്ഥി പ്രതിനിധികളെ ചർച്ചയ്ക്ക് വിളിച്ചു. കോളേജ് യൂണിയൻ ആരംഭിക്കുന്നതടക്കമുള്ള പല ഡിമാന്റുകളിലും പ്രസ്തുത ചർച്ചയിൽ ധാരണയായി. ജിഷ്ണു കേസ്സിൽ പ്രതിചേർക്കപ്പെട്ടവരെ ഉടൻ അറസ്റ്റ് ചെയ്യുമെന്നും കളക്ടർ ഉറപ്പ് നൽകി. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ പന്തൽ കെട്ടിയുള്ള സമരം അവസാനിപ്പിക്കുവാനും സമരരൂപം മാറ്റുവാനും വിദ്യാർത്ഥികൾ തീരുമാനിച്ചു. ചർച്ചയിലുടനീളം എങ്ങനെയും സമരം അവസാനിപ്പിക്കണമെന്ന നിലപാടാണ് മറ്റു വിദ്യാർത്ഥി സംഘടനകൾ - എഐഡിഎസ്ഒ പ്രതിനിധികളും നെഹ്റു കോളെജിലെ വിദ്യാർത്ഥികളുമൊഴികെയുള്ളവർ സ്വീകരിച്ചത്. സമരം പിൻവലിക്കുന്നുവെന്ന പ്രഖ്യാപനവും മറ്റ് വിദ്യാർത്ഥി സംഘടനകൾ നടത്തി. എന്നാൽ, ജിഷ്ണുവിന്റെ ഘാതകരെ അറസ്റ്റ് ചെയ്തുകൊണ്ടേ സമരം പിൻവലിക്കൂ, സമരരൂപം മാത്രമേ മാറ്റുകയുള്ളൂ എന്ന നിലപാട് സ്റ്റുഡന്റ്സ് അസോസിയേഷനും വിദ്യാർത്ഥി പ്രതിനിധികളും സ്വീകരിച്ചു. ഇതേ നിലപാടെടുക്കുവാൻ പിന്നീട് മറ്റുള്ളവർ നിർബന്ധിതരാകുകയാണ് ഉണ്ടായത്. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ഫെബ്രുവരി 17ന് കോളെജ് തുറക്കുവാൻ തീരുമാനിച്ചു.

കോളേജ് പുന്നാരംഭിച്ചപ്പോൾ ജനാധിപത്യാവകാശങ്ങൾ കാമ്പസ്സിൽ ആദ്യമായി സ്ഥാപിക്കപ്പെടുകയായിരുന്നു. വിദ്യാർത്ഥി സമരചരിത്രത്തിലെ, വിശേഷിച്ചും ഒരു സ്വാശ്രയ സ്ഥാപനത്തിലെ മാനേജ്മെന്റിനെ വെല്ലുവിളിച്ചുകൊണ്ട് ക്ലാസ്സിലേക്ക് പോകുന്ന ആദ്യ സമരദിനമായി അത് മാറി. കക്ഷി രാഷ്ട്രീയത്തിന്റെ കൊടികളില്ല, ഒരു നേതാവിനും ജയ് വിളികളില്ല, വിജയാഹ്ലാദം പ്രകടിപ്പിക്കാറായിട്ടില്ല എന്ന് തുടക്കത്തിൽ തന്നെ പ്രഖ്യാപിച്ചു കൊണ്ട് വിദ്യാർത്ഥി ഐക്യം എന്ന ഒരൊറ്റ അടിസ്ഥാനത്തിൽ അവർ കാമ്പസ്സിൽ ഒത്തുകൂടി. ഇടിമുറിയുടെ ഭീഷണിയിൽ തങ്ങളെ ഭരിച്ചിരുന്നവർക്ക് എതിരെ ക്ലാസുകൾ ബഹിഷ്കരിച്ച് അവർ പ്രകടനം നടത്തി. ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ സമ്മേളിച്ചുകൊണ്ട് തങ്ങളുടെ അവകാശങ്ങൾ പ്രഖ്യാപിച്ചു. കളക്ടറുടെ ചേംബറിൽ എഴുതി ഒപ്പിട്ട ഓരോ ഡിമാന്റും യഥാർത്ഥ്യമാക്കുവാൻ തങ്ങൾ ജാഗരൂകരായായിരിക്കുമെന്ന് അധികാരികളെ ഓർമിപ്പിച്ചു. വിദ്യാർത്ഥിയൂണിയനും ഔദ്യോഗികമായി രൂപവൽക്കരിച്ചു. ഓപ്പൺ ഓഡിറ്റോറിയത്തിന് ജിഷ്ണുവിന്റെ പേര് നൽകി. ജിഷ്ണുവിന്റെ ഘാതകരെ അറസ്റ്റ് ചെയ്യുന്നത് വരെ സമരരംഗത്തായിരിക്കുമെന്ന് ഒരുമിച്ച് പ്രഖ്യാപിച്ചു.

മാനേജ്മെന്റ് പല കുതന്ത്രങ്ങളും പയറ്റി ഈ സമരൈക്യത്തെ തകർക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വ്യവസ്ഥാപിതരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ എല്ലാ പിന്തുണയും അവർക്കുണ്ട്. എന്നാൽ വിദ്യാർത്ഥികളുടെ സംഘബോധത്തിന് അതിനെ അതിജീവിക്കാൻ കഴിയും. നിരന്തരമായ ജാഗ്രത പുലർത്തിക്കൊണ്ട് സമരരംഗത്ത് അവർ സജീവമായി തുടരുന്നു. ●

# ശ്രീ നാരായണ ഗുരുവിന്റെ 'എനിക്ക് ജാതിയും മതവുമില്ല' വിളംബരം: ശതാബ്ദി ആചരണയോഗം




ശതാബ്ദി ആചരണയോഗം എസ്‌യുസിഐ(സി) കോട്ടയം ജില്ലാസെക്രട്ടറിയും സംസ്ഥാന സെക്രട്ടേറിയറ്റംഗവുമായ സഖാവ് ജെയ്സൺജോസഫ് ഉദ്ഘാടനം ചെയ്യുന്നു

ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ(എഐഡിവൈഒ) കോട്ടയം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ശ്രീ നാരായണ ഗുരുവിന്റെ എനിക്ക് ജാതിയും മതവുമില്ല വിളംബരത്തിന്റെ ശതാബ്ദി ആചരണ സമ്മേളനം കോട്ടയത്ത് സംഘടിപ്പിച്ചു. തിരുനക്കര പഴയ പോലീസ് സ്റ്റേഷൻ മൈതാനിയിൽ നടന്ന യോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും ജില്ലാ സെക്രട്ടറിയുമായ സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ്, ജില്ലാ പ്രസിഡന്റ് രജിത ജയറാം, ജില്ലാ സെക്രട്ടറി അനിലാ ബോസ്, ജില്ലാ കമ്മിറ്റി അംഗങ്ങളായ കെ.സജി, ശ്രീകാന്ത് വേണുഗോപാൽ, ലാര്യ പരമേശ്വരൻ, അരവിന്ദ് വി. എന്നിവർ പ്രസംഗിച്ചു.

സമ്മേളനത്തിനു മുന്നോടിയായി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നു. വമ്പിച്ച ജനപങ്കാളിത്തത്താൽ സമ്മേളനം ശ്രദ്ധയാകർഷിച്ചു. സമ്മേളനത്തിനു മുന്നോടിയായി സൂര്യസെൻ ബി. പഴയ മലയാള ഗാനങ്ങൾ ആലപിച്ചു. 'ശ്രീ നാരായണ ഗുരുവും കമ്മ്യൂണിസ്റ്റുകളും' പുസ്തകത്തിന്റെ വിൽപനയും നടന്നു. ●

## എസ്‌യുസിഐ(സി)യുടെ ആഭിമുഖ്യത്തിൽ കശുവണ്ടിത്തൊഴിലാളികളുടെ

# കളക്ട്രേറ്റ് മാർച്ച്

പൂട്ടിക്കിടക്കുന്ന മുഴുവൻ കശുവണ്ടി ഫാക്ടറികളും സർക്കാർ ഏറ്റെടുത്ത് തുറന്നു പ്രവർത്തിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റ് മാർച്ച് നടത്തി. ജില്ലാസെക്രട്ടറി സഖാവ് ജി. എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്തു. സർക്കാർ പ്രഖ്യാപിച്ച മിനിമംകൂലിയായ 300രൂപ കൊടുക്കാൻ തയ്യാറല്ലാത്തതുകൊണ്ടാണ് മുതലാളിമാർ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാത്തതെന്നും തൊഴിലാളികളുടെ ചോരയൂറ്റി കോടിശ്വരന്മാരായവർ ഇന്ന് അവരെ പീഡിപ്പിക്കുകയാണെന്നും അതിനാൽ ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കണമെന്നും അതുവരെ ഇഎസ്ഐ ആനുകൂല്യങ്ങളും സൗജന്യറേഷനും അനുവദിക്കണമെന്നുംഅദ്ദേഹം ആവശ്യപ്പെട്ടു.

സഖാവ് ഷൈല കെ.ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കശുവണ്ടിത്തൊഴിലാളി സെന്റർ സംസ്ഥാന പ്രസിഡന്റ് സഖാവ് എസ്.രാധാകൃഷ്ണൻ, സെക്രട്ടറി സഖാവ് ബി.വിനോദ്, എസ്‌യുസിഐ(സി) ജില്ലാക്കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ജി.ധ്രുവകുമാർ, പി.പി.പ്രശാന്ത്കുമാർ എന്നിവർ പ്രസംഗിച്ചു. കെഎസ്ആർടിസി സ്റ്റാൻഡിൽ നിന്നാരംഭിച്ച പ്രകടനത്തിന് സഖാക്കൾ എസ്.രാഘവൻ, കെ.ശശാങ്കൻ, ബി.രാമചന്ദ്രൻ, ടിങ്കിൾ പ്രഭാകരൻ തുടങ്ങിയവർ നേതൃത്വം നൽകി. ●



കശുവണ്ടിത്തൊഴിലാളികളുടെ കൊല്ലം കളക്ട്രേറ്റ് മാർച്ച് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു

# ട്രംപ് വെളിവാക്കുന്നത് ഫാസിസത്തിന്റെ പൈശാചിക പദ്ധതി

**ജ**നുവരി 20 ന് അമേരിക്കയുടെ 45-ാമത് പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് സ്ഥാനമേറ്റു. ജനങ്ങളുടെ നേരിട്ടുള്ള വോട്ടിൽ തൊട്ടടുത്ത സ്ഥാനാർത്ഥിയേക്കാൾ 30 ലക്ഷം വോട്ടുകൾക്ക് ട്രംപ് പിന്നിലായിരുന്ന കാര്യം ഏവർക്കുമറിയാം. എന്നാൽ പരോക്ഷ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടിയതിനാൽ അദ്ദേഹം വിജയിച്ചതായി പ്രഖ്യാപിക്കപ്പെട്ടു. പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും തെരഞ്ഞെടുക്കുന്നതിൽ പ്രത്യേകാധികാരമുള്ള 538 പേരടങ്ങുന്ന ഇലക്ടറൽ കോളേജ് അമേരിക്കൻ പാർലമെന്ററി നിയമപ്രകാരം നിലവിലുണ്ട്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി ഇവർ ചെയ്യുന്ന മൂല്യം കൂടുതലുള്ള വോട്ടുകളാണ് ഇവിടെ വിധി നിർണ്ണയിച്ചത്. അമേരിക്കൻ കുത്തക മുതലാളിവർഗ്ഗത്തിന് തങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ട സ്ഥാനാർത്ഥി ജനകീയ വോട്ടുകളുടെ കാര്യത്തിൽ പിന്തള്ളപ്പെട്ടുപോയാലും അയാളെ വിജയിപ്പിച്ചെടുക്കാൻ അവസരമൊരുക്കുന്നതാണ് ഈ സംവിധാനം.

**അ**മേരിക്കയിൽ ഒരു ദ്വികക്ഷി ജനാധിപത്യമാണ് നിലവിലുള്ളത്. ഭരണമുതലാളിവർഗ്ഗത്തിന്റെ രണ്ട് വിശ്വസ്ത പാർട്ടികളായ ഡെമോക്രാറ്റിക് പാർട്ടിയും റിപ്പബ്ലിക്കൻ പാർട്ടിയും ഇവിടെ മാറി മാറി അധികാരത്തിൽ വരുന്നു. പാർട്ടി രണ്ടാണെങ്കിലും വ്യവസ്ഥ ഒന്നുതന്നെ, മുതലാളിത്തം. രണ്ടിൽ ആരു ജയിച്ചാലും മുതലാളിവർഗ്ഗത്തിന്, ജയവും ജനങ്ങൾക്ക് തോൽവിയും ഫലം. തൊലിപ്പുറമെയുള്ള വ്യത്യാസങ്ങളേ അധികാരമാറ്റം വഴി സംഭവിക്കുന്നുള്ളൂ. അടിസ്ഥാനനയങ്ങൾ സാമ്രാജ്യത്വാനുകൂലവും ജനവിരുദ്ധവും തന്നെയായിരിക്കും. അത് ലോകത്തെയാകെ കൊള്ളയടിക്കുന്നതും അമേരിക്കൻ ജനതയുടെ മേൽ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമായ ആക്രമണങ്ങൾ അടിച്ചേൽപ്പിക്കുന്നതും തുടർന്നുകൊണ്ടിരിക്കും. ജനങ്ങളുടെ രോഷം നിലവിലുള്ള ഭരണകക്ഷിക്കെതിരെ രൂക്ഷമാകുന്നു എന്നുകണ്ടാൽ, അടുത്തയാളെ ഉയർത്തിക്കാണിച്ച്, പിന്നിൽ നിന്ന് ചരടുവലിച്ച് അയാളുടെ വിജയം ഭരണവർഗ്ഗം ഉറപ്പാക്കുന്നു. ട്രംപിന്റെ വിജയം ഇത് അടിവരയിടുന്നു.

### ജനങ്ങൾ തള്ളി, വർഗ്ഗം താങ്ങി

വീട്ടുവീഴ്ച ചെയ്യാത്തവനും പരുക്കനുമെന്നായ പ്രതിച്ഛായയാണ് പ്രചാരണത്തിന്റെ തുടക്കം മുതൽ ട്രംപ് പ്രദർശിപ്പിച്ചത്. വർണ്ണവിവേചനപരമായ മുദ്രാവാക്യങ്ങൾ മുഴക്കുക, കടുത്ത മുസ്ലീംവിരുദ്ധ പ്രഖ്യാപനങ്ങൾ നടത്തുക, മാധ്യമ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുക, കറുത്ത വർഗ്ഗക്കാരുടെ വോട്ടവകാശത്തിനുനേരെ ഭീഷണിയുയർത്തുക, ശാരീരിക വൈകല്യങ്ങളുള്ളവരെ പ്രകോപിപ്പിക്കുക തുടങ്ങിയവയ്ക്കുപുറമെ, സ്ത്രീവിരുദ്ധമായ പരാമർശങ്ങളും തുടരെ നടത്തിക്കൊണ്ടിരുന്നു. ആക്ഷേപകരമായ ഈ പരാമർശങ്ങൾ സ്ത്രീവിദ്വേഷം മാത്രമല്ല വികലമായ മാനസികാവസ്ഥകൂടി പ്രകടമാക്കുന്നതായിരുന്നു.

'അമേരിക്കനിസം' എന്നപേരിൽ സങ്കുചിത ദേശീയവികാരം വളർത്താനും ട്രംപ് ശ്രമിച്ചു. സമ്പന്നർക്കുവേണ്ടി നിലകൊള്ളുന്ന ഒരു വ്യവസ്ഥിതിയിൽനിന്ന് അനുഭവിക്കേണ്ടിവരുന്ന നിരന്തര അവഗണനമൂലം സാധാരണക്കാരായ അമേരിക്കക്കാരിൽ ഉറഞ്ഞുകൂടിയ അസംതൃപ്തി മുതലെടുക്കാനുള്ള കൗശലങ്ങളും ട്രംപ് പയറ്റി. എല്ലാ തിന്മകളുടെയും മൂലകാരണമായ മുതലാളിത്ത വ്യവസ്ഥയെ തന്ത്രപൂർവ്വം മറച്ചുപിടിക്കാൻ, പുരോഗമനവാദിയായും മാമൂലുകൾക്കെതിരെ പൊരുതുന്ന ആളായുമൊക്കെ വേഷം കെട്ടുന്നതിൽ സ്വേച്ഛാധിപതികളായ ബൂർഷ്വാനേതാക്കൾ പ്രാവീണ്യമുള്ളവരാണ്. അതേ അച്ചിൽ വാർത്തെടുക്കപ്പെട്ട ട്രംപും അത്തരമൊരു കരുനീക്കമായാണ് സങ്കുചിത ദേശീയവാദം ഇളക്കിവിട്ടതും. ജർമ്മനിയിൽ സങ്കുചിത ദേശീയവാദം ഊട്ടിവളർത്തിക്കൊണ്ട് ഹിറ്റ്ലർ അധികാരത്തിൽവന്നതിനെ അനുസ്മരിപ്പിക്കുന്നതായിരുന്നു ട്രംപിന്റെ പ്രചാരണം. ട്രംപിന്റെ ഏകാധിപത്യപരമായ ശൈലിയും കുപ്രസിദ്ധരും വഞ്ചകരുമായ ഫാസിസ്റ്റ് സ്വേച്ഛാധിപതികളുടെ അനുകരണമാണ്. എന്നാൽ, ട്രംപിന്റെ അപകീർത്തികരവും ധിക്കാരപരവും മാന്യതയില്ലാത്തതുമായ ശൈലിക്കെതിരെ ശബ്ദമുയർത്താൻ വംശ-വർണ്ണ-മതഭേദമെന്യെ അമേരിക്കൻ ജനത മുന്നോട്ടുവന്നു എന്നത് ശുഭോദർക്കവും പ്രശംസനീയവുമാണ്. തങ്ങൾക്ക് കിട്ടേണ്ട ജോലിയെല്ലാം വിദേശികൾ തട്ടിയെടുക്കുന്നു എന്ന് തെറ്റിദ്ധരിച്ചിട്ടുള്ള ഒരു വിഭാഗം അഭ്യസ്തവിദ്യരായ തൊഴിൽരഹിതരൊഴികെയുള്ള അമേരിക്കക്കാരെല്ലാം ട്രംപിന്റെ പ്രചാരണം വിശ്വാസ്യതയില്ലാത്തതും പരദേശീ സ്പർദ്ധ നിറഞ്ഞതുമായി ചിത്രീകരിക്കുകയുണ്ടായി. കുടിയേറ്റക്കാരോടും സാംസ്കാരിക വൈവിദ്ധ്യത്തോടും ഇസ്ലാമിനോടുമൊക്കെ ട്രംപിനുള്ള കടുത്ത വിദ്വേഷം അദ്ദേഹത്തെ ക്ലൂക്ലക്സ് ക്ലാൻ പോലുള്ള വർണ്ണവെറിയന്മാരോട് ഉപമിക്കാൻ ജനങ്ങളെ നിർബന്ധിതരാക്കുകയാണ്. മാത്രമല്ല, സ്ത്രീകളുടെ അന്തസ്സിനെ അവഹേളിക്കുംവിധമുള്ള ട്രംപിന്റെ പരാമർശങ്ങൾക്കെതിരെ സ്ത്രീകളുടെ ശക്തമായ എതിർപ്പും ഉയർന്നുവന്നിട്ടുണ്ട്. ട്രംപിന്റെ പ്രതിലോമകരവും വഷളനുമായ പരാമർശങ്ങൾക്കെതിരെ മെറിൻ സ്ട്രീവിനെ പോലെയുള്ള ഹോളിവുഡ് നടിതന്നെ പരസ്യമായി രംഗത്തുവന്നു. പല പ്രമുഖരും പ്രതിഷേധം രേഖപ്പെടുത്തി. ട്രംപിന്റെ പേര് കേൾക്കുന്നതുതന്നെ പലരിലും വെറുപ്പുളവാക്കുന്ന സ്ഥിതിയുണ്ട്. തെരഞ്ഞെടുപ്പ് പ്രചാരണസമയത്ത് ഈ എതിർപ്പുകളെല്ലാം ചേർന്ന് ശക്തമായ ട്രംപ് വിരുദ്ധ പ്രതിഷേധമായി രാജ്യമാകെ അലയടിക്കുകയുണ്ടായി. നിവേദനങ്ങളും പ്രകടനങ്ങളും പണിമുടക്കുകളുമൊക്കെയായി ചില നഗരങ്ങളിൽ പ്രതിഷേധം വലിയ മാനം കൈക്കൊണ്ടു. ഒരു പ്രസിഡന്റ് സ്ഥാനാർത്ഥി എന്ന നിലയിൽ ട്രംപിനെ അംഗീകരിക്കാനാവില്ല എന്ന നിലപാടാണ് പ്രതിഷേധക്കാർ സ്വീകരിച്ചത്. "ട്രംപിനെ ഞങ്ങൾ ചവറ്റുകൊട്ടയിലെറിയുന്നു" എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. തെരഞ്ഞെടുപ്പ് ഫലത്തിലും ഈ ജനവികാരം പ്രതിഫലിക്കുകയുണ്ടായി. എന്നാൽ, മുതലാളിവർഗ്ഗത്തിന് ട്രംപിനോടായിരുന്നു താൽപ്പര്യം എന്നതിനാൽ അവർ പിൻവാതിലിലൂടെ നടത്തിയ തിരിമറികളിലൂടെ ജനവികാരത്തെ മറികടന്ന് ട്രംപിനെ വിജയിപ്പിച്ചു. ട്രംപിന്റെ അപ്രതീക്ഷിത വിജയത്തെതുടർന്ന് ജനകീയ പ്രക്ഷോഭം രൂക്ഷമായി.

എന്നാൽ ഈ തെരഞ്ഞെടുപ്പ് ഫലം അംഗീകരിക്കാൻ ജനങ്ങൾ തയ്യാറായില്ല. രോഷാകുലരായ അവർ ട്രംപ് വിരുദ്ധ പ്രക്ഷോഭം കൂടുതൽ ശക്തമാക്കി. ട്രംപ് സത്യപ്രതിജ്ഞ ചൊല്ലുന്ന ദിവസം നിരവധി നഗരങ്ങളിലും പട്ടണങ്ങളിലുമൊക്കെ ആയിരങ്ങൾ പങ്കെടുത്ത പ്രതിഷേധ പ്രകടനങ്ങൾ നടന്നു. 40 ലക്ഷത്തിലേറെ സ്ത്രീകൾ പ്രതിഷേധത്തിൽ പങ്കെടുത്തതായാണ് റിപ്പോർട്ട്. രാജ്യത്തിന്റെ ചരിത്രത്തിൽതന്നെ ഇത് ഏറ്റവും വലിയ പങ്കാളിത്തമാണ് എന്ന് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നു. "അയാൾ ഞങ്ങളുടെ പ്രസിഡന്റല്ല" എന്ന മുദ്രാവാക്യം എങ്ങും മാറ്റൊലികൊണ്ടു. സ്വന്തം ജനത ട്രംപിനെ വെറുക്കുന്നു എന്ന് പറയുന്നില്ലെങ്കിലും എത്രത്തോളം അസ്വീകാര്യനാണ് എന്ന് ഇതിൽനിന്ന് വ്യക്തമാണ്. ട്രംപിന്റെ സത്യപ്രതിജ്ഞാ ചടങ്ങിലെ പങ്കാളിത്തം ശുഷ്കമായിരുന്നപ്പോൾ പ്രതിഷേധ പ്രകടനങ്ങളിൽ വമ്പിച്ച ജനപങ്കാളിത്തമുണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്. വ്യവസ്ഥിതിക്കെതിരായ സമരങ്ങളെ കണ്ടില്ലെന്ന് നടിക്കുന്ന മാദ്ധ്യമങ്ങൾക്ക് ട്രംപ് വിരുദ്ധ സമരങ്ങളിലെ ജനങ്ങളുടെ പങ്കാളിത്തം മറച്ചുവയ്ക്കാനായില്ല. ഇതിൽ കുപിതനായ ട്രംപ് മാദ്ധ്യമങ്ങളെ കണക്കറ്റ് ശകാരിച്ചു. ഭൂമിയിൽ ഏറ്റവും വിശ്വസിക്കാൻ കൊള്ളാത്തവരെന്ന് മാദ്ധ്യമ പ്രവർത്തകരെ വിശേഷിപ്പിച്ച ട്രംപ്, പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്ന് അവർക്ക് മുന്നറിയിപ്പ് നൽകി. ബൂർഷ്വാ ജനാധിപത്യം ഉയർത്തിപ്പിടിക്കുന്ന മാദ്ധ്യമങ്ങളുടെ പ്രാധാന്യമൊക്കെ കാറ്റിൽപറത്തിക്കൊണ്ട് ആദ്യദിനം മുതൽ ട്രംപ് മാദ്ധ്യമങ്ങൾക്കും ജനങ്ങൾക്കും നേരെ പോർവിളി തുടങ്ങിയിരിക്കുകയാണ്. ഇതും അമേരിക്കയുടെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്.

### ട്രംപ് പ്രവർത്തനമാരംഭിക്കുന്നു.

അധികാരമേറ്റ അന്നുമുതൽ ജനവികാരത്തെ അവഗണിച്ചുകൊണ്ട് ട്രംപ് നടപടികൾ ആരംഭിച്ചു. മുതലാളി വർഗ്ഗത്തിന്റെ പിന്തുണയോടെ അധികാരത്തിലെത്തുന്ന ഏതൊരു സ്വേച്ഛാധിപതിയെയുംപോലെതന്നെ ട്രംപും ഉത്പതിഷ്ണുത്വഭാവവും ജനകീയ ശൈലിയുമൊക്കെയുള്ള ആളെന്ന കപടനാട്യത്തോടെയാണ് രാഷ്ട്രത്തെ അഭിസംബോധന ചെയ്തത്. ജനങ്ങളുടെ കഷ്ടപ്പാടുകളെയും ബുദ്ധിമുട്ടുകളെയുമൊക്കെക്കുറിച്ച് മുതലക്കണ്ണീരൊഴുക്കിക്കൊണ്ടായിരുന്നു തുടക്കം. "രാജ്യത്തിന്റെ സമ്പത്ത് അനുഭവിക്കാൻ ജനങ്ങൾക്ക് കഴിയുന്നില്ല... തൊഴിൽ നഷ്ടപ്പെടുന്നു.. ഫാക്ടറികൾ അടഞ്ഞുകിടക്കുന്നു.... വിദ്യാഭ്യാസരംഗത്ത് പണം ആധിപത്യം ചെലുത്തുന്നു... അതുമൂലം മിടുക്കന്മാരും മിടുക്കികളുമായ നമ്മുടെ കുട്ടികൾക്ക് അറിവ് നിഷേധിക്കപ്പെടുന്നു. .. കുറ്റകൃത്യങ്ങളും മാഫിയകളും മയക്കുമരുന്നുമൊക്കെ നമ്മുടെ രാജ്യത്തെ കാർന്നുതിന്നുകയും നിരവധി ജീവനുകൾ അപഹരിക്കുകയും ചെയ്യുന്നു... ഇടത്തരക്കാരുടെ ഭവനങ്ങൾ കൊള്ളയടിക്കപ്പെടുന്നു തുടങ്ങി പല വിലാപങ്ങളും ട്രംപ് തന്റെ പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് ജനങ്ങളെ കയ്യിലെടുക്കാനായി അവതരിപ്പിക്കപ്പെടുന്ന വാഗ്ദാനങ്ങളുടെ ഊഴമായി.. "നമ്മുടെ തൊഴിലുകൾ നമ്മൾ തിരിച്ചുപിടിക്കും, നമ്മുടെ രാജ്യാതിർത്തികളും സമ്പത്തും സ്വപ്നങ്ങളുമെല്ലാം നമ്മൾ തിരിച്ചുപിടിക്കും" തുടങ്ങി വാഗ്ദാനങ്ങൾ പലതും അവതരിപ്പിച്ചു. പരമ്പരാഗത സമ്പ്രദായങ്ങളിൽ കടിച്ചുതൂങ്ങുന്നവരോടുള്ള അതൃപ്തിയും അവജ്ഞയും പ്രകടിപ്പിച്ച ട്രംപ്, നിലനിൽക്കുന്ന നയങ്ങളോടും നിയമങ്ങളോടുമൊക്കെ വിയോജിക്കുന്ന ആളാണ് താനെന്ന് സ്വയം ഉയർത്തിക്കാണിക്കാനും മറന്നില്ല. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളുമൊക്കെ "സ്ഥാപിതതാൽപര്യങ്ങൾ സംരക്ഷിക്കുന്ന"താണെന്നും "അടുത്തകാലത്തായി അമേരിക്കയുടെ തളർച്ചയ്ക്ക് ഇതു കാരണമായിട്ടുണ്ടെ"ന്നുമൊക്കെ ട്രംപ് പറഞ്ഞുവച്ചു. "അമേരിക്കയുടെ മേലുള്ള സംഹാരത്തിന് അറുതിവരുത്തുകയും അമേരിക്കയെ വീണ്ടും ശക്തിപ്പെടുത്തുകയും" ചെയ്യുകയാണ് തന്റെ ദൗത്യമെന്നും ട്രംപ് പ്രഖ്യാപിക്കുകയും ചെയ്തു.

### ട്രംപിന്റെ 'അമേരിക്കനിസ'ത്തിന്റെ ബീഭത്സരൂപം

വളരെ പെട്ടെന്നുതന്നെ 'അമേരിക്കനിസ'ത്തിന്റെ ഭീകരരൂപം പുറത്തുവന്നു. മുതലാളിവർഗ്ഗത്തിന്റെ ആകമാനതാൽപ്പര്യത്തിന്നിണങ്ങുന്ന നയങ്ങൾ നിയമനിർമ്മാണസഭയെ മറികടന്നുകൊണ്ട് നടപ്പാക്കുന്നത് ഇന്ന് ബൂർഷ്വാ സ്വേച്ഛാധിപതികളുടെ ശൈലിയാണ്. ഈ ശൈലി പിന്തുടർന്നുകൊണ്ട് ട്രംപ് പുറപ്പെടുവിച്ച 19 ഉത്തരവുകൾ അമേരിക്കയെ മാത്രമല്ല ലോകത്തെതന്നെ പരിഭ്രമിപ്പിച്ചു. രേഖമൂലമല്ലാതെ അമേരിക്കയിൽ താമസിക്കുന്ന മുഴുവൻ കുടിയേറ്റക്കാരെയും ഒഴിപ്പിക്കുക, അന്തർദേശീയ വ്യാപാരക്കരാറുകൾ റദ്ദാക്കുക, എച്ച്-1 ബി വിസ പദ്ധതി അവസാനിപ്പിക്കുക, പരിസ്ഥിതി മലിനീകരണ വിരുദ്ധ സംഹിതകൾ അസാധുവാക്കുക, അമേരിക്ക-മെക്സിക്കോ അതിർത്തിയിൽ മതിലുകെട്ടി കടൽത്തീരം വീണ്ടെടുക്കുക തുടങ്ങിയ ആഹ്വാനങ്ങളൊക്കെ തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽതന്നെ ട്രംപ് ഉയർത്തിയിരുന്നു. വിദേശികളായ തൊഴിലാളികൾ കുറഞ്ഞ കൂലിക്ക് പണിയെടുക്കുന്നതുമൂലം ശമ്പളത്തിലുണ്ടായ ഇടിവ് അമേരിക്കക്കാരായ തൊഴിലാളികൾക്കും ജീവനക്കാർക്കും തൊഴിലില്ലായ്മ സൃഷ്ടിക്കുന്നു എന്ന ആരോപണവും ട്രംപ് ഉയർത്തിയിരുന്നു. യാതൊരു നിയന്ത്രണവുമില്ലാത്തവിധം മുസ്ലീംവിരുദ്ധതയുടെ വിഷം ചീറ്റുകയും ചെയ്തു. ഇപ്പോൾ ഇക്കാര്യങ്ങളൊക്കെ പ്രവൃത്തിപഥത്തിലെത്തിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

### ഏഴുരാജ്യങ്ങളിലെ പൗരന്മാർക്ക് അമേരിക്കയിൽ പ്രവേശനം നിഷേധിച്ചു

മുസ്ലീം ഭൂരിപക്ഷ രാഷ്ട്രങ്ങളായ ഇറാൻ, ഇറാക്ക്, ലിബിയ, സോമാലിയ, സുഡാൻ, യെമൻ എന്നിവിടങ്ങളിൽ നിന്നുള്ള ജനങ്ങൾക്ക് 90 ദിവസത്തേയ്ക്കും സിറിയയിൽനിന്നുള്ളവർക്ക് അനിശ്ചിതമായും പ്രവേശനം നിഷേധിച്ച നടപടിയാണ് ഏറ്റവും വിവാദമായത്. നിയമവിധേയമല്ലാത്ത കുടിയേറ്റക്കാരെ രാജ്യത്തുനിന്ന് പുറത്താക്കാനുള്ളതായിരുന്നു രണ്ടാമത്തേത്. അമേരിക്കയിലേയ്ക്ക് വിദഗ്ധ തൊഴിലാളികൾ വരുന്നത് തടയുന്ന എച്ച്-1 ബി വിസ നിയന്ത്രണമായിരുന്നു മൂന്നാമത്തേത്. മുസ്ലീം ഭൂരിപക്ഷരാഷ്ട്രങ്ങളിൽനിന്നുള്ളവർക്ക് പ്രവേശനം നിഷേധിച്ചത് വൻ പ്രതിഷേധത്തിനിടയാക്കി. രാജ്യത്തെ വിമാനത്താവളങ്ങളിൽ ഇവരെ തടഞ്ഞുവച്ച തടക്കമുള്ള നടപടികൾ വളരെ പ്രകോപനപരമായിരുന്നു. തടഞ്ഞുവച്ച യാത്രക്കാരെ മോചിപ്പിക്കാനായി വക്കീലന്മാർ വോളന്റീയർമാരായി പ്രവർത്തിച്ചു. പ്രതിഷേധക്കാരും വക്കീലന്മാരും ഒത്തുകൂടിയപ്പോൾ വിമാനത്താവളങ്ങളുടെ പ്രവർത്തനം അവതാളത്തിലായി. ന്യൂയോർക്ക്, അറ്റ്ലാന്റ്, ചിക്കാഗോ, ലോസ് എഞ്ചൽസ്, ഹ്യൂസ്റ്റൺ, സിയാറ്റിൽ, വാഷിംഗ്ടൺ ഡി.സി., ഡള്ളാസ്, ബോസ്റ്റൺ, ഡെട്രോയിറ്റ്, ഫിലാഡെൽഫിയ, സാൻഫ്രാൻസിസ് കോ തുടങ്ങിയ നഗരങ്ങളിലൊക്കെ പ്രതിഷേധ പ്രകടനങ്ങൾ നടന്നു. വാഷിംഗ്ടണിലെ ട്രംപ് ഹോട്ടൽ ഇന്റർനാഷണലിന്റെ മുന്നിലും പ്രതിഷേധക്കാർ തടിച്ചുകൂടി. പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയായ വൈറ്റ് ഹൗസിനു സമീപമുള്ള ലഫയറ്റെ പാർക്കിലും ജനങ്ങൾ തടിച്ചുകൂടി. അമേരിക്കയിൽ നിന്ന് 2 കോടി 18 ലക്ഷം പേരെ പുറത്താക്കാനും കുടിയേറ്റക്കാർക്ക് പ്രവേശനം നിഷേധിക്കാനുമുള്ള ട്രംപിന്റെ ഞെട്ടിപ്പിക്കുന്ന തീരുമാനത്തിനെതിരെ ലോകമെമ്പാടും പ്രതിഷേധമുണ്ടായി. ലണ്ടനിൽ 30,000 പേരാണ് പ്രകടനം നടത്തിയത്. ഇംഗ്ലണ്ടിലെ 12 നഗര

(ശേഷം 12-ാം പേജിൽ)

# ട്രംപിന്റെ നടപടികൾക്കെതിരെ അമേരിക്കയിൽ വ്യാപക പ്രതിഷേധം

(11-ാം പേജിൽ നിന്ന്)

ങ്ങളിൽ പ്രതിഷേധ പ്രകടനം നടന്നു. "ട്രംപിന് ഇവിടെ സ്വാഗതമില്ല", എന്തുകൊണ്ടെന്നാൽ ഈ യാത്രാനിരോധനം മനുഷ്യാവകാശങ്ങൾക്കുമേലുള്ള ഭീകരാക്രമണമാണ്", എന്നാണവർ വിളിച്ചുപറഞ്ഞത്. ജക്കാർത്ത മുതൽ റോംവരെയുള്ള അമേരിക്കൻ എംബസികൾ പിക്കറ്റ് ചെയ്യപ്പെട്ടു. വികസിത മുതലാളിത്ത രാജ്യങ്ങളിലെ അടിച്ചമർത്തപ്പെടുന്ന ജനങ്ങളിൽ ഇത് പുതിയൊരുണർവ്വ് സൃഷ്ടിച്ചു. ചരിത്രപ്രധാനമായ "വാൾസ്ട്രീറ്റ് പിടിച്ചടക്കൽ" സമരത്തിന്റെ ആവേശം അമേരിക്കക്കാരിലും ലോക ജനതയിലും നിലനിൽക്കുന്നുവെന്നും അധികാരികളുടെ ചെപ്പടിവിദ്യകൾക്കോ മധുര വാഗ്ദാനങ്ങൾക്കോ അവരെ കബളിപ്പിക്കാനാവില്ലെന്നും തെളിയിക്കുന്നതായിരുന്നു ഈ സംഭവവികാസങ്ങൾ. അധികാരം തലയ്ക്കുപിടിച്ച ട്രംപിന്റെ ചെയ്തികൾ സഹിക്കാൻ തയ്യാറല്ല എന്ന മനോഭാവമാണ് അവർ പ്രകടമാക്കിയത്.

### ജുഡീഷ്യറിയുമായുള്ള ഏറ്റുമുട്ടൽ

ജനങ്ങൾ മാത്രമല്ല, ജൂഡീഷ്യറിയും ട്രംപിന്റെ ഏകപക്ഷീയമായ യാത്രാ നിരോധന പ്രഖ്യാപനത്തെ എതിർത്തു. ബൂർഷ്വാ ജനാധിപത്യത്തിൽ സാപേക്ഷിക സ്വാതന്ത്ര്യമുണ്ടെന്ന് ബോദ്ധ്യപ്പെടുത്താൻ ബാദ്ധ്യസ്ഥമായ ജൂഡീഷ്യറിക്ക് ഇതു ചെയ്യാതെ തരമില്ലായിരുന്നു. വിഷയം വിശദമായ നിയമപരിശോധനകൾക്ക് മാറ്റിവച്ചുകൊണ്ട് രാജ്യമെമ്പാടും യാത്രാനിരോധനം സ്റ്റേ ചെയ്യാൻ സിയാറ്റിൽ ഫെഡറൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചു. വാഷിംഗ്ടൺ കോടതിയാകട്ടെ ട്രംപിന്റെ ഉത്തരവിന്മേൽ ദേശീയതലത്തിൽ ഇഞ്ചക്ഷൻ പുറപ്പെടുവിച്ചു. 16 സ്റ്റേറ്റുകളിലെ അറ്റോർണി ജനറൽമാർ സംയുക്തമായി ട്രംപിന്റെ ഉത്തരവിനെ അപലപിച്ചു. സിയാറ്റിൽ കോടതി ഉത്തരവിനെ "പരിഹാസ്യ" മെന്ന് വിശേഷിപ്പിച്ച ട്രംപ് "അത് മറികടക്കുമെന്ന്" മുന്നറിയിപ്പും നൽകി! "ജഡ്ജിയെന്ന് പറയപ്പെടുന്ന ആൾ " എന്ന് വിശേഷിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയ ജസ്റ്റിസ് ജയിംസ് റോബർട്ടിനെ ട്രംപ് പരിഹസിക്കുകയും ചെയ്തു. ട്രംപിന്റെ നിർദ്ദേശപ്രകാരം ഒട്ടും താമസിയാതെ അമേരിക്കൻ ഗവൺമെന്റിന്റെ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് സ്റ്റേ ഒഴിവാക്കണമെന്നാവശ്യപ്പെടുന്ന അപ്പീലും സമർപ്പിച്ചു. എന്നാൽ, ജനകീയ പ്രതിഷേധം തിരിച്ചറിഞ്ഞ സാൻ ഫ്രാൻസിസ്കോയിലെ അപ്പീൽകോടതി അപ്പീൽ തള്ളുകയും ഗവൺമെന്റിന്റെയും പ്രതിഷേധക്കാരുടെയും പരാതികളിൽ വാദം കേൾക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇരു വിഭാഗത്തിന്റെയും വാദംകേട്ട കോടതി, ഉത്തരവിറക്കാൻ പ്രസിഡന്റിന് വിശേഷാവകാശമുണ്ടെന്ന സർക്കാർ വാദം തള്ളിക്കളഞ്ഞു. കോടതിയുത്തരവ് ഏകകണ്ഠമായിരുന്നു. ഇതുമൂലം സുപ്രീംകോടതിയെ സമീപിക്കാനുള്ള നീക്കത്തിൽനിന്ന് സർക്കാർ പിന്തിരിയുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. അനിഷേധ്യമായ ചരിത്രഗതിയിൽ മുതലാളിത്ത വ്യവസ്ഥ കാലഹരണപ്പെട്ടിരിക്കുന്നതിനാൽ ബൂർഷ്വാജനാധിപത്യ സംവിധാനത്തിനുണ്ടായിരിക്കുന്ന അപചയത്തിന്റെ പശ്ചാത്തലത്തിൽ വേണം സുപ്രധാനമായ ഈ സംഭവവികാസത്തിന്റെ പ്രത്യാഘാതങ്ങൾ വിലയിരുത്താൻ. ബൂർഷ്വാ ജനാധിപത്യത്തിന്റെ ഉപജ്ഞാതാക്കൾ നിയമനിർമ്മാണം, ഭരണനിർവ്വഹണം, നീതിന്യായം എന്ന മൂന്ന് വിഭാഗങ്ങളിലായി അധികാര വിഭജനം നടത്തിക്കൊണ്ട് പ്രഖ്യാപിച്ചത്, ഈ ഓരോ വിഭാഗവും സ്വതന്ത്ര്യമായി, സാപേക്ഷികമായ സ്വയംഭരണാവകാശത്തോടെ പ്രവർത്തിക്കുമ്പോൾ മാത്രമാണ് മുതലാളിത്ത സാമ്പത്തിക-രാഷ്ട്രീയ-സാമൂഹ്യ ചട്ടക്കൂടിനുള്ളിൽ രാഷ്ട്രീയ സ്വാതന്ത്ര്യം ഉറപ്പാക്കാൻ കഴിയുന്നത് എന്നത്രെ. ഇതിൽ ഏതെങ്കിലും വിഭാഗത്തിൽ അധികാരം കേന്ദ്രീകരിക്കപ്പെടുന്നില്ല എന്നുറപ്പാക്കാനുള്ള സന്തുലിത സംവിധാനങ്ങളും വ്യവസ്ഥകളും കൂടി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ഓരോ വിഭാഗത്തിന്റെയും സ്വതന്ത്രമായ പ്രവർത്തനത്തിൽ കൈകടത്തൽ ഉണ്ടാകുന്നില്ല എന്നും പരസ്പരം സ്വരച്ചേർച്ചയോടെ പ്രവർത്തിക്കുന്നുവെന്നും ഉറപ്പാക്കാനും ഇത്തരമൊരു സന്തുലനസംവിധാനം ആവശ്യമായിരുന്നു. എന്തായാലും, ഒരു ബൂർഷ്വാ ഭരണകൂട യന്ത്രത്തിന്റെ ഭാഗങ്ങൾ എന്ന നിലയിൽ ഈ മൂന്ന് ഘടകങ്ങളും എത്രതന്നെ സാപേക്ഷമായ സ്വാതന്ത്ര്യത്തോടെ പ്രവർത്തിച്ചാലും, ഒരു വർഗ്ഗവിഭജിത സമൂഹത്തിൽ ഇവയൊന്നും വർഗ്ഗാതീതമായല്ല നിലനിൽക്കുന്നത്. ഭരണമുതലാളി വർഗ്ഗത്തിന്റെ താൽപ്പര്യമാണ് എക്കാലവും അത് സംരക്ഷിക്കുന്നത്. മുതലാളിത്ത വ്യവസ്ഥ സാമ്രാജ്യത്വഘട്ടത്തിലെത്തി മരണാസന്നവും ജീർണ്ണവുമാകുന്നതോടെ അതിന്റെ ഉപരിഘടനയെന്ന നിലയിൽ ബൂർഷ്വാ ജനാധിപത്യവ്യവസ്ഥയുടെ അന്തസത്ത അതിവേഗം ചോർന്നുപോകുന്നു. സാമ്പത്തിക-രാഷ്ട്രീയാധികാരങ്ങളെല്ലാം സ്വന്തം കയ്യിൽ കേന്ദ്രീകരിച്ച് ഫാസിസം ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്ന ഭരണമുതലാളിവർഗ്ഗത്തിന്റെ ഒരു അനുബന്ധമായി അത് അധഃപതിക്കുന്നു. നിയമനിർമ്മാണസഭകൾ വെറുമൊരു പ്രദർശനവസ്തുവായി ചുരുങ്ങുകയും അധികാരമെല്ലാം ഭരണ നിർവ്വഹണ സംവിധാനത്തിൽ, അതായത് പ്രസിഡന്റ്, പ്രധാനമന്ത്രി, മന്ത്രിമാർ, ഉദ്യോഗസ്ഥപ്രമാണിമാർ, പോലീസ്, പട്ടാളം എന്നിവരടങ്ങുന്ന സംവിധാനത്തിൽ അധികമധികം കേന്ദ്രീകരിക്കപ്പെടുകയും ചെയ്യും. ബൂർഷ്വാ ഭരണഘടനപ്രകാരം നിയമവ്യവസ്ഥയുടെ സൂക്ഷിപ്പുകാരനും നിയമങ്ങളുടെ വ്യാഖ്യാതവുമാണ് നീതിന്യായ സംവിധാനം. എന്നാൽ ഇന്ന് ലോകത്തെവിടെയും, അത് പ്രസിഡൻഷ്യൽ രൂപത്തിലുള്ളതോ അല്ലാത്തതോ ആയ ഭരണമാകട്ടെ, ജുഡീഷ്യറിയുടെ സാപേക്ഷിക സ്വാതന്ത്ര്യത്തെ അടർത്തിമാറ്റി വിധേയത്വം പുലർത്തുന്ന ഒന്നാക്കി മാറ്റാനുള്ള ശ്രമമാണ് നടക്കുന്നത്. അതുകൊണ്ടുതന്നെ, അധികാരപരിധി സംബന്ധിച്ച് ഭരണനിർവ്വഹണ സംവിധാനവും ജുഡീഷ്യറിയും തമ്മിലുള്ള ഏറ്റുമുട്ടൽ ഇന്ന് തുടരെയുണ്ടാകുന്നു. മാത്രമല്ല, ജുഡീഷ്യറിയും ആത്യന്തികമായി മുതലാളിവർഗ്ഗ താൽപ്പര്യം സംരക്ഷിക്കാൻ ബാദ്ധ്യസ്ഥമാണെന്ന് പറഞ്ഞല്ലോ. ഏതെങ്കിലുമൊരു ഭരണനടപടി മുതലാളിവർഗ്ഗത്തിന്റെ ആകമാന താൽപ്പര്യത്തിനെതിരാകുന്നുവെന്നു കണ്ടാൽ ജുഡീഷ്യറിയുടെ ഇടപെടലിലൂടെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ ഭരണവർഗ്ഗം ശ്രമിക്കുന്നു. ട്രംപിന്റെ എന്തുംചെയ്യാമെന്ന ഭാവവും പ്രസിഡന്റ് സ്ഥാനത്തിനുംമേലെ സ്വയം ഉയർത്തിക്കാണിക്കാനുള്ള ശ്രമവും പരിധിവിടുന്നുവെന്നും ജനങ്ങളിൽ മുതലാളിത്ത വ്യവസ്ഥയോട് എതിർപ്പ് വളർത്താൻ ഇത് ഇടയാക്കുമെന്നുമുള്ള അമേരിക്കൻ മുതലാളിവർഗ്ഗത്തിന്റെ തിരിച്ചറിവാണ് അമേരിക്കയിലെ ഇപ്പോഴത്തെ നടപടികൾക്ക് കാരണമെന്നു വേണം മനസ്സിലാക്കാൻ. യാത്രാനിരോധനത്തിനെതിരായ കോടതി നടപടിക്കുകാരണമായത് ഈ കാഴ്ചപ്പാടാകാനാണ് എല്ലാ സാധ്യതയും. ഭരണമുതലാളിവർഗ്ഗത്തിന്റെ ഈ ഇടപെടൽ മനസ്സിലാക്കിയാണ് വിഷയം സുപ്രീംകോടതിക്ക് വിട്ടുകൊണ്ട് പിൻവലിയാൻ ട്രംപ് തയ്യാറായത്.

### വർഗ്ഗീയ-വംശീയ അതിപ്രസരം

യാത്രാ നിരോധനവുമായി ബന്ധപ്പെട്ട മറ്റൊരു വശംകൂടിയുണ്ട്. തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽ അമേരിക്കയിലെ കറുത്തവർഗ്ഗക്കാരെയും സ്പെയിൻകാരെയും സ്ത്രീകളെയും അമേരിക്കയ്ക്ക് അടുത്തയിടെയുണ്ടായ തളർച്ചയ്ക്ക് കാരണക്കാരായി അവതരിപ്പിക്കാൻ ട്രംപ് ആഗ്രഹിച്ച പലരാജ്യങ്ങളെയുമൊക്കെ പ്രതിസ്ഥാനത്ത് നിർത്തിയുള്ള വിമർശനങ്ങളാണ് ട്രംപ് നടത്തിയത്. മുസ്ലീംവിരുദ്ധ മനോഭാവം ഊട്ടിവളർത്തുന്നതിലും കാര്യമായ ശ്രദ്ധചെലുത്തി. തെരഞ്ഞെടുപ്പ് നടന്ന നവംബർമാസം മുതൽ വർണ്ണ വിവേചനത്തിന്റെയും പരദേശി സ്പർദ്ധയുടെയും പേരിലുള്ള കലാപങ്ങൾ വൻതോതിൽ വർദ്ധിച്ചിട്ടുണ്ടെന്നാണ് അമേരിക്കയിൽനിന്നുള്ള റിപ്പോർട്ടുകൾ പറയുന്നത്. ഇതിന് ആക്കംവർദ്ധിപ്പിച്ച് സാമൂഹ്യാന്തരീക്ഷം കൂടുതൽ വഷളാക്കാനാണ് യാത്രാനിരോധനം പ്രഖ്യാപിച്ചത്. അന്ധതയും മതഭ്രാന്തും വളരാൻ ഇതിടയാക്കും. മതമൗലികവാദികൾക്കും ഭീകരപ്രവർത്തകർക്കും ഇത് മുതൽകൂട്ടാകും. 'ഇസ്ലാമിനെ സംരക്ഷിക്കാനെന്ന'പേരിൽ പശ്ചിമേഷ്യയിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലും കൂട്ടക്കൊലകളും പൈശാചികകൃത്യങ്ങളും അരങ്ങേറ്റുന്നവരാണിവർ. കടുത്ത മുസ്ലീംവിരുദ്ധനടപടികൾ, ചില പശ്ചിമേഷ്യൻ രാജ്യങ്ങളിൽ അമേരിക്കൻ പൗരന്മാർക്ക് വിലക്കേർപ്പെടുത്തുന്ന തരത്തിൽ പ്രതികാരനടപടികൾക്കും ഇടയാക്കിയേക്കാം. അങ്ങനെ, പിരിമുറക്കവും സംശയവും സ്നേഹമില്ലായ്മയും വർഗ്ഗീയ ഭ്രാന്തും നിറഞ്ഞ ഒരു ആഗോള സാഹചര്യം സംജാതമാകും. എന്നാൽ, ട്രംപിന്റെ ഈ വർഗ്ഗീയനിലപാടുകൾക്കെതിരെ ലോകമെമ്പാടും പ്രതിഷേധമുയർന്നുവെന്നത് ആശ്വാസകരമാണ്. അമേരിക്കൻ മുസ്ലീങ്ങൾമാത്രമല്ല, മുസ്ലീങ്ങളല്ലാത്തവരും വെളുത്തവർഗ്ഗക്കാരുമൊക്കെ വംശീയവിദ്വേഷത്തിനെതിരെ മുന്നോട്ടുവന്നു. എന്തിനാണ് ട്രംപ് ഇങ്ങനെയൊക്കെ ചെയ്യുന്നത്? ബുദ്ധിഭ്രമമുള്ളതുകൊണ്ടാണോ? അല്ല. യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധതിരിക്കാൻ മാത്രമാണിത്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ വിനീതനായ രാഷ്ട്രീയകാര്യദർശിയെന്ന നിലയിൽ ഹീനമായൊരു മുതലാളിവർഗ്ഗപദ്ധതിയാണ് കൗശലപൂർവ്വം ട്രംപ് നടപ്പിലാക്കുന്നത്. അമേരിക്കയിലും പുറത്തുമുള്ള അദ്ധ്വാനിച്ചു ജീവിക്കുന്ന ജനങ്ങളെ വംശത്തിന്റെയും വർണ്ണത്തിന്റെയുമൊക്കെപേരിൽ ശാശ്വതമായി വിഭജിച്ചുനിർത്തുക എന്നതാണത്. സാമ്രാജ്യത്വവിരുദ്ധ, വിശേഷിച്ച് അമേരിക്കൻ സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾ കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്കിടയിൽ വളർന്നുവരുന്നത് തടയാനും ജനജീവിതത്തിലെ എല്ലാ ദുരിതങ്ങൾക്കും കാരണമായ സാമ്രാജ്യത്വ-മുതലാളിത്ത സംവിധാനത്തിനുനേരെ യാതൊരു ഭീഷണിയും ഉയരുന്നില്ല എന്നുറപ്പാക്കാനുമാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. മുസ്ലീങ്ങളിലെ രണ്ട് വിഭാഗങ്ങളായ ഷിയാകൾക്കും സുന്നികൾക്കുമിടയിൽ നിഷ്ക്രിയമായിരുന്ന വൈരം ആളിക്കത്തിച്ച് അവരെ ഭാതൃഹത്യയിലേയ്ക്ക് നയിക്കാൻ അമേരിക്കൻ സാമ്രാജ്യത്വവും കൂട്ടാളികളും കൊണ്ടുപിടിച്ച് ശ്രമിച്ചതും ഇതേ ഉദ്ദേശത്തോടെതന്നെയാണ്. ഇന്ന് പല പശ്ചിമേഷ്യൻ രാജ്യങ്ങളിലും അരങ്ങേറുന്ന പാതകങ്ങൾക്ക് കാരണവും ഇതുതന്നെ.

### കുടിയേറ്റവിരുദ്ധ വിദ്വേഷപ്രചാരണം

നിയമവിധേയമല്ലാത്ത കുടിയേറ്റക്കാരെ പൊടുന്നനെ തടഞ്ഞതും രാജ്യത്തുള്ളവരെ ഉടൻ നാടുകടത്താൻ തീരുമാനിച്ചതും അമേരിക്കയുടെയും മെക്സിക്കോയുടെയും അതിർത്തിയിൽ മതിൽകെട്ടി വേർതിരിച്ചുകൊണ്ട് കുടിയേറ്റക്കാരെ തടയാനുള്ള നീക്കവുമൊക്കെയാണ് ഇനി പരിശോധിക്കുന്നത്. നിയമവിരുദ്ധമായ കുടിയേറ്റം തടയാൻ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനെ ആരും എതിർക്കുന്നില്ല. എന്നാൽ മെക്സിക്കോയിൽനിന്ന് പതിറ്റാണ്ടുകളായി കുടിയേറ്റം നടക്കുന്നത് അമേരിക്കൻ ഭരണസംവിധാനത്തിന്റെ അറിവില്ലാതെയാണോ? അമേരിക്കൻ വ്യവസായികൾക്കും ബിസിനസ്സുകാർക്കും വിലകുറഞ്ഞ അദ്ധ്വാനശക്തി ഉറപ്പാക്കുകയെന്ന ഉദ്ദേശവും ഇതിന്റെ പിന്നിലുണ്ടായിരുന്നില്ലേ? ഇനി, അമേരിക്കയിലുള്ള കുടിയേറ്റക്കാർ മുഴുവനും നിയമവിരുദ്ധരാണോ? അങ്ങനെയാണെങ്കിൽതന്നെ അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസികൾ ഇത്രയും കാലം എന്തുചെയ്യുകയായിരുന്നു? എന്തുകൊണ്ടാണിതുവരെ അവരെ പുറത്താക്കാതിരുന്നത്? അമേരിക്കൻ കുത്തകകളും കോർപ്പറേറ്റുകളുമാണ് ഇതിന് തടസ്സം നിന്നതെന്നും അവരുടെ സ്വാർത്ഥതാൽപ്പര്യമാണ് അതിനുപിന്നിലെന്നും വ്യക്തമാണ്. ഈ മരണാസന്ന മുതലാളിത്തഘട്ടത്തിൽ എന്തെങ്കിലും വികസനം സാദ്ധ്യമായിട്ടുണ്ടെങ്കിൽ അതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചത് ഈ കുടിയേറ്റക്കാരാണ് എന്നാണ് വിലയിരുത്തപ്പെടുന്നത്. "രാജ്യത്തെ പല മഹത്തായ കണ്ടുപിടുത്തങ്ങളും നടത്തിയിട്ടുള്ളതും ചിരപ്രതിഷ്ഠമായ പല കമ്പനികളും സ്ഥാപിച്ചിട്ടുള്ളതും കുടിയേറ്റക്കാരാണ്... സ്വന്തമായതെല്ലാം ഉപേക്ഷിച്ച്, ഒരു പുതിയ ജീവിതം കെട്ടിപ്പടുക്കാനായി അജ്ഞാതമായ നാട്ടിലേയ്ക്ക് യാത്രതിരിക്കുന്നവർക്ക് പ്രതിബന്ധങ്ങളെ തരണംചെയ്ത് മുന്നേറാനുള്ള ഉൾപ്രേരണയും സർഗാത്മകതയും നിശ്ചയദാർഢ്യവും ചങ്കുറ്റവുമൊക്കെ ഉണ്ടാകും...അമേരിക്കൻ സമ്പദ്ഘടന അന്വേഷണാത്മകതയുടെയും അഭിവൃദ്ധിയുടെയും ചാലകശക്തിയായി ചരിത്രത്തിൽ വിരാജിക്കുന്നതിൽ ഇക്കൂട്ടർ അമേരിക്കൻ മണ്ണിലേയ്ക്ക് കൊണ്ടുവന്ന ഊർജ്ജം നിർണ്ണായകപങ്കുവഹിക്കുന്നു" വെന്ന് അമേരിക്കൻ സാങ്കേതികവിദ്യാരംഗത്ത് പ്രവർത്തിക്കുന്ന 100 പ്രമുഖകമ്പനികൾ സംയുക്തമായി ട്രംപിന്റെ യാത്രാനിരോധനത്തിനെതിരെ നൽകിയ സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയത് ഈ വസ്തുത അംഗീകരിച്ചുകൊണ്ടാണ്. ആപ്പിൾ, ഫേസ്ബുക്ക്, ഗൂഗിൾ, മൈക്രോസോഫ്റ്റ്, ഇന്റൽ, ഈബേ തുടങ്ങിയ വമ്പന്മാരൊക്കെ ഇതിൽ ഒപ്പുവച്ചിട്ടുണ്ട്. എന്നാൽ ട്രംപിന് ഒരു കുലുക്കവുമില്ല. കാരണം കുടിയേറ്റവിരുദ്ധ വിദ്വേഷപ്രചാരണംവഴി തൊഴിൽരഹിതരായ അമേരിക്കൻ യുവത്വത്തെ കബളിപ്പിക്കുകയും തൊഴിലില്ലായ്മയ്ക്ക് കാരണം പ്രതിസന്ധിഗ്രസ്തമായ മുതലാളിത്ത വ്യവസ്ഥയാണ് കുടിയേറ്റക്കാരല്ല എന്ന യാഥാർത്ഥ്യം അമേരിക്കക്കാരിൽനിന്ന് മറച്ചുവയ്ക്കുകയുമാണ് ട്രംപിന്റെ അടിയന്തര ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം കൂടിയുണ്ട്. എന്തുകൊ ണ്ടാണ് ലോകമെമ്പാടും കുടിയേറ്റ പ്രശ്നം സജീവചർച്ചാവിഷയമായിരിക്കുന്നത്? സ്വന്തം നാടുംവീടും വിട്ട് അന്യനാടുകളിൽ അഭയാർത്ഥികളായി കുടിയേറാനും മൃഗീയചൂഷണങ്ങൾക്ക് വിധേയരാകാനും ഇവരെ നിർബ്ബന്ധിതമാക്കുന്നതെന്താണ്? അമേരിക്കൻ ആജ്ഞകൾക്ക് വഴങ്ങാത്ത ഭരണകൂടങ്ങളെ കടപുഴക്കാൻ പ്രാദേശികവും ഭാഗികവുമായ യുദ്ധങ്ങൾ അഴിച്ചുവിടുന്ന അമേരിക്കയുടെ മേധാവിത്വനയങ്ങളാണ് നിരപരാധികളായ ജനങ്ങളെ ഒറ്റരാത്രികൊണ്ട് അഭയാർത്ഥികളാക്കി, തെണ്ടികളാക്കി പുറന്തള്ളിക്കൊണ്ടിരിക്കുന്നത്. അമേരിക്കൻ സാമ്രാജ്യത്വം തങ്ങളുടെ ഹീനമായ അജണ്ട പ്രകാരം ഊട്ടിവളർത്തിയതെന്ന് നിസ്സംശയം പറയാവുന്ന താലിബാൻ, അൽഖ്വെയ്ദ, ഐഎസ്ഐഎസ് മതമൗലികവാദി, തീവ്രവാദിഗ്രൂപ്പുകൾ നടത്തുന്ന അരുംകൊലകളും എണ്ണിയാലൊടുങ്ങാത്ത അക്രമങ്ങളും ഈ അഭയാർത്ഥിപ്രശ്നത്തിന് ആക്കംവർദ്ധിപ്പിക്കുന്നുമുണ്ട്. ഇക്കാര്യത്തിൽ മുതലാളിത്ത-സാമ്രാജ്യത്വക്യാമ്പിൽത്തന്നെ അഭിപ്രായവ്യത്യാസം ഉടലെടുത്തിട്ടുണ്ട്. ഒട്ടുമിക്ക യൂറോപ്യൻരാജ്യങ്ങളും അമേരിക്കയ്ക്കെതിരായ നിലപാടാണ് എടുത്തിട്ടുള്ളത്. അപ്പോൾ, അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ രാഷ്ട്രീയ കാര്യദർശിയായ ട്രംപിന്, അമേരിക്ക നേരിടുന്ന ദുഃസ്ഥിതിയ്ക്കും സാമ്പത്തിക പ്രതിസന്ധിക്കുമൊക്കെ കുടിയേറ്റക്കാരെ പഴിപറയാൻ എന്തവകാശമാണുള്ളത്? അമേരിക്കൻ പ്രസിഡന്റിന്റെ കുടിയേറ്റവിരുദ്ധ നിലപാട് അംഗീകരിക്കാൻ ജർമ്മനി, ആസ്ട്രേലിയ തുടങ്ങി പല രാജ്യങ്ങളും തയ്യാറായിട്ടില്ല. കുടിയേറ്റക്കാരുടെ വിലകുറഞ്ഞ അദ്ധ്വാനശേഷി ഉപയോഗപ്പെടുത്തുന്നതിനും അതേസമയംതന്നെ ലോകത്തിന്റെ മുമ്പാകെ ഒരു മാനുഷിക മുഖം പ്രദർശിപ്പിക്കുന്നതിനും അത് തടസ്സമാകും എന്നതുതന്നെ കാരണം. സാമ്രാജ്യത്വചേരിക്കുള്ളിലെ വൈരുദ്ധ്യത്തിന്റെ ഒരു ഉദാഹരണമാണിത്.

ഇവിടെയും അവസാനിച്ചില്ല കാര്യങ്ങൾ. ജനങ്ങളുടെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് 'ഒബാമ കെയർ' എന്ന പേരിൽ ഒരു നിയമം ആവിഷ്ക്കരിക്കാൻ മുൻപ്രസിഡന്റ് ഒബാമ നിർബന്ധിതനായിരുന്നു. എല്ലാ അമേരിക്കക്കാർക്കും താങ്ങാവുന്ന നിരക്കിൽ വൈദ്യശുശ്രൂഷ ലഭിക്കത്തക്കവണ്ണമാണ് ഇത് വിഭാ

(ശേഷം 13-ാം പേജിൽ)

# യുദ്ധക്കൊതിയനായ അമേരിക്ക സമാധാനത്തിന്റെ പ്രചാരകൻ ചമയുന്നു

(12-ാം പേജിൽ നിന്ന്)

വനചെയ്തിരുന്നത്. അപായകരമാംവിധം ഉയർന്നിരുന്ന ചികിത്സാചെലവിന് ഇത് ഒരു പരിധിവരെ ആശ്വാസകരമായിരുന്നു. ചികിത്സയെ അനന്തമായ ചൂഷണത്തിന്റെ മേഖലയാക്കി വീക്ഷിച്ച കുത്തകകൾക്ക് സന്തോഷം പകർന്നുകൊണ്ട് ഈ നിയമം പിൻവലിക്കുകയാണ് ട്രംപ് ആദ്യംതന്നെ ചെയ്തത്. ബാങ്കിംഗ് രംഗത്തും ഒബാമ ചില നിയമങ്ങൾകൊണ്ടുവന്നിരുന്നു. ഊഹക്കച്ചവടരംഗത്ത് ബാങ്കുകൾ പണം നിക്ഷേപിക്കുന്നതിലും തിരിച്ചടക്കാനുള്ള ശേഷിപരിഗണിക്കാതെ ഭവനവായ്പയും മറ്റും നൽകുന്നതിലുമൊക്കെ ചില നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതായിരുന്നു ഈ നിയമങ്ങൾ. 2008-ൽ അമേരിക്കയെ മാത്രമല്ല ലോകത്തെ ആകെ ബാധിച്ച സബ്പ്രൈം പ്രതിസന്ധികൾ പോലെയുള്ള അപകടങ്ങൾ ഒഴിവാക്കുകയായിരുന്നു ഇതിന്റെ പിന്നിലുള്ള ഉദ്ദേശം. ഇതും പിൻവലിക്കാൻ ട്രംപ് ഉത്തരവിട്ടു.

പരിസ്ഥിതി സംരക്ഷണത്തിനായി നടപ്പാക്കിയ ചില നിയമങ്ങളും പിൻവലിക്കുമെന്ന് ട്രംപ് പ്രഖ്യാപിച്ചു. വൈദ്യുതിനിലയങ്ങളിൽനിന്ന് പുറന്തള്ളുന്ന ചൂട് മുതലായവയുടെ കാര്യത്തിൽ ആദ്യമായി ഒരു മാനദണ്ഡം ഏർപ്പെടുത്തിയ പരിസ്ഥിതിസംരക്ഷണ ഏജൻസിയുടെ ക്ലീൻപവർ പ്ലാൻ, തീരക്കടലിലും ആർട്ടിക് സമുദ്രത്തിലും ഖനനം നിരോധിച്ച നടപടി, എണ്ണ, വാതക മേഖലകളിൽ നിലനിന്നിരുന്ന നിയന്ത്രണങ്ങൾ തുടങ്ങിയവയൊക്കെ ഇതിൽപെടും. സർക്കാർമേഖലയിൽ ജോലി ചെയ്യുന്ന ശാസ്ത്രജ്ഞരുടെയും ചില ശാസ്ത്രീയ ഗവേഷണ ഏജൻസികളുടെയുംമേൽ കർശനായ ചില നിബന്ധനകൾ അടിച്ചേൽപ്പിക്കുന്ന ഉത്തരവിലൂടെ ഈ വിഭാഗത്തെയും ട്രംപ് വല്ലാതെ പ്രകോപിപ്പിച്ചു. പരിസ്ഥിതി സംരക്ഷണ ഏജൻസിയുടെ വസ്തുതാപഠനങ്ങളും പത്രക്കുറിപ്പുകളും സമൂഹമാദ്ധ്യമങ്ങളിൽ അവതരിപ്പിച്ച കാര്യങ്ങളും ബ്ലോഗുകളുമൊക്കെ നീക്കം ചെയ്യാനും ട്രംപ് ഉത്തരവിട്ടു. ആഗോളതാപനത്തിന് ആക്കം വർദ്ധിപ്പിക്കുംവിധം കാർബൺ പുറന്തള്ളുന്നുണ്ടെന്നുള്ള ഗവേഷണങ്ങളും ഇതിൽപ്പെടുന്നു. അമേരിക്ക, സിംഗപ്പൂർ, ആസ്ട്രേലിയ, ന്യൂസിലാന്റ്, കാനഡ, മെക്സിക്കോ തുടങ്ങി 12 രാജ്യങ്ങൾ തമ്മിലുള്ള ട്രാൻസ് പസഫിക് പാർട്ണർഷിപ്പ് എന്ന ഉടമ്പടിയുംട്രംപ് റദ്ദാക്കി. സാമ്പത്തികബന്ധം ശക്തിപ്പെടുത്താനും ചുങ്കംകുറയ്ക്കാനും പരസ്പരവ്യാപാരം മെച്ചപ്പെടുത്താനുമൊക്കെയാണ് ഈ ഉടമ്പടി ഉണ്ടാക്കിയിരുന്നത്. ഈ രാജ്യങ്ങളെ ഉൾപ്പെടുത്തി, യൂറോപ്യൻ യൂണിയന്റെ മാതൃകയിൽ, ഒരു പൊതുകമ്പോളം വികസിപ്പിച്ചെടുക്കുക എന്നതായിരുന്നു ലക്ഷ്യം. നോർത്ത് അറ്റ്ലാന്റിക് ഫ്രീ ട്രേഡ് അസോസിയേഷൻ പോലുള്ള ചില കരാറുകളും റദ്ദാക്കുമെന്ന് ട്രംപ് പ്രഖ്യാപിക്കുകയുണ്ടായി.

### യുദ്ധക്കൊതിയനായ അമേരിക്ക സമാധാനത്തിന്റെ പ്രചാരകൻ ചമയുന്നു

വിദേശനയം സംബന്ധിച്ച് ട്രംപിന്റെ പ്രഖ്യാപനം ഇപ്രകാരമായിരുന്നു: "ശക്തിയിലൂടെ സമാധാനം എന്നതായിരിക്കും നയത്തിന്റെ കാതൽ"."കൂടുതൽ സന്തുലിതവും സമാധാനപരവും സംഘർഷംകുറഞ്ഞതും പൊതുതാൽപ്പര്യം ഏറിയതുമായ ഒരു ലോകം സൃഷ്ടിക്കാൻ ഈ തത്വം ഉപകാരപ്രദമാകും" "ശക്തിയിലൂടെ സമാധാനം" എന്നതാണ് ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം. സാമ്രാജ്യത്വ താൽപ്പര്യംപേറുന്ന അമേരിക്കൻ പ്രസിഡന്റുമാർ കാലാകാലങ്ങളിൽ അനുവർത്തിച്ചിട്ടുള്ള വിദേശനയം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ആഗോള ഗുണ്ടായിസം, തോക്കിൻ മുനചൂണ്ടി 'ജനാധിപത്യം' കയറ്റുമതിചെയ്യൽ, ആജ്ഞാനുവർത്തികളാകാൻ തയ്യാറാകാത്ത ഭരണകൂടങ്ങളെ അട്ടിമറിക്കൽ, പാവഭരണകൂടങ്ങളെ പ്രതിഷ്ഠിക്കൽ, രാഷ്ട്രങ്ങളെ പിടിച്ചടക്കാനോ വരുതിയിലാക്കാനോ വേണ്ടി നടത്തുന്ന യുദ്ധങ്ങൾ തുടങ്ങിയവയൊക്കെയാണ് അതിന്റെ സ്വഭാവം.

ഇപ്പോൾ ട്രംപ് ഈ നയം കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ ആഗ്രഹിക്കുന്നു. അങ്ങേയറ്റം സംശയാസ്പദമായ രണ്ടുകാര്യങ്ങളുടെ പേരിൽ ഇറാനെ ഇതിനകം പ്രതിസ്ഥാനത്ത് നിർത്തിക്കഴിഞ്ഞു ട്രംപ്. യാതൊരു പ്രകോപനവുമില്ലാതെ സൗദി അറേബ്യ നടത്തിയ ആക്രമണത്തെ ചെറുക്കുന്ന, പട്ടിണിയിലായ യെമനിലെ ഹൗതി പോരാളികൾക്ക് ഇറാൻ നൽകുന്ന പിന്തുണയാണ് ഒരു കാര്യം. ഐക്യരാഷ്ട്രസഭയുടെ അംഗീകാരത്തോടെ ഉണ്ടാക്കിയ ആണവക്കരാർ ലംഘിച്ചുകൊണ്ട് ഇറാൻ നടത്തിയതായി പറയപ്പെടുന്ന മീഡിയം റേഞ്ച് ബാലിസ്റ്റിക് മിസൈൽ പരീക്ഷണമാണ് രണ്ടാമത്തെക്കാര്യം. സദാംഹുസൈൻ കൂട്ടസംഹാരായുധങ്ങൾ കൈവശംവച്ചിരിക്കുന്നുവെന്നും ഇത് ലോകസമാധാനത്തിന് ഭീഷണിയാണെന്നുമുള്ള കപടന്യായമുന്നയിച്ചുകൊണ്ട് ഇറാക്കിന്റെ മേൽ അമേരിക്ക നടത്തിയ ആക്രമണത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ നീക്കം. അമേരിക്കയുടെ ആജ്ഞകൾ അനുസരിക്കുംവിധം ഇറാനെ വരുതിയിൽ നിർത്താനായി പുതിയ ഉപരോധങ്ങൾ ഇറാന്റെമേൽ അടിച്ചേൽപ്പിക്കാൻ ട്രംപ് ഭരണം തയ്യാറെടുക്കുന്നുവെന്ന് വേണം മനസ്സിലാക്കാൻ. പഴയ "ഇരുചൈന" നയം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ചൈനയെ പ്രകോപിപ്പിക്കുംവിധം തയ്വാൻ പ്രസിഡന്റുമായി ട്രംപ് ഫോൺ സംഭാഷണം നടത്തിക്കഴിഞ്ഞു.

അമേരിക്കയുടെയും സഖ്യശക്തികളുടെയും സൈന്യങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന സോഷ്യലിസ്റ്റ് ഉത്തരകൊറിയയ്ക്ക് പുതിയൊരു മുന്നറിയിപ്പും ട്രംപ് ഭരണം നൽകിക്കഴിഞ്ഞു. ആണവപദ്ധതിയുമായി മുന്നേറുന്നത് "ഫലപ്രദവും അപ്രതിരോധ്യവുമായ" പ്രതികരണത്തിനിടയാക്കുമെന്നാണ് ഭീഷണി. ചൈന, ഇറാൻ, മെക്സിക്കോ, ക്യൂബ, വെനസ്വേല എന്നീ രാജ്യങ്ങൾക്കുനേരെയും ട്രംപ് ഭീഷണി മുഴക്കിയിട്ടുണ്ട്. ചില പ്രമുഖ യുദ്ധക്കുറ്റവാളികളെതന്നെ നിർണ്ണായക സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ട്രംപിന്റെ അധികാര ആരോഹണത്തോടൊപ്പം യുദ്ധഭീതിയും വർദ്ധിച്ചിട്ടുണ്ട്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മേധാവിത്വമോഹങ്ങൾക്കും പദ്ധതികൾക്കും ഇണങ്ങുംവിധം മറ്റു രാജ്യങ്ങളുടെമേൽ യുദ്ധമഴിച്ചുവിടാനുള്ള സാദ്ധ്യതയും വർദ്ധിച്ചിരിക്കുകയാണ്.

### ആഗോളീകരണത്തിൽനിന്നുള്ള തിരിച്ചുപോക്ക്

വിലക്ഷണപ്രകൃതിയും ഇടുങ്ങിയമനസ്സിനുടമയും താന്തോന്നിയുമായ ഒരു ഒറ്റപ്പെട്ട വ്യക്തിയല്ല ട്രംപ്. അമേരിക്കൻ ഭരണമുതലാളിവർഗ്ഗത്തിന്റെ അടിയന്തരാവശ്യകതകൾ ഏറ്റവും നന്നായി നിറവേറ്റാൻ ലക്ഷ്യംവച്ചുള്ള ദൗത്യത്തിന്റെ നിർവ്വഹണമാണ് ട്രംപ് നടത്തുന്നത്. 1990 കളിൽ അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വശക്തികളാണ് ആഗോളീകരണത്തിന് തുടക്കംകുറിച്ചത്. കമ്പോളങ്ങൾ തുറന്നിടുക, ചുങ്കമതിലുകൾ ഇടിച്ച് നിരപ്പാക്കുക, സ്വതന്ത്രവ്യാപാരം ഉറപ്പാക്കുക, 'സാമ്പത്തികവളർച്ച' ത്വരിതപ്പെടുത്തുംവിധം മനുഷ്യശേഷിയുടെ സ്വതന്ത്രവിനിമയം ഉറപ്പാക്കുക തുടങ്ങിയ ആഹ്വാനങ്ങളൊക്കെ അന്ന് മുന്നോട്ടുവയ്ക്കപ്പെട്ടു. മനുഷ്യശേഷി യഥേഷ്ടം ഇറക്കുമതി ചെയ്യാനും പുറംജോലി കരാറിന്റെ വ്യവസ്ഥകൾ ഉദാരമാക്കാനും അന്ന് തീരുമാനിച്ചത് കുത്തകകൾക്കും കോർപ്പറേറ്റുകൾക്കുമൊക്കെ കുറഞ്ഞ വിലയ്ക്ക് അദ്ധ്വാനശേഷി ലഭ്യമാക്കാൻ വേണ്ടിയായിരുന്നു. അതോടൊപ്പം വികസ്വരരാജ്യങ്ങളുടെ കമ്പോളങ്ങൾ പിടിച്ചെടുക്കാനും ലക്ഷ്യംവച്ചിരുന്നു. മുതലാളിത്തത്തിന്റെ എല്ലാ വ്യാധികൾക്കും പരിഹാരമുണ്ടാക്കാൻ പോന്ന ഒറ്റമൂലിയായയാണ് ആഗോളീകരണം അവതരിപ്പിക്കപ്പെട്ടത്. അമേിക്കൻ സാമ്രാജ്യത്വം സ്വാഭാവികമായും ഈ നയം നടപ്പിലാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുകയും ചെയ്തു. സാമ്രാജ്യത്വഘട്ടത്തിലെത്തിയതോടെ മുതലാളിത്തം അപരിഹാര്യമായ പ്രതിസന്ധിയുടെ പിടിയിലകപ്പെട്ടിരിക്കുന്നത് അനിഷേദ്ധ്യമായ ചരിത്രഗതി പ്രകാരമാണ്. ദിനംചെല്ലുന്തോറും ഈ പ്രതിസന്ധി രൂക്ഷമാകുകയും ചെയ്യുന്നു. അതിന്റെ ആത്യന്തികപതനത്തിൽനിന്ന് മുതലാളിത്തത്തെ രക്ഷിക്കാൻ ഒരുമരുന്നിനും മുറിവൈദ്യത്തിനും വ്യവസ്ഥകൾക്കും അവ്യവസ്ഥകൾക്കുമാവില്ല. അതുകൊണ്ടുതന്നെ അമേരിക്കയും മറ്റ് സാമ്രാജ്യത്വശക്തികളും ആഗോളീകരണത്തിനും ഉദാരീകരണത്തിനുംപകരം ആഗോളീകരണവിരുദ്ധനയങ്ങളും യാഥാസ്ഥിതികത്വവും മുന്നോട്ടുവയ്ക്കുന്നു. മുതലാളിത്ത-സാമ്രാജ്യത്വത്തിന്റെ പ്രതിസന്ധി മണിക്കൂർതോറും രൂക്ഷമാകുന്നുവെന്ന, ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികനും എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽസെക്രട്ടറിയുമായ സഖാവ് ശിബ്ദാസ്ഘോഷിന്റെ അമൂല്യമായ വിശകലനം ഇവിടെ ഒരിക്കൽകൂടി ശരിവയ്ക്കപ്പെടുകയാണ്. ഒരു പ്രതിസന്ധിയിൽ നിന്നു മറികടക്കാനുള്ള അതിന്റെ ശ്രമം കൂടുതൽ വലിയ മറ്റൊരു പ്രതിസന്ധിയിൽ ചെന്നുപതിക്കാനിടയാക്കുന്നു. ഈ പ്രതിസന്ധിയിൽനിന്നും അതിന്റെ ഭാരം ജനങ്ങളുടെ ചുമലിൽ അടിച്ചേൽപ്പിച്ചതുവഴിയുണ്ടായ ദുരന്തങ്ങളിൽനിന്നും പുറത്തുകടക്കാൻ മുതലാളിത്ത-സാമ്രാജ്യത്വ വ്യവസ്ഥയ്ക്കാവില്ല.

**അമേരിക്കയിൽ ഒരു ദ്വികക്ഷി ജനാധിപത്യമാണ് നിലവിലുള്ളത്. ഭരണമുതലാളിവർഗ്ഗത്തിന്റെ രണ്ട് വിശ്വസ്ത പാർട്ടികളായ ഡെമോക്രാറ്റിക് പാർട്ടിയും റിപ്പബ്ലിക്കൻ പാർട്ടിയും ഇവിടെ മാറി മാറി അധികാരത്തിൽ വരുന്നു. പാർട്ടി രണ്ടാണെങ്കിലും വ്യവസ്ഥ ഒന്നുതന്നെ, മുതലാളിത്തം. രണ്ടിൽ ആരു ജയിച്ചാലും മുതലാളിവർഗ്ഗത്തിന് ജയവും ജനങ്ങൾക്ക് തോൽവിയുംതന്നെ ഫലം. തൊലിപ്പുറമെയുള്ള വ്യത്യാസങ്ങളേ അധികാരമാറ്റം വഴി സംഭവിക്കുന്നുള്ളൂ. അടിസ്ഥാനനയങ്ങൾ സാമ്രാജ്യത്വാനുകൂലവും ജനവിരുദ്ധവും തന്നെയായിരിക്കും.**

പരസ്പരം കമ്പോളങ്ങൾ തുറന്നുകൊടുക്കുക, ചുങ്കത്തിന്റെ മതിലുകൾ ഇടിച്ചുനിരത്തുക, അദ്ധ്വാനശക്തിയുടെ സ്വതന്ത്രവിനിമയം ഉറപ്പാക്കുക, പുറംജോലി കരാർവഴി ഉൽപ്പാദനചെലവ് കുറയ്ക്കുക, ബിസിനസ്സ് വർദ്ധിപ്പിക്കാൻ പ്രാദേശികമായ വ്യാപാരസഖ്യങ്ങൾ രൂപീകരിക്കുക തുടങ്ങിയ ആഗോളീകരണ നടപടികൾക്കുപകരം ഇപ്പോൾ സംരക്ഷിതവ്യാപാരത്തിലേയ്ക്ക് തിരിച്ചുപോകാനാണ് അമേരിക്ക ശ്രമിക്കുന്നത്. ഒരിക്കൽ സ്വയംമുൻകയ്യെടുത്ത് രൂപീകരിച്ച യൂറോപ്യൻ യൂണിയനിൽനിന്ന് പുറത്തുകടക്കാൻ ബ്രിട്ടണും മറ്റുചില രാജ്യങ്ങളും ശ്രമിക്കുന്നിനു സമാനമായ നടപടിയാണിത്. അങ്ങനെയാണ് 'അമേരിക്കനിസം' എന്ന മുദ്രാവാക്യം മുന്നോട്ടുവയ്ക്കപ്പെടുന്നത്. ഇത് ഒരിക്കൽ അമേരിക്ക മുന്നോട്ടുവച്ച ഉന്നതമായ രാഷ്ട്രീയചിന്താഗതിയല്ല. സമത്വം, സ്വാതന്ത്ര്യം, റിപ്പബ്ലിക് തുടങ്ങിയ ഉന്നതമായ ജനാധിപത്യതത്വങ്ങളുടെ അടിസ്ഥാനത്തിൽ 1776-ൽ തയ്യാറാക്കപ്പെട്ട, അമേരിക്കൻ ജനാധിപത്യ റിപ്പബ്ലിക്കിന്റെ രൂപീകരണത്തിന് അടിത്തറപാകിയ, അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനവുമായി ഇതിന് പുലബന്ധം പോലുമില്ല. ഭരണമുതലാളിവർഗ്ഗത്തിന്റെ പിന്തിരിപ്പൻ വർഗ്ഗതാൽപ്പര്യങ്ങൾക്കുപിന്നിൽ ജനങ്ങളെ തളച്ചിടാനുള്ള ഒരു തന്ത്രമെന്നനിലയിലാണ് ദേശീയത എന്ന സങ്കൽപ്പം അവതരിപ്പിക്കപ്പെടുന്നത്. വർഗ്ഗവിഭജിതമായ അമേരിക്കയിൽ 'അമേരിക്കനിസം' എന്ന ട്രംപിന്റെ ആഹ്വാനം ഈ നിഷേധാത്മക തന്ത്രത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

### ട്രംപിന്റെ കുത്തകാനുകൂല നയങ്ങൾ

ട്രംപിന്റെ ഉത്തരവുകളും നയപ്രഖ്യാപനങ്ങളും ശ്രദ്ധിച്ചാൽ വ്യക്തമാകുന്നത് ആഭ്യന്തര ഉൽപ്പാദനത്തെയും സ്വകാര്യസംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ്. എണ്ണ, ആയുധനിർമ്മാണം, സ്വകാര്യജയിൽ, അടിസ്ഥാനഘടന, നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം, ഇലക്ട്രിക് വാഹനങ്ങൾ, ടെലികോം, ഫാർമസ്യൂട്ടിക്കൽസ്, ബയോടെക്, റിയൽഎസ്റ്റേറ്റ് തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകുന്നു. മരണാസന്ന മുതലാളിത്ത ഘട്ടത്തിൽ പണപ്പെരുപ്പവും മാന്ദ്യവും ചേർന്നുണ്ടാകുന്ന 'സ്റ്റാഗ്ഫ്ലേഷൻ' എന്ന പ്രതിഭാസം ഒഴിവാക്കാനാവില്ലെങ്കിലും കുത്തകകൾക്ക് പ്രതീക്ഷ നൽകുന്നു.

ക്രൂഡ്ഓയിലിന് അന്താരാഷ്ട്രതലത്തിൽ വിലനിശ്ചയിക്കുന്നതിൽ പശ്ചിമേഷ്യയിലെ എണ്ണ ഉൽപ്പാദിപ്പിക്കുന്ന ഒപ്പെക്‌രാജ്യങ്ങൾക്കുള്ള മേധാവിത്വം മറികടക്കുന്നതിനുള്ള ശ്രമത്തിലാണ് അമേരിക്കൻ കുത്തകകൾ. വിദേശരാജ്യങ്ങളിലെ എണ്ണപ്പാടങ്ങൾ സൈനിക ഇടപെടലിലൂടെ പിടിച്ചെടുക്കാനുള്ള ശ്രമങ്ങളോടൊപ്പം അഭ്യന്തര എണ്ണയുടെ കരുതൽശേഖരം വർദ്ധിപ്പിക്കാനും ശ്രമമുണ്ട്. അതുകൊണ്ടാണ് പരിസരമലിനീകരണത്തിനും ഭൂഗർഭജലത്തിന്റെ മലിനീകരണത്തിനും മാരകമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യത്തിനുമൊക്കെ സാദ്ധ്യതയുള്ള ഈ രംഗത്ത് പരമാവധി ഉൽപ്പാദനം സാധ്യമാക്കത്തക്ക വണ്ണം നിലവിലുള്ള പരിസ്ഥിതി നിയമങ്ങൾ റദ്ദാക്കുന്നതും പരിസ്ഥിതി സംരക്ഷണ നടപടികൾ പിൻവലിക്കുന്നതുമെല്ലാം. എന്നാൽ ആരോഗ്യത്തിന് ഹാനികരമാകുന്നതടക്കമുള്ള എല്ലാ വൈതരണികളെയും മറികടക്കാൻ പോന്നതാണ് കുത്തകഭീമന്മാരുടെ പരമാവധി ലാഭമെന്ന ലക്ഷ്യം. അമേരിക്കൻ എണ്ണക്കുത്തകയായ എക്സോൺ മോബീലിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ആർ.ഡബ്ല്യു.ടില്ലേർസണെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് ആയി നിയമിച്ച ട്രംപിന്റെ നടപടിതന്നെ വ്യക്തമാക്കുന്നത് എണ്ണക്കുത്തകകളുടെ കാര്യത്തിൽ ചെലുത്തുന്ന താൽപ്പര്യമാണ്. ഫോസിൽ ഇന്ധനങ്ങൾക്ക് ട്രംപ് നൽകുന്ന പിന്തുണ, സൂര്യപ്രകാശം, കാറ്റ് തുടങ്ങിയവയിൽനിന്നുള്ള ക്ലീൻ എനർജിക്കുവേണ്ടി വാദിച്ച മുൻഗവൺമെന്റിന്റെ നിലപാടിൽനിന്നുള്ള നാടകീയമായ വ്യതിയാനമാണ്. അമേരിക്കൻ കുത്തകകൾക്ക് ആഹ്ലാദം പകരുന്നതും ജനതാൽപ്പര്യത്തിന് എതിരായിട്ടുള്ളതുമായ നിലപാടാണിത്. "സൈന്യത്തിനുണ്ടായ ശോഷണം പരിഹരിക്കണം", സൈന്യത്തെ വേർതിരിച്ചുനിർത്തുന്ന നയം ഉപേക്ഷിക്കണം",എല്ലാ അർത്ഥത്തിലും സൈന്യത്തെ പുഷ്ടിപ്പെടുത്തണം തുടങ്ങിയകാര്യങ്ങളൊക്കെ ട്രംപ് ആവർത്തിച്ച് പറയുന്ന കാര്യങ്ങളാണ്. എണ്ണയും യുദ്ധവും തമ്മിൽ കോടിക്കണക്കിന് ഡോളറിന്റെ പരസ്പരബന്ധമാണുള്ളത്. അമേരിക്ക നടത്തുന്ന ഓരോ യുദ്ധത്തിൽനിന്നും അമേരിക്കൻ എണ്ണകമ്പനികൾ വൻതോതിലുള്ള ലാഭമാണ് കൊയ്തെടുക്കുന്നത്. കാരണം മിലിട്ടറിയാണ് ഏറ്റവുമധികം എണ്ണവാങ്ങുന്ന ഉപഭോക്താവ്. ആഭ്യന്തരരംഗത്ത് എണ്ണ കുഴിച്ചെടുക്കാൻ കിട്ടുന്ന പുതിയ അവസരം ശരിക്കുമുതലാക്കാം എന്ന കണക്കുകൂട്ടലിലാണവർ. ലോകത്തെ പ്രമുഖ ആയുധക്കച്ചവടക്കാർക്കും, ട്രംപിന്റെ വിജയവും ഇടയ്ക്കിടെ മുഴക്കുന്ന യുദ്ധഭീഷണിയുമൊക്കെ, വലിയ പ്രതീക്ഷ നൽകുന്നുണ്ട്. അതായത്, വ്യവസായ-സൈനിക കൂട്ടുകെട്ട് അത്യുൽസാഹത്തിലാണ്. കുടിയേറ്റക്കാരെ ജയിലിലടയ്ക്കാൻ കിട്ടുന്ന അവസരമോർത്ത് സ്വകാര്യ ജയിൽവ്യവസായികളും സന്തോഷത്തിലാണ്. അടിസ്ഥാനഘടനാ രംഗത്തും റിയൽ എസ്റ്റേറ്റ് രംഗത്തും ട്രംപ് നൽകുന്ന ഊന്നലും വിദേശത്തുനിന്നുള്ള മത്സരക്കാരുടെമേൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനവുമൊക്കെ, ഗവൺമെന്റ് സഹായത്തോടെ വൻലാഭമുണ്ടാക്കമെന്ന പ്രതീക്ഷ അമേരിക്കൻ കൺസ്ട്രക്ഷൻ കമ്പനികൾക്കും നൽകുന്നുണ്ട്. വിദേശത്തുനിന്നുള്ള വിലകുറഞ്ഞ ഉരുക്കിനുപകരം ആഭ്യന്തരരംഗത്തെ വിലകൂടിയ ഉരുക്ക് ഉപയോഗിക്കണമെന്ന ട്രംപിന്റെ നിർദ്ദേശം ഈ അടിസ്ഥാനവ്യവസായത്തെ എവ്വിധവും രക്ഷിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതരത്തിലുള്ളതാണ്. അവസാനമായി, ഊഹക്കച്ചവട മേഖലയിലെ നിക്ഷേപത്തിന് അനുകൂലമാ

(ശേഷം 14-ാം പേജിൽ)

# വിദ്യാഭ്യാസ വായ്പ : ഐഎൻപിഎയുടെ ആഭിമുഖ്യത്തിൽ താലൂക്ക് ഓഫീസുകളിലേയ്ക്ക് മാർച്ചും ധർണ്ണയും

**വി**ദ്യാഭ്യാസ വായ്പയുടെ പേരിലുള്ള ജപ്തി നടപടികൾ നിർത്തി വെയ്ക്കുക, പലിശ ഇളവിനായി സർക്കാർ അനുവദിച്ച 2600 കോടി രൂപ വായ്പയെടുത്തവരുടെ പേരിൽ അക്കൗണ്ടിൽ വരവ് വയ്ക്കുക. വായ്പാ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്ത്യൻ നേഴ്സസ് പേരൻസ് അസോസിയേഷന്റെയും ജപ്തിവിരുദ്ധ ജനകീയ സമിതിയുടെയും നേതൃത്വത്തിൽ താലൂക്ക് ഓഫീസുകളിലേയ്ക്ക് മാർച്ചും ധർണ്ണയും നടത്തി.

### പത്തനാപുരം

**ഐ**എൻപിഎ സംസ്ഥാന വൈസ് പ്രസിഡന്റ് നന്ദൻ വലിയപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഒ.ജെ.ജേക്കബ്ബ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എസ്.രാഘവൻ, പ്രസിഡന്റ് സി.എം.ജോയി, താലൂക്ക് സെക്രട്ടറി എം.ഗോപകുമാർ, ജി ധ്രുവകുമാർ, പി.പി.പ്രശാന്ത്കുമാർ എന്നിവർ പ്രസംഗിച്ചു.

### കാട്ടാക്കട

**കാ**ട്ടാക്കട താലൂക്ക് ഓഫീസിനുമുന്നിൽ ഫെബ്രുവരി 27 ന് ധർണ്ണ നടത്തി. ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ (ഐഎൻപിഎ), വിദ്യാഭ്യാസ വായ്പ ജപ്തിവിരുദ്ധ ജനകീയ സമിതി എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിലാണ് ധർണ്ണ സംഘടിപ്പിച്ചത്. ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി ധർണ്ണ ഉദ്ഘാടനം ചെയ്തു.

താലൂക്ക് കൺവീനർ ഡി. ബാബു അദ്ധ്യക്ഷത വഹിച്ചു. ജി.ആർ.സുഭാഷ്, വടകര വാസുദേവൻ നായർ, സദാനന്ദൻ നായർ, എസ്.ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു. സ്ത്രീകളടക്കം നിരവധിപേർ ധർണ്ണയിൽ പങ്കെടുത്തു. വിദ്യാഭ്യാസ വായ്പ കുടിശകയുടെ പേരിലുള്ള എല്ലാ ജപ്തി നടപടികളും അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തഹസിൽദാർക്ക് നിവേദനവും സമർപ്പിച്ചു.

### പുനലൂർ

**ഐ**എൻപിഎയുടെയും ജപ്തിവിരുദ്ധ ജനകീയ സമിതിയുടെയും ആഭിമുഖ്യത്തിൽ പുനലൂർ താലൂക്ക് ഓഫീസിലേക്ക് മാർച്ചും ധർണ്ണയും നടന്നു. ജനകീയ പ്രതിരോധ സമിതി ജില്ലാ വൈസ് പ്രസിഡന്റ് നജീം എ.ഖാദർ ധർണ്ണ ഉദ്ഘാടനം ചെയ്തു. ഐഎൻപിഎ പുനലൂർ മേഖലാ പ്രസിഡന്റ് സി.ആർ.ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് സി.എം.ജോയി, സെക്രട്ടറി എസ്. രാഘവൻ, ജി. ധ്രുകുമാർ, പി.പി. പ്രശാന്ത്കുമാർ, എസ്. രാജേന്ദ്രൻ, ഒ.ജെ. ജേക്കബ്, ശശിധരൻ പുത്തൂർ, രാജുമാത്യു, ഉഷ എന്നിവർ പ്രസംഗിച്ചു. മാർക്കറ്റ് ജംഗ്ഷനിൽ നിന്നും ആരംഭിച്ച പ്രകടനത്തിന് ഇ. കുഞ്ഞുമോൻ, വി.എസ്. ജോൺ, മത്തായിക്കുട്ടി, അന്നമ്മ കുഞ്ഞുമോൻ എന്നിവർ നേതൃത്വം നൽകി. ⬢



പത്തനാപുരം താലൂക്ക് ഓഫീസ് മാർച്ച്



കാട്ടാക്കട താലൂക്ക് ഓഫീസ് മാർച്ച്

# ജനവാസകേന്ദ്രങ്ങളിൽ മദ്യശാലകൾ സ്ഥാപിക്കാനുള്ള നീക്കം ചെറുക്കുക

**ജ**നവാസകേന്ദ്രങ്ങളിൽ പോലീസ് സഹായത്തോടെ ബിവറേജസ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കാനുള്ള നീക്കത്തിൽനിന്നും സർക്കാർ പിൻമാറണമെന്ന് അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാനകമ്മിറ്റി ആവശ്യപ്പെട്ടു. ഹൈവേകളുടെ ഓരത്തുള്ള മദ്യശാലകൾ അടച്ചുപൂട്ടുവാനുള്ള സുപ്രീംകോടതിയുടെ വിധിയുടെ പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ ഈ നീക്കം നടത്തുന്നത്. മദ്യശാലകൾ മാറ്റിസ്ഥാപിക്കുക എന്നല്ല അടച്ചുപൂട്ടുക എന്നതാണ് കോടതി വിധി. കേരളത്തിലെ 136 മദ്യശാലകളിൽ 30ൽ താഴെയെണ്ണം മാത്രമേ മാറ്റിസ്ഥാപിക്കാനായുള്ളൂ എന്ന് ബിവറേജസ് കോർപ്പറേഷൻ സമ്മതിച്ചിരിക്കുന്നു. കേരളത്തിലുടനീളം ജനങ്ങൾ സ്വയം സംഘടിച്ച് മദ്യശാലകൾക്കെതിരെ അണിനിരന്നിരിക്കുന്നത് ജനങ്ങൾക്ക് മദ്യശാലകൾ വേണ്ട എന്നതുകൊണ്ടാണ്. സ്കൂളെന്നോ ആശുപത്രിയെന്നോ ജനവാസകേന്ദ്രങ്ങളെന്നോ പരിഗണിക്കാതെയാണ് സ്ഥലനിർണ്ണയം നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങൾക്കുവേണ്ടാത്ത മദ്യഷാപ്പുകൾ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാനുള്ള നീക്കം അപലപനീയമാണ്. മദ്യശാലകൾ കൂടിയേ കഴിയൂ എന്ന വാശി ആരുടെ താൽപര്യം സംരക്ഷിക്കാനാണ്?

അടച്ചുപൂട്ടിയ ബാറുകൾ ടൂറിസത്തിന്റെ മറവിൽ തുറക്കാനുള്ള നീക്കം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ബാറുകൾ അടച്ചുപൂട്ടപ്പെട്ടിരിക്കുന്നു എന്നതുമൂലം ടൂറിസ്റ്റുകളുടെ എണ്ണം കുറയുന്നു എന്നാണ് വകുപ്പുമന്ത്രി പറയുന്നത്. ടൂറിസ്റ്റുകൾ മദ്യപാനം ലാക്കാക്കി വരുന്നവരാണ് എന്നതു ശരിയല്ല. അഥവാ അങ്ങനെ വരുന്നവരുണ്ടെങ്കിൽ അത്തരക്കാർ വരേണ്ടതില്ല എന്ന നിലപാടായിരിക്കണം ഒരു സർക്കാർ സ്വീകരിക്കേണ്ടത്. വനിതാസഞ്ചാരികൾക്കുനേരെ കേരളത്തിൽ നടക്കുന്ന ആക്രമണങ്ങളും നോട്ടുനിരോധനവും സഞ്ചാരികളുടെ എണ്ണം ഗണ്യമായി കുറയാൻ കാരണമായിട്ടുണ്ട്. എന്നാൽ അതെല്ലാം മദ്യത്തിന്റെ പട്ടികയിൽ പെടുത്താനുള്ള നീക്കമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

മദ്യത്തിന്റെ കെടുതികളും കേരളം അഭിമുഖീകരിക്കുന്ന സാംസ്കാരിക തകർച്ചയുടെ ആഴവും ഭരണാധികാരികളെ തെല്ലും അസ്വസ്ഥതപ്പെടുത്തുന്നില്ല എന്നതും ആശങ്കാജനകമാണ്. ജനങ്ങളുടെ പ്രതിഷേധങ്ങളെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തി മദ്യശാലകൾ സ്ഥാപിക്കാനുള്ള നീക്കത്തെ എവ്വിധവും ചെറുത്തുപരാജയപ്പെടുത്താൻ കക്ഷിഭേദമന്യേ ഒരുമിക്കാൻ ഏവരോടും അഭ്യർത്ഥിക്കുന്നു. ⬢

# വല്ലാർപാടം പോലീസ് അതിക്രമം: ജൂഡീഷ്യൽ അന്വേഷണം വേണം – ജനകീയ കൂട്ടായ്മ

**വ**ല്ലാർപാടത്ത് ബാലികയെ പീഡിപ്പിച്ച പ്രതിയെ അറസ്റ്റു ചെയ്യാത്തതിനെതിരെ ജനകീയ സമരസമിതി നടത്തിയ പ്രതിഷേധത്തിനുനേരെയുണ്ടായ പോലീസ് അതിക്രമത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ജനകീയപ്രതിരോധ സമിതി ജനകീയ കൂട്ടായ്മ സംഘടിപ്പിച്ചു. ഹൈക്കോടതി ജംഗ്ഷനിൽ നടന്ന കൂട്ടായ്മ ജില്ലാ പ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു.

“സംഭവം പുറത്തറിഞ്ഞതിന് ശേഷം 18 ദിവസം കഴിഞ്ഞിട്ടും പ്രതിയെ അറസ്റ്റുചെയ്യാൻ തയ്യാറാവാത്ത സാഹചര്യത്തിൽ ജനങ്ങൾ നടത്തിയ പ്രതിഷേധത്തെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താൻ നടത്തിയ ശ്രമം പ്രതിഷേധകരമാണെന്ന് അദ്ദേഹം പറഞ്ഞു. കുഞ്ഞുകുട്ടികൾക്കുപോലും സുരക്ഷിതമല്ലാത്ത നാടായി കേരളം മാറുന്നത് ദൗർഭാഗ്യകരമാണ്. പ്രതികളെ ചൂണ്ടിക്കാണിച്ചുകൊടുത്താൽപോലും നടപടിയെടുക്കാൻ ഭരണാധികാരികൾ തയ്യാറാകാതിരിക്കുന്നത് ഇത്തരം സംഭവങ്ങളെ പ്രോത്സാഹിപ്പിക്കലാണ്. നിലനിൽക്കുന്ന നിയമങ്ങൾ പോലും നടപ്പിലാക്കാതെയും ജനകീയ പ്രതിഷേധത്തെ അടിച്ചമർത്തിയും സർക്കാർതന്നെ പ്രതിപട്ടികയിലാകുകയാണ് വല്ലാർപാടം സംഭവത്തിലൂടെ ഉണ്ടായിരിക്കുന്നത്”. സമരസമിതി നേതാക്കൾക്കെതിരെ ജാമ്യമില്ലാ വകുപ്പ് ചുമത്തി എടുത്തിരിക്കുന്ന കേസ്സ് പിൻവലിക്കണമെന്നും നാടിന് സ്വാഭാവികനീതി ഉറപ്പാക്കണ”മെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജില്ലാ സെക്രട്ടറി ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. അഡ്വ.ഷെറി ജെ.തോമസ്, ടി.കെ.സുധീർകുമാർ, കെ.റജികുമാർ, ഏലൂർഗോപിനാഥ്, പി.എം.ദിനേശൻ, അഡ്വ.പഞ്ഞിമല ബാലകൃഷ്ണൻ, കെ.കെ.ശോഭ, വല്ലാർപാടം ജനകീയ സമരസമിതി കൺവീനർ ടി.എം. ജോസഫ്, റുബീന ബെന്നി, ജോണി ജോസഫ്, കെ.പി.സാൽവിൻ, ജമാൽ മഞ്ഞുമ്മൽ, സ്റ്റാൻലി മുളവുകാട്, ആൻണി മുളവുകാട് തുടങ്ങിയവർ പ്രസംഗിച്ചു. ⬢


ജനകീയ കൂട്ടായ്മയിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ പ്രസംഗിക്കുന്നു


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER UNITY**

FORM IV (See Rule 8)

Place of Publication : Trivandrum
Periodicity of the Publication : Monthly
Printer's Name : C. K. Lukose
Nationality : Indian
Address : TC12/1242, Trivandrum Pin 695 035
Printer's Name, Nationality, Address : „
Editor's Name, Nationality, Address : „
Name and address of individuals who own the Newspaper or shareholder holding more than one percent of the total capital : KERALA STATE COMMITTEE, SOCIALIST UNITY CENTRE OF INDIA(COMMUNIST)
I, C. K. Lukose, hereby declare that the particulars given above are true to the best of my knowledge and belief

Sd/- C. K. Lukose
01. 03. 2017 Signature of Publisher

*Date of Posting 9 th & 10 th of every month at RMS, Trivandrum.*
*Date of publishing 01/03/2017*
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 43 No.12
Price : Rs 5.00
March 2017

# മഹത്തായ നവംബർ വിപ്ലവത്തിന്റെ ശതാബ്ദിയാചരണം

## പാലക്കാടും കണ്ണൂരും മാനവശക്തി ചരിത്രപ്രദർശനം



പാലക്കാട് സ്റ്റേഡിയം സ്റ്റാൻഡിൽ നടന്ന മാനവശക്തി പ്രദർശനം എസ്യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു



'സോഷ്യലിസവും ലോകസമാധാനവും' സെമിനാർ പാലക്കാട് സഖാവ് എം.ബി.രാജേഷ് എം.പി. ഉദ്ഘാടനം ചെയ്യുന്നു



'ഫാസിസത്തിനെതിരായ പോരാട്ടവും സോഷ്യലിസവും' ചർച്ച പാലക്കാട് ഡോ.പി.എസ്.പണിക്കർ ഉദ്ഘാടനം ചെയ്യുന്നു

**എ**സ്യുസിഐ(കമ്മ്യൂണിസ്റ്റ്) പാലക്കാട് ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ, ഫെബ്രുവരി 15,16,17 തീയതികളിൽ പാലക്കാട് സ്റ്റേഡിയം ബസ്സ്റ്റാന്റ് ഗ്രൗണ്ടിൽ മാനവശക്തി ചരിത്രപ്രദർശനം നടന്നു. ഫെബ്രുവരി 15 രാവിലെ 10.30 -ന് പാർട്ടി കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് പ്രദർശനം ഉദ്ഘാടനം ചെയ്തു. മാനവരാശിയുടെ മോചനത്തിന് സോഷ്യലിസം മാത്രമാണ് ഉപാധിയെന്ന് അദ്ദേഹം പറഞ്ഞു. പട്ടിണിയും ചൂഷണവുമില്ലാത്ത ലോകം സാധ്യമാണെന്ന് തെളിയിച്ച സോഷ്യലിസ്റ്റ് റഷ്യയെ അക്കാലത്ത് മഹാരഥന്മാർ അത്ഭുതാദരങ്ങളോടെയാണ് വീക്ഷിച്ചതെന്നും മാനവ സമൂഹത്തിന്റെ ഗതി മാറ്റിയ റഷ്യൻ വിപ്ലവം ലോകമെങ്ങുമുള്ള തൊഴിലാളി വർഗ്ഗത്തിന്റെ മോചനപ്പോരാട്ടത്തിന് ആവേശദായകമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അന്ന് വൈകിട്ട് 6 മണിക്ക്, 'നവംബർവിപ്ലവപാഠങ്ങളുടെ ആനുകാലികപ്രസക്തി' എന്ന വിഷയത്തിൽ ചർച്ചാസമ്മേളനം നടന്നു. പാർട്ടി സംസ്ഥാനസെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ ചർച്ച ഉദ്ഘാടനം ചെയ്തു. ജില്ലാക്കമ്മിറ്റിയംഗം സഖാവ് കെ.എം. ബീവി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനസെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺജോസഫ്, സംസ്ഥാനകമ്മിറ്റിയംഗം സഖാവ് എ.ശേഖർ എന്നിവർ പ്രസംഗിച്ചു. ഫെബ്രുവരി 16 വൈകിട്ട് 6 മണിക്ക്, 'സോഷ്യലിസവും ലോകസമാധാനവും' എന്ന വിഷയത്തിൽ നടന്ന ചർച്ച സഖാവ് എം.ബി.രാജേഷ് എം.പി ഉദ്ഘാടനം ചെയ്തു. എസ്യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ അദ്ധ്യക്ഷത വഹിച്ചു. സിപിഐ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം സഖാവ് വി. ചാമുണ്ണി, ആർഎംപിഐ കേന്ദ്രകമ്മിറ്റിയംഗം സഖാവ് കെ.എസ്.ഹരിഹരൻ, തമിഴ്നാട്ടിലെ എസ്യുസിഐ(സി) സംഘാടകരിലൊരാളായ സഖാവ് വോൾട്ടയർ എന്നിവർ പ്രസംഗിച്ചു. ഫെബ്രുവരി 17-ന് വൈകിട്ട് 6 മണിക്ക്, 'ഫാസിസത്തിനെതിരായ പോരാട്ടവും സോഷ്യലിസവും' എന്ന വിഷയത്തിൽ നടന്ന ചർച്ച ചരിത്രാദ്ധ്യാപകനും കേരള സംസ്ഥാന ജനകീയപ്രതിരോധസമിതി ജില്ലാപ്രസിഡന്റുമായ ഡോ. പി.എസ്.പണിക്കർ ഉദ്ഘാടനം ചെയ്തു. എസ്യുസിഐ(സി) ജില്ലാസെക്രട്ടറി സഖാവ് കെ.അബ്ദുൾ അസീസ് അദ്ധ്യക്ഷത വഹിച്ചു. അഡ്വ.പി.ജയപാലമേനോൻ, റഷീദ് കണിച്ചേരി, മിനി കെ.ഫിലിപ്പ്, ഡോ.പി.എസ്.ബാബു എന്നിവർ പ്രസംഗിച്ചു.

തൊഴിലാളികൾ, വിദ്യാർത്ഥികൾ, യുവാക്കൾ, വനിതകൾ, രാഷ്ട്രീയ-സാമൂഹ്യപ്രവർത്തകർ എന്നിങ്ങനെ ജീവിതത്തിന്റെ നാനാതുറകളിൽപ്പെടുന്ന നൂറുകണക്കിനാളുകൾ പ്രദർശനം കാണുകയുണ്ടായി.

കണ്ണൂരിൽ മാർച്ച് 6,7,8 തീയതികളിൽ ടൗൺസ്ക്വയറിലാണ് മാനവശക്തി ചരിത്രപ്രദർശനം നടന്നത്.

മാർച്ച് 6 ന് രാവിലെ 10 മണിക്ക് എസ്യുസിഐ(സി) സംസ്ഥാനകമ്മിറ്റിയംഗം സഖാവ് എ.ശേഖർ പ്രദർശനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം പ്രഭാത് ജംഗ്ഷനിൽനിന്നും ടൗൺ സ്ക്വയറിലേയ്ക്ക് നടന്ന പ്രകടനത്തിന് സഖാക്കൾ പോൾ ടി.സാമുവൽ, അനൂപ് എരിമറ്റം അഡ്വ. പി.സി. വിവേക്, അഡ്വ.ഇ.സനൂപ്, എം.കെ. ജയരാജൻ തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി.



സ്റ്റാലിൻ അനുസ്മരണ സമ്മേളനം എസ്യുസിഐ(സി) ആന്ധ്ര-തെലുങ്കാന സംസ്ഥാന സെക്രട്ടറി സഖാവ് കെ. ശ്രീധർ കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുന്നു





മാനവശക്തി ചരിത്രപ്രദർശനത്തോടനുബന്ധിച്ച് കണ്ണൂർ നഗരത്തിൽ നടന്ന പ്രകടനം

തുടർന്ന് നടന്ന സ്റ്റാലിൻ അനുസ്മരണ സമ്മേളനം എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) സെൻട്രൽ സ്റ്റാഫും അന്ധ്ര-തെലുങ്കാന സംസ്ഥാന സെക്രട്ടറിയുമായ സഖാവ് കെ.ശ്രീധർ സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജെയ്സൺ ജോസഫ് പ്രസംഗിച്ചു.

മാർച്ച് 7 ന് വൈകിട്ട് മൂന്നുമണിക്ക് ജനകീയനേതാക്കളുടെ സംഗമം പ്രമുഖ സാമൂഹിക പ്രവർത്തകൻ അമ്പലത്തറ കുഞ്ഞികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡോ.ഡി.സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ മുഖ്യാതിഥിയായി.

വൈകിട്ട് 5 മണിക്ക് 'സോഷ്യലിസവും ലോകസമാധാനവും' എന്ന വിഷയത്തിലുള്ള സെമിനാറിൽ എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി.

വൈകിട്ട് 7.30 ന് 'ബെല്ലാർഡ് ഓഫ് എ സോൾജിയർ' എന്ന സിനിമയുടെ പ്രദർശനവും നടന്നു.

മാർച്ച് 8 ന് വൈകിട്ട് നടന്ന സമാപന സമ്മേളനത്തോടെ പ്രദർശനം സമാപിച്ചു.



കണ്ണൂരിൽ നവംബർ വിപ്ലവശതാബ്ദി ആചരണത്തോടനുബന്ധിച്ച് നടന്ന മാനവശക്തി പ്രദർശനം എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്യുന്നു.

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.